# കരയോഗ സൗഹൃദം

*സത്യം പരം ധീമഹീ*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം Pages 52

വാല്യം - 16 ലക്കം - 7 മിഥുനം - 1199 ജൂലൈ 2024

100 ERNAKULAM KARAYOGAM CENTENARY 1925-2025



## എറണാകുളം കരയോഗം 99-ാമത് വാർഷിക പൊതുയോഗത്തിൽ നിന്ന്











## എഡിറ്റോറിയൽ

# സാമൂഹ്യനീതി ഉറപ്പുവരുത്തുക

നമ്മുടെ രാജ്യത്ത് ഇന്ന് പല രാഷ്ട്രീയ പാർട്ടികളും പല സാമുദായിക സംഘടനകളും പലതരത്തിലുള്ള സർവ്വേകൾ നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണല്ലോ. സ്വാതന്ത്ര്യാനന്തരം ഭരണഘടന നിലവിൽ വന്നതു മുതൽ, പലപ്പോഴായി പല വിധത്തിലുള്ള സർവ്വേകളുടെയും പല കമ്മീഷൻ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ പലർക്കും പല വിധ ആനുകൂല്യങ്ങളും നല്കി വരുന്നുണ്ടല്ലോ. എന്നാൽ ഇങ്ങനെയുള്ളയാതൊരു വിധ ആനുകൂല്യങ്ങളും ലഭിക്കാത്ത ഒരു വിഭാഗവും ഈ രാജ്യത്തുണ്ട്. അവർ സംഘടിതരല്ലാത്തതുകൊണ്ടോ, എണ്ണത്തിൽ കുറവുള്ളവരായതുകൊണ്ടോ എന്തോ അവർക്കു വേണ്ടി ഒരു സർക്കാരും ഇന്നേ വരെ ഒരു സർവ്വേ നടത്തുകയോ, അവരുടെ ജീവിതനിലവാരം എന്തെന്നന്വേഷിക്കാനായി ഒരു കമ്മീഷനെ വെയ്ക്കുകയോ ചെയ്തതായി അറിവില്ല. ചിലർക്ക് നല്കുന്ന ആനുകൂല്യങ്ങളുടെ കാലാവധികൾ വീണ്ടും വീണ്ടും നീട്ടിക്കൊണ്ടേയിരിക്കുന്നു. മറ്റു ചിലർ ലഭിക്കുന്ന ആനുകൂല്യങ്ങൾക്കു പുറമേ പുതിയ ആനൂകൂല്യങ്ങൾക്കു വേണ്ടി മുറവിളി കൂട്ടിക്കൊണ്ടേയിരിക്കുന്നു. ആകെ കൂടി ജനങ്ങൾ ഇന്ന് പല തട്ടിലാണ്. ഒരു രാജ്യത്തെ ജനങ്ങളാണെങ്കിലും സർക്കാർ തന്നെ പല തരത്തിൽ അവരെ വിഭജിച്ചിരിക്കുന്നു. ഇത് ഒരു സ്വതന്ത്രജനാധിപത്യരാജ്യത്തിന് ഒട്ടും ഭൂഷണമല്ല. ഇങ്ങനെ ചില വിഭാഗങ്ങൾക്ക് മാത്രം പ്രത്യേക അവകാശാധികാരങ്ങൾ

# ഉള്ളടക്കം

വാല്യം 16 | ലക്കം 7 | ജൂലൈ 2024


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| സെക്രട്ടറിയുടെ പംക്തി | 5 |
| ബാലലോകം | 7 |
| വാസ്തു. | 8 |
| ക്ഷേത്രങ്ങളിലൂടെ. | 9 |
| കേരളത്തിന്റെ ശാക്തേയ പാരമ്പര്യം | 13 |
| ആരാണ് അമ്മ | 17 |
| അവരുടെ വഴികൾ അവരുടെ ശരികൾ | 19 |
| നമഃശിവായ | 23 |
| മഴക്കാല രോഗങ്ങൾ | 26 |
| *ദൃക്ക്ദൃശ്യ വിവേകം*( *14* ) | 28 |
| വ്യാധിക്ഷമത്വം | 35 |
| നവരാത്രി | 39 |
| കുറച്ച് ഉപദേശങ്ങൾ | 42 |
| അമ്മ | 47 |
| മാസഫലം | 48 |
| മാട്രിമോണിയൽ. | 49 |



## പത്രാധിപസമിതി

**ആലപ്പാട്ട് മുരളീധരൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

നല്കിക്കൊണ്ട് ഒരു രാജ്യത്തിന് എത്രകാലം മുന്നോട്ട് പോകാൻ കഴിയും. ഇതു തുടങ്ങിയിട്ട് എത്ര കാലമായി. 74 വർഷത്തിൽ കൂടുതലായി നിശബ്ദരായി എല്ലാം സഹിച്ച് നോക്കുകുത്തികളായി മാറി നില്ക്കുന്ന കുറെ മനുഷ്യരും ഇവിടെ ഉണ്ടെന്ന ചിന്ത എല്ലാവർക്കും ഉണ്ടാവണം.

കാലം മാറി, സോഷ്യൽ മീഡിയയുടെ ആഗമനത്തോടെ എല്ലാവർക്കും എല്ലാം വ്യക്തമായി മനസ്സിലാകുന്നുണ്ട്. പണ്ടത്തെ പോലെ പൊള്ളയായ വാഗ്ദാനങ്ങൾ കൊണ്ടോ ആവേശം കൊള്ളിക്കുന്ന വാക്ധോരണികൾ കൊണ്ടോ ഒന്നും ആളുകളെ കബളിപ്പിക്കാൻ സാധ്യമല്ല. ഇന്ന് ഇക്കാര്യങ്ങളിലെല്ലാം എല്ലാവരും ബോധവാന്മാരാണ്. ഭരണപക്ഷത്തും പ്രതിപക്ഷത്തുള്ളവരുടെ പ്രവർത്തികൾ ജനം നന്നായി വീക്ഷിക്കുന്നുണ്ട്, വിലയിരുത്തുന്നുണ്ട്. പണ്ടെപോലെ അന്ധമായ രാഷ്ട്രീയ അടിമത്വവും ഇന്ന് കുറവാണ്. അതിനാൽ തന്നെ ഇനി മേലിലെങ്കിലും ജനങ്ങളിൽ വിഭാഗീയത സൃഷ്ടിക്കുന്ന തരത്തിലുള്ള ഒരു നടപടിയും ഉണ്ടാകാതിരിന്നാൽ അതാണ് ഉത്തമമെന്ന് വിലയിരുത്തപ്പെടും. ഇത്രയും കാലം ജനങ്ങളെ പല തട്ടുകളിലാക്കി വിഭജിച്ച ആനുകൂല്യങ്ങൾ നല്കിയില്ലേ.? മതി അത് ഇവിടെ അവസാനിപ്പിക്കണം. ഇനി മുതൽ എല്ലാവരേയും തുല്യരായി കാണണം. ഒരു രാജ്യം ഒരു ജനത അവർക്കൊരു നീതി എന്നതായിരിക്കണം ഇനിയുള്ള ആപ്തവാക്യം. അതിനായി, എല്ലാവർക്കും വേണ്ടി, ഒരേ മാനദണ്ഡങ്ങൾക്കനുസൃതമായി ഒരു സർവ്വേ നടത്തണം. ഈ രാജ്യത്തു ജനിച്ച ഓരോ പൗരനും ഈ രാജ്യത്ത് ലഭിക്കേണ്ടത് തുല്യ പരിഗണനയാണ്.

ജാതിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിൽ ഇന്നുള്ള എല്ലാവേർതിരിവുകളും അവസാനിപ്പിക്കുന്നതിനുവേണ്ടിയുള്ളതായിരിക്കണം ആ സർവ്വേ. പോരാ വർഗ്ഗ താല്പര്യങ്ങളോ, ഭാഷാടിസ്ഥാനത്തിലുള്ള വേർതിരിവുകളോ ഒന്നും പ്രത്യേക പരിഗണനയ്ക്ക് പാത്രീഭൂതമാകരുത്. രാഷ്ട്രീയമായ വേർതിരിവുകളും ഉണ്ടായിക്കൂടാ. അതുപോലെതന്നെ എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണപ്രദേശങ്ങൾക്കും തുല്യപ്രാധാന്യവും പരിഗണനയും ആണ് ഉണ്ടാവേണ്ടത്. കൂടാതെ ജനപ്രതിനിധികൾക്കുള്ള ഫണ്ടും അവരത് വിനിയോഗിക്കുന്ന രീതിയിലും മാറ്റം വരുത്തേണ്ടതുണ്ട്. സർക്കാർ ഫണ്ട് ചിലവഴിക്കുന്നത് തുല്യമായി എല്ലാവർക്കും ഗുണം ലഭിക്കുന്ന വിധത്തിലായിരിക്കണം.

ഇനിയുമുണ്ട്; വിദ്യാഭ്യാസ സ്ഥാപനങ്ങളിലുള്ള പ്രവേശനത്തിനും തുല്യപരിഗണന തന്നെ എല്ലാ വിദ്യാർത്ഥികൾക്കും ലഭിക്കണം. സർക്കാർ ജോലിയുടെ കാര്യത്തിലായാലും പ്രമോഷന്റെ കാര്യത്തിലായാലും കഴിവ്, അതൊന്നു മാത്രമായിരിക്കണം മാനദണ്ഡം. ഒരു പുരോഗമനസമൂഹത്തിന്റെ കാഴ്ചപ്പാടും വീക്ഷണവും അത്തരത്തിലായിരിക്കണം. ഇടങ്ങിയ സ്വാർത്ഥ ചിന്താഗതികൾ എല്ലാം ദൂരെക്കളഞ്ഞ് ഒരു പരിഷ്കൃത സമൂഹമായി നമുക്ക് നവഭാരത സൃഷ്ടിക്കായി തോളോട് തോൾ ചേർന്ന് മുന്നേറാം. ഒരുമയോടെ ഒന്നായി ഒറ്റക്കെട്ടായി നിന്നു നമ്മുടെ രാജ്യത്തെ ഔന്നത്യത്തിന്റെ ഉത്തുംഗശൃംഗത്തിലെത്തിക്കാം.

എല്ലാ മേഖലകളിലും ആർക്കും പ്രത്യേക പരിഗണനകളില്ലാതെ ആരെയും ഒരിടത്തുനിന്നും മാറ്റി നിർത്തപ്പെടാതെ തുല്യ അവകാശാധികാരങ്ങളോടുകൂടിയ ഒരു പുതിയ ജനം സ്വയം ഉദയം കൊള്ളട്ടെ ഇവിടെ. അങ്ങനെ ലോകത്തിനു തന്നെ മാതൃകയായി തുല്യനീതിയോടയെും തുല്യഅവകാശങ്ങളോടെയും ജീവിക്കുന്ന ഒരു പുതിയ ജനതയുടെ രാഷ്ട്രമാകട്ടെ നമ്മുടെ ഭാരതം.

ജയ്ഹിന്ദ്

*****



# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

*പ്രിയ കരയോഗാംഗങ്ങളെ,*

**എ**റണാകുളം കരയോഗം 99-ാമത്തെ വാർഷിക പൊതുയോഗവും ബഡ്ജറ്റ് സമ്മേളനവും അതോടൊപ്പം 2024-28 വർഷത്തേയ്ക്ക് ഭരണസമിതിയിൽ ഒഴിവു വന്ന സ്ഥാനങ്ങളിലേയ്ക്ക് തിരഞ്ഞെടുപ്പും 23-6-2024 ഞായറാഴ്ച ടി.ഡി.എം. ഗംഗയിൽ കൂടിയ പൊതുയോഗത്തിൽ വച്ച് നടത്തപ്പെട്ടു. നമ്മേ സംബന്ധിച്ചിടത്തോളം ഈ വാർഷികപൊതുയോഗത്തിന് വളരെയധികം പ്രസക്തി ഉണ്ട് എന്നത് പറയേണ്ടതില്ലല്ലോ. 2025ൽ എറണാകുളം കരയോഗത്തിന്റെ ശതാബ്ദിയാഘോഷം വളരെ വിപുലമായി നടത്തുകയാണ് നമ്മുടെ ലക്ഷ്യം. അതുകൊണ്ട് ശതാബ്ദിസ്മാരകമായി പല പദ്ധതികളും മറ്റാഘോഷപരിപാടികളും നടത്തേണ്ടതുണ്ട്.

99-ാമത് വാർഷികപൊതുയോഗം വളരെ ദീർഘവീക്ഷണത്തോടു കൂടി തന്നെ ജീവകാരുണ്യപ്രവർത്തനങ്ങൾക്കും സാമൂഹ്യസേവനങ്ങൾക്കും പ്രാതിനിദ്ധ്യം കൊടുത്തുകൊണ്ട് വിപുലമായ പദ്ധതികൾക്കാണ് രൂപം നല്കിയിരിക്കുന്നത്.

1. 'വസുധൈവ കുടുംബകം' എന്ന സങ്കൽപത്തോടെ 200-500 ഏക്കർ സ്ഥലം കണ്ടെത്തി പ്രത്യേകമായി ഒരു ട്രസ്റ്റ് രൂപീകരിച്ചുകൊണ്ട് വാർദ്ധക്യകാലത്ത് ഒത്തൊരുമിച്ച് താമസിക്കുവാനും, അനാവശ്യമായ ജാതിമതചിന്തകൾക്ക് അതീതമായി, സാഹോദര്യഭാവത്തിൽ പരസ്പര സ്നേഹത്തോടേ 'The world is a family' എന്ന മഹത്തായ ആശയം ഉൾക്കൊണ്ട് ജീവിക്കുന്ന ഒരു ഗ്രാമം എന്നതാണ് ലക്ഷ്യം. അതിനു വേണ്ടിയുള്ള പ്രവർത്തനങ്ങളും ചിന്തകളും ഇന്നു മുതൽ നമ്മൾ ഓരോരുത്തരും ആരംഭിക്കണമെന്ന് വിനീതമായി ഓർമ്മപ്പെടുത്തുന്നു.

2. രണ്ടാമതായി എറണാകുളം കരയോഗത്തിന്റെ ചെറായിയിലുള്ള തൃക്കടക്കാപ്പിള്ളി എന്ന സ്ഥലത്ത് ചൈൽഡ് ഹോം (girls) തുടങ്ങുക എന്നുള്ളതാണ്. 18/36 കുട്ടികൾക്ക് താമസിക്കുക എന്ന ലക്ഷ്യത്തോടെ അവരെ സംരക്ഷിച്ച്, പഠിപ്പിച്ച്, ഉദ്യോഗം കണ്ടെത്തി, വിവാഹം കഴിപ്പിച്ച്, സ്വയം പര്യാപ്തതയിലെത്തിക്കുക എന്നതാണ് ഈ മഹത്തായ ആശയത്തിന്റെ ലക്ഷ്യം. ആയതിനുള്ള ശ്രമവും ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു.

3. അർബുദം, കിഡ്നി, ഹൃദയം, ഉദരസംബന്ധമായ രോഗങ്ങൾ എന്നിവയ്ക്കുള്ള ചികിത്സക്കോ ശസ്ത്രക്രിയയ്ക്കോ ശേഷം രോഗികൾക്ക് ഒരു ഫോളോ അപ്പ് /തുടർചികിത്സ വളരെയാവശ്യമാണ്. ഇത് ഇന്നത്തെ കാലത്ത് വളരെ ചിലവേറിയതും, സാധാരണക്കാരായ ജനങ്ങൾക്ക് സാമ്പത്തികമായ വലിയ ബാധ്യതയുമാണെന്ന് അറിയാമല്ലോ. അവർക്ക് ചികിത്സയും, പരിശോധനകളും, ആഹാരവും സൗജന്യമായി നല്കുക എന്ന ലക്ഷ്യത്തോടെ ഒരു സൗജന്യ ആതുരാലയം (cashless hospital) തുടങ്ങുക എന്നതാണ് അടുത്ത ലക്ഷ്യം.

മേൽപറഞ്ഞിട്ടുള്ള മൂന്ന് പദ്ധതികളും സമൂഹനന്മയെ ലക്ഷ്യമാക്കികൊണ്ട്, അശരണരും ആലംബഹീനരുമായവർക്കുവേണ്ടി ജീവകാരുണ്യസേവനപ്രവർത്തനങ്ങളുടെ വളരെ വിപുലമായ പുതിയ പടവുകൾ വെട്ടിത്തുറക്കുകയാണ് എറണാകുളം കരയോഗം

എന്ന കാര്യത്തിൽ സംശയമില്ല. എല്ലാവരുടേയും പ്രാർത്ഥനയും, അനുഗ്രഹവും, സഹകരണവും ഈ സ്വപ്ന പദ്ധതികൾക്ക് ഉണ്ടാകുമെന്ന് പ്രത്യാശിക്കുന്നു.

കരയോഗം അംഗങ്ങളുടെ കുടുംബത്തിന് (അച്ഛൻ, അമ്മ, ഭർത്താവ്, ഭാര്യ, മക്കൾ) ശതാബ്ദിയോടനുബന്ധിച്ച് അംഗത്വം എടുക്കുന്നതിന് പ്രത്യേക ആനുകൂല്യം നല്കുവാൻ പൊതുയോഗം തീരുമാനിച്ച വിവരം അംഗങ്ങളെ സസന്തോഷം അറിയിച്ചുകൊള്ളുന്നു.

എറണാകുളം കരയോഗത്തിന്റെ നിയമാവലിക്ക് വിധേയമായി നിലവിലുള്ള ആജീവനാഗംത്വഫീസായ 25000 രൂപ എന്നത് 15000 രൂപയായും അസ്സോസിയേറ്റ് അംഗത്തിന് 50000 രൂപ എന്നത് 35000 രൂപയായും 2024 ജൂലൈ മാസം 15-ാം തീയതി മുതൽ 2025 ഡിസംബർ 31 വരെ ഇളവ് നൽകികൊണ്ട് മെമ്പർഷിപ്പ് ക്യാമ്പയിൻ നടത്തുവാനാണ് പൊതുയോഗം തീരുമാനിച്ചിരിക്കുന്നത്. പ്രസ്തുത അംഗത്വമെടുക്കുന്നതിനുള്ള അപേക്ഷാഫോറം ജൂലൈ 15-ാം തീയതി മുതൽ കരയോഗം ഓഫീസിൽ നിന്നും ലഭിക്കുന്നതായിരിക്കും.

പ്രിയപ്പെട്ട കരയോഗം അംഗങ്ങളെ, പദ്ധതികളും പരിപാടികളും ആസൂത്രണം ചെയ്യുകയും പ്രഖ്യാപിക്കുകയും ചെയ്താൽ പോരാ, അത് നടപ്പിലാക്കുവാനുള്ള ഇച്ഛാശക്തിയും, ദൈവാനുഗ്രഹവും വേണം. അതോടൊപ്പം, വളരെ അത്യാവശ്യമായിട്ടുള്ളത് ധനസമാഹരണമാണ്. 99-ാമത് വാർഷിക പൊതുയോഗം ഇക്കാര്യത്തിൽ വളരെ ശക്തമായ ഒരു ചുവടുവയ്പ്പ് എടുത്തിട്ടുണ്ട് എന്ന് ഇതിനാൽ അറിയിക്കുന്നു.

ശതാബ്ദിയാഘോഷ ഫണ്ടിലേയ്ക്ക് അംഗങ്ങൾ നിയമാവലി 8(iii) അനുസരിച്ച് ഓരോ അംഗങ്ങളും 2000 രൂപ വീതം സംഭാവന നൽകണമെന്നും, ഒരു കുടുംബത്തിൽ മൂന്നോ അതിൽ കൂടുതലോ അംഗങ്ങൾ ഉണ്ടെങ്കിൽ, അവർ 5000 രൂപ മാത്രം നൽകിയാൽ മതിയെന്നും ഉള്ള വിവരം പ്രത്യേകമായി അംഗങ്ങളെ ഓർമ്മപ്പെടുത്തുന്നു.

പ്രിയപ്പെട്ട കരയോഗം അംഗങ്ങൾ ഈ ധനസമാഹരണ പദ്ധതിയിൽ സ്വമനസാലേ പൂർണ്ണമായി സഹകരിക്കണമെന്നും, കരയോഗത്തിന്റെ ശതാബ്ദി ആഘോഷത്തിൽ പങ്കെടുക്കണമെന്നും ഒരിക്കൽ കൂടി ഓർമ്മപ്പെടുത്തുന്നു.

ഹെറിറ്റേജ് കമ്മിറ്റിയുടെ പ്രതിമാസ ചർച്ച, മുസീരിസ് പൈതൃകത്തെക്കുറിച്ച് മുസീരിസ് പ്രൊജക്ട് ലിമിറ്റടിന്റെ മാനേജർ ഡോ. മിഥുൻ ശേഖർ 2024 ജൂലൈ 20 ശനിയാഴ്ച വൈകീട്ട് 5 മണിക്ക് ടി.ഡി. എം. ഹാളിൽ വച്ച് സംസാരിക്കുന്നു.

എറണാകുളം കരയോഗം സാംസ്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ അകായിലെ സംഗീതം 2024 ജൂലൈ 21 ഞായറാഴ്ച . ഡോ. ജയശങ്കർ പള്ളിപ്പുറത്തിന്റെ രാഗ, താള, ശ്രുതി, ലയ വൈഭവാവിഷ്ക്കാരം, ഒരു സംഗീതാഭിനയസമന്വയാവതരണം. ഏവർക്കും സ്വാഗതം.

എറണാകുളം കരയോഗത്തിന്റെ സഹകരണത്തോടെ നടത്തുന്ന ബീമിന്റെ പ്രതി മാസ പരിപാടിയിൽ 'അവാർഡ്' എന്ന മലയാള നാടകമാണ് ഈ മാസം. അവതരണം ലിറ്റിൽ എർത്ത് സ്ക്കൂൾ ഓഫ് തീയേറ്റർ മലപ്പുറം. 23-07-2024 ചൊവ്വാഴ്ച വൈകുന്നേരം 6.30ന് ടി.ഡി.എം. ഹാളിൽ ഏവർക്കും സ്വാഗതം.

എറണാകുളം കരയോഗം സാഹിതി യോഗത്തിന്റെ 2024 ജൂലൈ മാസം 28 ഞായറാഴ്ച വൈകിട്ട് 3.30 ടി.ഡി.എം. ഹാളിൽ. മലയാറ്റൂരിന്റെ വേരുകൾ. അവതരിപ്പിക്കുന്നത് ശ്രീമതി വിദ്വൽ പ്രഭ. ഏവർക്കും സ്വാഗതം.

കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്,

ജനറൽ സെക്രട്ടറി

*****



# ബാലലോകം

പറവൂർ രാജഗോപാൽ (ഫോൺ: 9847291483)

## ഈശ്വരന്റെ പ്രവൃത്തി

*പ്രിയപ്പെട്ട കൂട്ടുകാരേ,*

സുഖം? സുഖം!

ഈശ്വരന്റെ പ്രവൃത്തിയെക്കുറിച്ച് ഒരു കഥ പറയട്ടെ പറയാം ഇല്ലേ കേട്ടോളൂ. വായിച്ചോളൂ. നട്ടുച്ച പൊരിവെയിൽ. ഒരു വഴിപോക്കൻ നടന്ന് അവശനായി വലിയൊരു പേരാൽമരച്ചോട്ടിലെത്തി. ഒറ്റ മരക്കാടു പോലെ ആ വൃക്ഷം ആ പ്രദേശം മുഴുവൻ വ്യാപിച്ചു നിന്നു. നീലപ്പച്ചയായ അതിന്റെ ഇലകളിൽ സൂര്യരശ്മി തട്ടിയപ്പോൾ പ്രത്യേകമായ ഒരു ശോഭ ഉളവായി.

അതിന്റെ ചുവട്ടിൽ മേൽ മുണ്ടുവിരിച്ച് മുകളിലേക്കു നോക്കി ആ വഴിപോക്കൻ കിടന്നു. അയാൾക്ക് നല്ല രസവും സുഖവും തോന്നി.

ആലിന്റെ പച്ചച്ചില്ലകളിലാകെ ചെപ്പടി പന്തുകൾ പോലെ പഴുത്തതും പച്ചയുമായ കായ്കൾ പറ്റിപ്പിടിച്ചിരുന്നു. വെയിലിൽ നിന്ന് രക്ഷകിട്ടാനായി അനേകം പക്ഷികൾ അതിന്മേൽ വന്ന് ഇരുന്നിരുന്നു.

വഴിപോക്കന് രസം തോന്നിയെങ്കിലും ആലിന്റെ ചെറിയ കായ് കണ്ടപ്പോൾ അയാൾ മന്ദസ്വരത്തിൽ ഈ വിധം നീരസം പ്രകടിപ്പിച്ചു.

ഔചിത്യമില്ലാത്തതാണ് ഈശ്വരന്റെ ഈ പണി ഈ മരം എത്രയോ വലുത്. ഇതിന്റെ കായോ ഇത്തിരി മാത്രം അതേ സമയം നിവർന്നു നിൽക്കാൻ കെൽപ്പില്ലാത്ത നിലത്തിഴയുന്ന വിരലോളം വണ്ണമുള്ള ഇളവനിൽ ഉണ്ടാകുന്നത് വലിപ്പമുള്ള കായും.

ഈ സമയം ആലിൽ നിന്ന് ഒരു പഴുത്ത കായ വഴിപോക്കന്റെ നെറ്റിമേൽ വീണു. അയാൾ ഞെട്ടിപ്പോയി. നിസ്സാരമായെങ്കിലും വേദനിപ്പിക്കുകയും ചെയ്തു.

പൊടുന്നനേ അയാൾ പറഞ്ഞു പോയി.

ഉദ്ദേശ്യമുള്ളതു തന്നെ സർവ്വേശ്വരന്റെ ഓരോ പ്രവൃത്തിയും. ഈ കായയ്ക്ക് ഇളവന്നോളം വലുപ്പമുണ്ടായിരുന്നെങ്കിൽ എന്റെ സ്ഥിതി എന്താകുമായിരുന്നു.

കഥ ഇഷ്ടമായോ? കൂട്ടുകാർ കഥകൾ കേൾക്കുകയും വായിക്കുകയുമൊക്കെ വേണം. അപ്പോൾ നിങ്ങൾ കഥയുള്ളവരാകാം.

ലോകം എത്ര മാറിയാലും, കാലം എത്ര സങ്കീർണ്ണമായാലും മനുഷ്യമനസ്സിനും ഭാവനയ്ക്കും കൈവരിക്കാനുള്ളത് അപാരമായ ഉയരവും ആഴവുമാണെന്ന ബോധം കൊച്ചു കൂട്ടുകാർ മനസ്സിലാക്കണം. നാം എല്ലാവരും ഒന്നാണെന്നും ഒരേ ലക്ഷ്യത്തിലേക്ക് ഒരേ ദിശയിലൂടെ യാത്രആരംഭിക്കുന്നവരാണെന്നും നമുക്ക് ബോധം വേണം.

മക്കൾ വായന വളർത്തണം. പുരാണേതിഹാസങ്ങൾ അറിയണം. ഗീതയും നാരായണീയവുമൊക്കെ മനസ്സിലാക്കണം. പുരാണങ്ങൾ വായിച്ചു പഠിക്കണം. അത് ഇല്ലാത്തതുകൊണ്ട് നമുക്ക് നഷ്ടമായത് നല്ല ഭാഷയാണ്.

വിഭക്തിയെ വിശുദ്ധമായ ഭക്തിയിലൂടെ ശുദ്ധമാക്കിയെടുക്കുകയാണ് മേൽപ്പത്തൂർ ചെയ്തത്. ശ്രീമദ്ഭാഗവതമെന്നപാൽ സമുദ്രത്തിൽ ജീവിത ദുഖങ്ങളുടെ പുളിപ്പുകലർന്നപ്പോൾ അത് തൈർ സമുദ്രമായി. ഇതിനെവിഭക്തിയാകുന്ന കടകോൽ കൊണ്ട് കടഞ്ഞെടുത്തപ്പോൾ കണ്ണനാമുണ്ണിക്ക് നിവേദിക്കാനുള്ള നറുനവനീതമുണ്ടായി. അത് നാരായണീയമായി.

ആ നറുനവനീതത്തെ നാരായണനുള്ള സമർപ്പണമായി നൽകുകയാണ് ഇന്നും ആയിരക്കണക്കിന് വരുന്ന ഭക്തജനങ്ങൾ

നാരായണീയം ആരംഭിക്കുന്നത് സാന്ദ്രാനന്ദം എന്ന പദത്തോടുകൂടിയും അവസാനിക്കുന്നത് പരമാനന്ദ ശബ്ദത്തോടുകൂടിയുമാണ്

മക്കൾ നാരായണീയം ഹൃദിസ്ഥമാക്കണം.

പ്രജകളുടെ പാപം രാജാവനുഭവിക്കും എന്നാണ്. അതുപോലെ രാജാവിന്റെ പാപഫലം പുരോഹിതനും പത്നി പാപം ചെയ്താൽ ഭർത്താവും അനുഭവിക്കും. ശിഷ്യന്റെ പിടിപ്പുകേടിന്റെ കഷ്ടത ഗുരുവും അനുഭവിക്കുമെന്ന് ചാണക്യശാസ്ത്രം പറയുന്നു. ഗുരുക്കന്മാരുടെ പിടിപ്പുള്ള ശിഷ്യന്മാരായി ബാലലോകം കൂട്ടുകാർ വളർന്നുവരണം

ചിലത് മനസ്സിലാക്കിക്കൊള്ളൂ.

വേദവ്യാസന്റെ പുത്രൻ പാണ്ഡു. പാണ്ഡുവിന്റെ മധ്യമപുത്രൻ അർജ്ജുനൻ. അർജ്ജുനന്റെ പുത്രൻ അഭിമന്യൂ. അഭിമന്യുവിൻെറ പുത്രൻ പരീക്ഷിത്ത്. പരീക്ഷിത്തിന്റെ പുത്രൻ ജനമേജയൻ.

വായന വേണ്ടെന്നു വെയ്ക്കല്ലേ.

വായനയും ചിന്തയും നിങ്ങളെ പല കഥകളിലേക്കും പുതുപുത്തൻ അറിവു കളിലേക്കും കൊണ്ടെത്തിക്കും.

നാട്ടിൽ പാർക്കുമ്പോൾ കാട് സുന്ദരം. അല്ലേ. വാസ്തവത്തിൽ കാട് എന്നതു തന്നെ ഒരു നാട്ടനുഭവമാണ്. നാട്ടിൽ നിന്നാൽ കാണുന്നതാണ് കാട്. നാട്ടിൽ നിന്നു നാം ചെന്നു കേറുന്നത് കാട്ടിലാണെങ്കിൽ കാടില്ല.

*****



# വാസ്തുശാസ്ത്രം


ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ
(ഫോൺ: 9447032434)

## ചില

**ക**ഴിഞ്ഞദിവസം പോയ ഒരു വീട്ടിലെ പ്രധാനപ്രശ്നം നല്ലവരവുണ്ടെങ്കിലും അതിനെക്കാൾ കൂടുതൽ ചിലവാകുന്നു. വീടുപരിശോധിച്ചതിൽ കിഴക്കോട്ടാണ് മുഖം. മുൻവശത്തെ റോഡ് വടക്കുനിന്നും തെക്കോട്ട് ചരിഞ്ഞാണ് പോകുന്നത്. പറമ്പിന്റെ വടക്കുകിഴക്കെമൂലയും, തെക്കുകിഴക്കെ മൂലയും തമ്മിൽ 1 മീറ്റർ വ്യത്യാസമുണ്ട്. അതായത് തെക്കുവശം വടക്കിനേക്കാൾ 1 മീറ്റർ താഴെയാണ്. ഗേറ്റ് കിഴക്കു തെക്കാണ്. മഴപെയ്യുന്ന വെള്ളവും റോഡിലെ വെള്ളവും തെക്കു പടിഞ്ഞാറേയ്ക്കു പോകുന്നു. ഈ പറമ്പിന്റെ തെക്കെ പറമ്പ് 1 മീറ്ററും, പടിഞ്ഞാറെ പറമ്പ് 1/2 മീറ്ററും താഴ്ന്നു കിടക്കുന്നു. കിണർ വടക്കുകിഴക്കെ മൂലയിലാണ്. വീടിനുചുറ്റും ഒഴിഞ്ഞുകിടക്കുന്ന സ്ഥലം വടക്ക് 6 മീറ്ററും, തെക്ക് 15 മീററ്റും, കിഴക്ക് 7 മീറ്ററും, പടിഞ്ഞാറ് 16 മീറ്ററും ആകുന്നു.

ഏതൊരു പ്ലോട്ടിലും വീടുപണിയാൻ തുടങ്ങുന്നതിനു മുമ്പ് വീടു പണിയുവാൻ ഉദ്ദേശിക്കുന്ന സ്ഥലം നിരപ്പാക്കി കഴിയുന്നതും വെള്ളം വടക്കോട്ടോ, കിഴക്കോട്ടോ ഒഴുകാൻ പാകത്തിന് ശരിയാക്കണം. തെക്കുപടിഞ്ഞാറെ മൂല തെക്കുവശത്തൊ, പടിഞ്ഞാറുവശത്തൊ ചെറിയ കുട്ടിമതിൽ 18 സെ.മീ. മുതൽ 24 സെമി. ഉയരത്തിൽ കെട്ടി ചതുരമാക്കണം. വീട് എപ്പോഴും തെക്കിനൊ, പടിഞ്ഞാറിനൊ സമാന്തരമായി പണിയണം. വീടുപണി തുടങ്ങുമ്പോൾ എപ്പോഴും ഒഴിഞ്ഞ സ്ഥലം പടിഞ്ഞാറിനെക്കാൾ കൂടുതൽ കിഴക്കും, തെക്കുള്ളതിനെക്കാൾ കൂടുതൽ വടക്കും വേണം. തെക്കുള്ള പറമ്പ് താഴ്ന്നു കിടക്കുകയാണെങ്കിൽ തെക്കുവശത്തുള്ള മതിലിൽ നിന്നും 48 സെമീ മാറ്റി അകത്ത് ഒരു കുട്ടിമതിൽ 18 സെ.മീ ഉയരത്തിൽ കെട്ടണം. അതുപോലെ തന്നെ പടിഞ്ഞാറെ പറമ്പ്. താഴ്ന്നുകിടക്കുകയാണെങ്കിൽ പടിഞ്ഞാറ് മതിലിൽ നിന്നും 48 സെ.മീ. അകത്തേക്കുമാറ്റി 18 സെമീ. ഉയരത്തിൽ ഒരു കുട്ടിമതിൽ കെട്ടണം.

ഞാൻ പോയി പരിശോധിച്ച വീട്ടിൽ ഒഴിഞ്ഞ സ്ഥലം കിഴക്കിനെക്കാൾ കൂടുതൽ പടിഞ്ഞാറും, വടക്കിനെക്കാൾ കൂടുതൽ തെക്കും ഉള്ളതുകൊണ്ട് തെക്കും, പടിഞ്ഞാറും വീടിനുസമാന്തരമായി 24 സെമീ. ഉയരത്തിൽ മുറ്റം കെട്ടണം. ചിത്രത്തിൽ A.B. നോക്കുക. കിഴക്കുവശം തെക്കോട്ടു ചരിവായതിനാലും, ഗേറ്റ് കിഴക്ക് തെക്കായതുകൊണ്ടും കിഴക്കുവശത്തും കുട്ടിമതിൽ കെട്ടി പ്ലോട്ടിന്റെ വടക്കുകിഴക്കു ഭാഗത്തുനിന്നും മണ്ണുമാറ്റി മുറ്റത്ത് ഏറ്റവും താഴ്ന്ന സ്ഥലം വടക്കുകിഴക്കെമൂലയാക്കണം. റോഡു തെക്കോട്ടോ, പടിഞ്ഞാറോട്ടോ ചരിവാണെങ്കിലും തെക്കും, പടിഞ്ഞാറും പ്ലോട്ട് താഴ്ന്നു കിടക്കുകയാണെങ്കിലും വളരെ ശ്രദ്ധിക്കണം.




*****

ക്ഷേത്രങ്ങളിലൂടെ

# ഏറ്റുമാനൂർ ശ്രീമഹാദേവക്ഷേത്രം

ഇന്ദിരാഭായി ഫോൺ : 8078552892



**ഭ**ക്തി നിർഭരമായ പല ഐതിഹ്യങ്ങളുള്ള ഒരു മഹാക്ഷേത്രമാണ് ഏറ്റുമാനൂർ ശ്രീ മഹാദേവക്ഷേത്രം. കേരളത്തിൽ ക്ഷേത്രങ്ങളുടെ നഗരം എന്നു വിശേഷിപ്പിക്കുന്ന കോട്ടയം ജില്ലയിൽ സ്ഥിതിചെയ്യുന്ന അതി പുരാതനശിവക്ഷേത്രമാണിത്. പരശുരാമപ്രതിഷ്ഠിതമായ 108 ശിവാലയങ്ങളിലൊന്നായ ഏറ്റുമാനൂർ ശ്രീമഹാദേവക്ഷേത്രത്തിൽ ശ്രീ പരമേശ്വരൻ അഘോരമൂർത്തിയായി പരിലസിക്കുന്നു. ഖരമഹർഷിചിദംബരത്തുനിന്നും കൊണ്ടുവന്ന മൂന്നു ശിവലിംഗങ്ങളിൽ ഒന്നാണ് ഏറ്റുമാനൂരിൽ പ്രതിഷ്ഠിച്ചിരിക്കുന്നത്. മറ്റു രണ്ടു ശിവലിംഗങ്ങൾ വൈക്കത്തും കടുത്തുരുത്തിയിലും പ്രതിഷ്ഠിച്ചിരിക്കുന്നു. വൈക്കം മഹാദേവക്ഷേത്രത്തിലും കടുത്തുരുത്തി ശ്രീമഹാദേവക്ഷേത്രത്തിലും ഏറ്റുമാനൂർ ശ്രീമഹാദേവക്ഷേത്രത്തിലും ഒരേ ദിവസം ദർശനം നടത്തുന്നത് അതിവിശിഷ്ടമായി കരുതുന്നു. പുരഹരിണപുരേശ്വര മഹാദേവക്ഷേത്രം എന്നാണ് പണ്ടുകാലത്ത് ഏറ്റുമാനൂർ ശ്രീമഹാദേവക്ഷേത്രം അറിയപ്പെട്ടിരുന്നത്. ഒരു ബ്രാഹ്മണതാപസന്റെ ശാപം മൂലം വളരെ പണ്ടുകാലത്ത് ഈ പ്രദേശം ഘോരവനമായി രൂപാന്തരപ്പെടുവാനിടയായി. വില്വമംഗലം സ്വാമിയാരാണ് പിന്നീട് ക്ഷേത്രം പണികഴിപ്പിച്ച് ഇവിടം ഒരു ക്ഷേത്രസങ്കേതമാക്കിമാറ്റിയത്. ഒരു നദികളും ഈ പ്രദേശത്തേക്കൊഴുകിയെത്തുന്നില്ല എന്നത് ഏറ്റുമാനൂരിന്റെ ഒരു പ്രത്യേകതയണ്. ഈ പ്രദേശത്ത് മഴ പെയ്താൽ വെള്ളം പുറത്തേക്കൊഴുകി പോകുന്നു. ഈ പ്രത്യേകതയാണ് ഏറ്റുമാനൂര് എന്ന സ്ഥലനാമം ഉണ്ടാവാൻ കാരണം എന്നും ഒരഭിപ്രായമുണ്ട്. ഏറ്റ് എന്നാൽ ഉയർന്നത്. മാൻ എന്നാൽ പരന്ന, നിരന്ന എന്നും ഊര് എന്നാൽ ദിക്ക്, സ്ഥലം എന്നീ അർത്ഥത്തിലാകാം ഏറ്റുമാനൂർ എന്ന പേരുണ്ടായത് എന്നും വിശ്വസിക്കുന്നു.

ഏറ്റുമാനൂർ ശ്രീമഹാദേവക്ഷേത്രത്തെ ലോകപ്രശസ്തമാക്കിയത് ഒരു വലിയ വിളക്കാണ്. ഏറ്റുമാനൂർക്ഷേത്രം പുനരുദ്ധാരണം നടന്നകാലത്ത് കലശാഭിഷേകം കഴിഞ്ഞ ദിവസം ക്ഷേത്രഊരാഴ്മക്കാരും ദേശവാസികളും ക്ഷേത്രത്തിന്റെ പടിഞ്ഞാറെ നടയിലിരുന്ന് ക്ഷേത്രകാര്യങ്ങളെക്കുറിച്ചു സംസാരിച്ചിരിക്കുമ്പോൾ ഒരു സാധുവും ദരിദ്രനും എന്നു തോന്നിക്കുന്ന ഒരാൾ ഒരു വലിയ തൂക്കുവിളക്കുമായി അവരുടെ അടുത്തേക്കെത്തി. വിളക്കിന്റെ അടിത്തട്ടിനുമുകളിൽ വൃത്താകൃതിയിലുള്ള കുറ്റി, വളയം, തുടൽ എന്നിവയുള്ള ആ വലിയവിളക്ക് അവിടെവച്ചിട്ട് എന്തെങ്കിലും തരണം എന്ന് അവരോടായി പറഞ്ഞു. ഈ വിളക്ക് വളരെ മഹത്വമുള്ളതാണ്. ഇതെടുത്തിട്ട് ഇന്നത്തെ ചിലവിനുള്ളതെങ്കിലും തന്നാലും മതി എന്ന് അവരോടു പറഞ്ഞു. അവിടെയിരുന്നവർ അദ്ദേഹത്തോട് ഈ വിളക്കിനെന്താ ഇത്ര പ്രത്യേകത, ഇതെന്താ എണ്ണയില്ലാതെ കത്തുമോ എന്നു പരിഹാസരൂപേണ ചോദിച്ചു. ഏറ്റുമാനൂരപ്പന്റെ കൃപയുണ്ടെങ്കിൽ ചിലപ്പോൾ അങ്ങനെയും സംഭവിച്ചോളും എന്നദ്ദേഹം മറുപടി നൽകി. ഈ സമയം അവിടെയിരുന്നവരിൽ ഒരാൾ ഈ വിളക്കെടുത്തു തൂക്കിയിടാൻ നോക്കി.

അയാൾക്ക് ആ വിളക്ക് ഇരുന്നിടത്തുനിന്നും ഒന്നനക്കാൻ പോലും പറ്റിയില്ല. രണ്ടുപേരെടുത്താൽ പോലും പൊങ്ങാത്ത ഈ വിളക്ക് ആരെടുത്തുതൂക്കും എന്നിങ്ങനെ അവർ പരസ്പരം പറഞ്ഞു നിൽക്കുമ്പോൾ ഒരു നമ്പൂതിരി തുള്ളി ഉറഞ്ഞു വന്ന് നിഷ്പ്രയാസം ആ വിളക്കെടുത്തുകൊണ്ട് ബലിക്കൽ പുരയിലേക്കോടിപ്പോയി. പിന്നാലെ ചെന്നവർ നമ്പൂതിരി ബലിക്കൽപുരയുടെ മേൽത്തട്ടിൽ വിളക്കു തൂക്കിയിട്ടശേഷം ശാന്തനായി നില്ക്കുന്നതാണ് കണ്ടത്. ഈ വിളക്ക് ഇവിടെ തൂക്കിയല്ലോ അപ്പോൾ എന്തായാലും ഇത് ഇപ്പോൾ തന്നെ എണ്ണയൊഴിച്ചു കത്തിക്കണം എന്നു കണ്ടുനിന്നവരിൽ ചിലർ അഭിപ്രായപ്പെട്ടു. ചിലർ എണ്ണയും തിരിയും കൊണ്ടു വരാൻ പോയി. പെട്ടെന്ന് ഇടിയും മിന്നലും കാറ്റു മഴയും ഉണ്ടായി. അവിടെ കത്തിക്കൊണ്ടിരിക്കുന്ന എല്ലാ വിളക്കുകളും അണഞ്ഞു. കുറെ സമയത്തേക്ക് ഇരുട്ടു പരന്നു. ആർക്കും ഒന്നും കാണാൻ കഴിഞ്ഞില്ല. പിന്നിടവർ കാണുന്നത് അവിടെ തൂക്കിയ വലിയ വിളക്കിൽ നിറയെ എണ്ണയും വിളക്കു കത്തിജ്വലിച്ചുകൊണ്ടിരിക്കുന്നതുമാണ്. അവർ കൊണ്ടു വന്ന എണ്ണയും തിരിയും എടുത്തിട്ടുമില്ല. ഇത്രയും ദിവ്യമായ ഈ വിളക്കുകൊണ്ടുവന്ന ആളിനെപ്പറ്റി അപ്പോൾ അവർ ഓർത്തു. അവിടെയെല്ലാം അദ്ദേഹത്തെ അന്വേഷിച്ചു. അങ്ങനെയൊരാളിനെ അവിടെയെങ്ങും കണ്ടില്ല. സാക്ഷാൽ ഭഗവാൻ തന്നെ കൊളുത്തിയ ഈ വിളക്കാണ് ഏറ്റുമാനൂരിലെ വലിയ വിളക്ക്. ഈ വിളക്ക് അഹോരാത്രം കത്തിക്കൊണ്ടേയിരിക്കുന്നു. വലിയവിളക്കിൽ എണ്ണപകരുക എന്നത് ഏറ്റുമാനൂരപ്പന്റെ പ്രധാന വഴിപാടാണ്. ഈ വിളക്കിലെ കരിതൊട്ടുകണ്ണെഴുതുന്നത് നേത്രരോഗങ്ങൾക്ക് സിദ്ധൗഷധം ആണ്. സാധാരണയായി വിളക്കിലെ കരിനെറ്റിയിൽ തൊടാൻ പാടില്ല എന്നാൽ എറ്റുമാനൂരിലെ വലിയവിളക്കിലെ കരി പ്രസാദമായി നെറ്റിയിൽ തൊടാം ഈ വലിയ വിളക്കിൽ തൊട്ടു സത്യം ചെയ്യുന്നതും ഏറ്റുമാനൂരിലെ ഒരു പ്രധാനചടങ്ങാണ്. വലിയവിളക്കിനെ തൊട്ടു വന്ദിച്ച് ശേഷമാണ് ഭക്തജനങ്ങൾ ഏറ്റുമാനൂരപ്പനെ ദർശിക്കേണ്ടത്.

ഏറ്റുമാനൂരപ്പന്റെ നിത്യപൂജകൾക്കുമുണ്ട് പ്രത്യേകതകൾ. പ്രഭാതത്തിൽ ഏറ്റുമാനൂരപ്പന്റെ ആദ്യപൂജ മാധവിപള്ളിപൂജ എന്നാണറിയപ്പെടുന്നത്. കോഴിക്കോട് സാമൂതിരികോവിലകത്തെ ഒരു തമ്പുരാട്ടി രോഗബാധിതയായി. ധാരാളം ചികിത്സകൾ നടത്തിയെങ്കിലും അസുഖത്തിന് കുറവുണ്ടായില്ല. ഏറ്റുമാനൂരപ്പന്റെ മാഹാത്മ്യങ്ങൾ കേട്ടറിഞ്ഞ തമ്പുരാട്ടി തന്റെ രോഗം മാറ്റിത്തരേണമേ എന്നും അസുഖം മാറി ഒരു ദിവസമെങ്കിലും ജീവിച്ചിരുന്നാൽ തന്റെ പേരിൽ നിത്യവും ഒരു പൂജ ഏറ്റുമാനൂരപ്പനു നടത്തിച്ചേക്കാം എന്നും തമ്പുരാട്ടി ഭഗവാനോടു പ്രാർത്ഥിച്ചു. ഒരു ദിവസം രാത്രി ഉറക്കത്തിൽ ഒരാൾ തന്റെ അടുത്തു വന്ന് സഞ്ചിയിൽ നിന്നും മരുന്നെടുത്തു തരുന്നതായും അവർ സ്വപ്നം കണ്ടു. പിന്നീട് അവരുടെ രോഗത്തിന് ശാന്തിയുണ്ടാവുകയും പൂർണ്ണ ആരോഗ്യവതിയാവുകയും ചെയ്തു. തമ്പുരാട്ടി ഈ വിവരം സാമൂതിരിയെ അറിയിക്കുകയും പരിവാരസമേതം ഏറ്റുമാനൂരമ്പലത്തിൽ പോയി ഭജനമിരിക്കുകയും ചെയ്തു. തന്റെ രോഗം മാറ്റിത്തന്ന ഭഗവാന് വഴിപാടായി അവർ ധാരാളം വസ്തുവകകൾ ക്ഷേത്രത്തിലേക്കു നൽകുകയും അതിൽ നിന്നുള്ള ആദായം കൊണ്ട് നിത്യവും ഒരു നേരത്തെ പൂജ തന്റെ പേരിൽ നടത്തുന്നതിനും ഏർപ്പാടാക്കി. തമ്പുരാട്ടിയുടെ പേര് മാധവി എന്നായിരുന്നു. ഇന്നും ഏറ്റുമാനൂർ മഹാദേവക്ഷേത്രത്തിലെ പ്രഭാത പൂജ മാധവിപ്പള്ളി പൂജ എന്ന പേരിൽ തന്നെ അറിയപ്പെടുന്നു. ക്ഷേത്രത്തിലേക്ക് അവർ നൽകിയ

വസ്തുവകകൾ മാധവിപള്ളിപുരയിടം എന്നും അറിയപ്പെട്ടു.

തിരുവിതാംകൂർ രാജാവ് വടക്കുംകൂർ പിടിച്ചടക്കുവാൻ ആക്രമണം നടത്തിയപ്പോൾ ഈ ക്ഷേത്രത്തിനും ക്ഷേത്രസ്വത്തുക്കൾക്കും നാശനഷ്ടങ്ങളുണ്ടായി. പിന്നീട് രാജാവിന് പലവിധ ബുദ്ധിമുട്ടുകളുണ്ടാവുകയും പ്രശ്നവിധിയിൽ ഏറ്റുമാനൂരപ്പന്റെ കോപം മൂലമാണ് ദുരിതങ്ങൾ എന്നുതെളിയുകയും ചെയ്തു. പ്രായശ്ചിത്തമായി രാജാവ് ഏഴരപൊന്നാനയെ ഭഗവാന് സമർപ്പിച്ചു. കാർത്തിക തിരുനാൾ മഹാരാജാവ് വൈക്കം മഹാദേവക്ഷേത്രത്തിലേക്കു കൊടുത്തു വിട്ട ഏഴരപൊന്നാനയെ ഏറ്റുമാനൂരിൽ നിന്നും കൊണ്ടുപോകുവാൻ സാധിക്കാതെ വരുകയും രാജാവ് ഏറ്റുമാനൂരപ്പനുസമർപ്പിക്കുകയും വേറെ ഏഴരപൊന്നാനകളെ ഉണ്ടാക്കി വൈക്കത്തപ്പനു നൽകി എന്നും ഒരു ഐതിഹ്യമുണ്ട്. വരിക്കപ്ലാവിൻ തടിയിൽ തീർത്ത് സ്വർണ്ണം കൊണ്ടു പൊതിഞ്ഞാണ് ഏഴരപൊന്നാനയെ നിർമ്മിച്ചിരിക്കുന്നത്. രണ്ടടി പൊക്കമുള്ള ഏഴ് ആനകളും ഒരടി പൊക്കമുള്ള ഒരാനയും ചേർന്നതാണ് ഏഴര പൊന്നാന കുംഭമാസത്തിലെ ഉത്സവത്തിന്റെ പത്താം ദിവസം ആറാട്ടിനു മാത്രമേ ഭഗവാൻ ഏഴര പൊന്നാനപ്പുറത്തെഴുന്നള്ളാറുള്ളൂ. വിശ്വാസത്തിന്റെ ധൈര്യവും സമന്വയിക്കുന്ന ഒരു മഹാക്ഷേത്രമാണ് ഏറ്റുമാനൂർ മഹാദേവക്ഷേത്രം. ഭക്തനായും, ജിജ്ഞാസുവായും, പരാതിക്കാരനായും ഇവിടെയെത്തുന്നവർക്കെല്ലാം സാന്ത്വനം നൽകുന്ന മഹാദേവൻ ഇവിടെ അഘോരമൂർത്തിയാണ്. പതിനാലു സ്വർണ്ണത്താഴികക്കുടങ്ങളാൽ അലംകൃതമാണ് ഏറ്റുമാനൂർ ക്ഷേത്രം.

കരിങ്കല്ലിൽ തീർത്ത ശ്രീകോവിലിൽ തടിയിൽ തീർത്ത ശ്രീകൃഷ്ണൻ, വാമനമൂർത്തി, ഗണപതി, ഭദ്രകാളി എന്നീ ദേവതകളുടെ ദാരുശില്പങ്ങളും ഇവിടെ കാണാം. ശരം തൊടുത്തു നില്ക്കുന്ന വില്ലിന്റെ ആകൃതിയിലാണ് ഇവിടുത്തെ ക്ഷേത്രക്കുളം. പ്രധാന ശ്രീകോവിലിന്റെ കിഴക്കേ നട തുറക്കാറില്ല. ശ്രീപാർവ്വതി ദേവി സാന്നിദ്ധ്യം സങ്കല്പിച്ച് തൊഴുതുപോരുന്നു. ശിവലിംഗം മൂന്നടി ഉയരത്തിലാണ് കാണപ്പെടുന്നത്. ശില്പകലയുടെ മനോഹാരിതനിറഞ്ഞ നിരവധി ശില്പങ്ങൾ ഇവിടെ കാണാം. ക്ഷേത്രഗോപുരത്തിനകത്ത് ഭിത്തിയിൽ ധാരാളം ചുമർചിത്രങ്ങൾ കാണാം. അനന്തശയനവും, പ്രദോഷതാണ്ഡവവും, അഘോരമൂർത്തി ചിത്രവും ഇവിടുത്തെ പ്രത്യേകതയാണ്. ഈ ചിത്രങ്ങളുടെ കലാമൂല്യം നിർണ്ണയാതീതമാണ്. പ്രസിദ്ധമായ നടരാജമൂർത്തിയുടെ ചിത്രം ദ്രാവിഡ ചിത്രകലാരൂപമായി നിലകൊള്ളുന്നു. പടിഞ്ഞാറെ ഗോപുരത്തിനുള്ളിൽ ശിവതാണ്ഡവചിത്രവും കാണാം.

നിത്യവും 5 പൂജയും 3 ശിവേലിയുമുള്ള ക്ഷേത്രമാണിത്. ഉപദേവത പ്രതിഷ്ഠകൾ കൂടാതെ വടക്കുപടിഞ്ഞാറ് കീഴ്തൃക്കോവിലിൽ ഭഗവാനഭിമുഖമായി മഹാവിഷ്ണുവും കിഴക്ക് പാർവ്വതി ദേവിയുമുണ്ട്. ഈ വിഷ്ണുവിഗ്രഹവും ഖരമഹർഷിപ്രതിഷ്ഠിച്ചതാണ് എന്നു വിശ്വസിക്കുന്നു. കുംഭമാസത്തിലാണ് ഉത്സവം. ഉത്സവത്തിന്റെ 10-ാം ദിവസമാണ് ഏഴര പൊന്നാനകളുടെ അകമ്പടിയോടുകൂടിയുള്ള ഭഗവാന്റെ ആറാട്ടെഴുന്നള്ളത്ത്.

ഏറ്റുമാനൂരപ്പന്റെ നമസ്ക്കാരമണ്ഡപത്തിൽ ഒരേ വലുപ്പത്തിലുള്ള രണ്ട് ഋഷഭവിഗ്രഹങ്ങൾ കാണാം. ഇതിൽ ഒന്ന് ചെമ്പകശ്ശേരിരാജാവ് തിരുനടയിൽ സമർപ്പിച്ചതാണ്. പണ്ട് ചെമ്പകശ്ശേരി രാജാവിന് കലശലായ

വയറുവേദനയുണ്ടായി. ഔഷധങ്ങളൊന്നും ഫലിക്കാതെ വന്നപ്പോൾ അദ്ദേഹം ഏറ്റുമാനൂരപ്പന്റെ തിരുനടയിൽ ഭജനമിരുന്നു. അദ്ദേഹത്തിന്റെ അസുഖം പൂർണ്ണമായും ഭേദമാവുകയും ചെയ്തു. അസുഖം ഭേദമായതിന്റെ സന്തോഷത്താൽ അദ്ദേഹം ഏറ്റുമാനൂരപ്പന് ഒരു സദ്യയും, വിളക്കും വഴിപാടായി സമർപ്പിക്കുവാൻ നിശ്ചയിച്ചു. ഒരു ദിവസം രാത്രി എനിക്കു തരാൻ നിശ്ചയിച്ചിരിക്കുന്നത് പണമായോ വസ്തുവകകളായോ നൽകിയാൽ മതി എന്ന് ആരോ അദ്ദേഹത്തോടു പറയുന്നതായി തോന്നി. അദ്ദേഹം പ്രശ്നം വയ്പ്പിച്ചപ്പോൾ പ്രശ്നവിധിയിലും അതുതന്നെ തെളിഞ്ഞു. സദ്യനടത്തുവാൻ നിശ്ചയിച്ച തുകയിൽ നിന്നും ഒരു ഭാഗം കൊണ്ട് ഒരു ഋഷഭവിഗ്രഹം നിർമ്മിച്ച് അദ്ദേഹം ഭഗവാനു സമർപ്പിച്ചു.

ഈ വിഗ്രഹത്തിന്റെ അകം പൊള്ളയാണ്. അതിന്റെ ഒരു വശത്ത് ഒരു ദ്വാരവും അതിനൊരടപ്പും കാണാം. ഈ ഋഷഭവിഗ്രഹത്തിനകത്ത് നെല്ലുനിറച്ചാണ് രാജാവ് സമർപ്പിച്ചത്. ഋഷഭവിഗ്രഹം സമർപ്പിച്ച ദിവസം വീണ്ടും രാജാവ് സ്വപ്നം കണ്ടു. എനിക്ക് തൃപ്തിയായി, ഇനി അങ്ങേക്ക് ഒരിക്കലും വയറുവേദന ഉണ്ടാവുകയില്ല. നടയിൽ സമർപ്പിച്ച വിഗ്രഹത്തിന്റെ അടപ്പു തുറന്ന് ഒരു നെല്ലെടുത്തു ഭക്ഷിച്ചാൽ ആർക്കും ഉദരവ്യാധികളുണ്ടാവുകയില്ല. ഏറ്റുമാനൂരപ്പന്റെ നമസ്ക്കാര മണ്ഡപത്തിൽ ഇന്നും ഈ വിഗ്രഹം കാണാം വലിയവിളക്കിലെണ്ണയൊഴിച്ച് കരിതൊട്ടു കണ്ണെഴുതി, ഏഴരപൊന്നാനയെ ദർശിച്ചു എന്നിങ്ങനെ അഭിമാനത്തോടെ ഭക്തിയോടെ പറയുന്നവർ അനുഭവിക്കുന്ന ആത്മസംതൃപ്തി അതൊരനുഭവമാണ്.

ആയിരത്തിലധികം വർഷങ്ങളുടെ പഴക്കമുള്ള ഈ മഹാക്ഷേത്രത്തിൽ ശ്രീമഹാദേവൻ മൂന്നു ഭാവങ്ങളിൽ വിളങ്ങുന്നു. ഉച്ചപൂജ വരെ അപസ്മാര യക്ഷനെ ചവിട്ടി നില്ക്കുന്ന അഘോരമൂർത്തിയായും ഉച്ചപൂജക്കു ശേഷം അത്താഴപൂജ വരെ ശരഭേശ്വരനായും അത്താഴപൂജ മുതൽ നിർമ്മാല്യ ദർശനം വരെ ശിവശക്തിഭാവത്തിൽ ഭഗവാൻ ഭക്തർക്കു ദർശനം നൽകുന്നു.

അഷ്ടദിക്പാലകരും മുട്ടുകുത്തി നിന്നു വന്ദിക്കുന്ന അഘോരമൂർത്തിയെ ഒരിക്കലെങ്കിലും നാം കണ്ടു വന്ദിക്കണം. കൊല്ലവർഷം 72-ാം മാണ്ടു ഭഗവാൻ സ്വയം കൊളുത്തിയതും സദാ എണ്ണ നിറഞ്ഞ് കത്തി ജ്വലിച്ചുകൊണ്ടിരിക്കുന്നതുമായ വലിയ വിളക്കിലൊന്നു തൊട്ടു വന്ദിച്ച് അഘോരമൂർത്തിയായ ഏറ്റുമാനൂരപ്പനെ വണങ്ങി അനുഗ്രഹാശ്ശിസ്സുകൾ നേടുവാൻ എല്ലാ ഭക്തജനങ്ങളേയും ഏറ്റുമാനൂരപ്പൻ അനുഗ്രഹിക്കു മാറാകട്ടെ..

*****



# അഭിനന്ദനങ്ങൾ

2024 ഏപ്രിൽ എം.ജി. യൂണിവേഴ്സിറ്റി നടത്തിയ ബിഎഡ് പരീക്ഷയിൽ മൂന്നാം റാങ്ക് കരസ്ഥമാക്കിയ ദിവ്യ ഹരിഹരന് എറണാകുളം കരയോഗത്തിന്റെ അഭിനന്ദനങ്ങൾ. നമ്മുടെ കരയോഗാംഗമായ ശ്രീ. എം. ഹരിഹരിന്റെ മകളാണ് ദിവ്യ.

# കേരളത്തിന്റെ ശാക്തേയ പാരമ്പര്യം 3

എം.ആർ.എസ് മേനോൻ - 9037126220

*തുടർച്ച*

**ഭദ്രകാളി ചരിത്രം**

പ്രാചീന കാലത്ത് കാവുകളായിരുന്നു കാളീ ഉപാസനയുടെ ആദ്യഘട്ടം എന്ന് നാം കണ്ടു. ദക്ഷിണ ഭാരതത്തിലെ ഏറ്റവും പ്രാചീനമായ ഗോത്രദേവത കൊട്രവൈ ആയിരുന്നു. സമരദേവതയായിരുന്നു കൊട്രവൈ. അതേപോലെ തന്നെ കേരളത്തിലെ ആദ്യത്തെ ദേവതാ സങ്കൽപ്പം കരിനീലിയമ്മയായിരുന്നു. കരിനീലിയുടെ ആസ്ഥാനം പാലക്കാട് ജില്ലയിലെ കല്ലടിക്കോടൻ മലകളിലായിരുന്നു. ഇന്നും കല്ലടിക്കോടൻ മലമുകളിൽ മലവാര സമ്പ്രദായത്തിൽ കരിനീലിയമ്മയെ ആരാധിച്ച് വരുന്നു. കരിനീലിയമ്മയുടെ മകനാണ് കരിങ്കുട്ടി ചാത്തൻ. കേരളത്തിലെ ആദ്യത്തെ ദേവതാ സങ്കൽപ്പങ്ങൾ നീലിയും ചാത്തനുമാണ്. കേരളത്തിൽ പ്രചരിച്ച് കാണുന്ന തെറ്റിദ്ധരിക്കപ്പെടുന്ന ഒരു കഥാപാത്രമല്ല ഈ ചാത്തൻ. കേരളത്തിൽ മന്ത്രവാദത്തിന് പ്രസിദ്ധമായ കാട്ടുമാടം മനയിലെ ഉപാസന മൂർത്തി ചാത്തൻ ആണ്. നീലിയും ചാത്തനുമാണ് കാളിയും ശാസ്താവുമായി പരിണമിച്ചത്. ശബരിമലയിലെ പഴയ പേര് ശബരിമലക്കാവ് എന്നായിരുന്നു. ശബരിമലയിൽ സംഘകാലം മുതൽ ആരാധിച്ചിരുന്നത് ചാത്തനെയും നീലിയെയുമായിരുന്നു. ഈ ചാത്തനാണ് പിന്നീട് ശാസ്താവായി മാറിയത്. കൊട്രവൈ മാളികപ്പുറവും. പിന്നീട് പന്ത്രണ്ടാം നൂറ്റാണ്ടോടെയാണ് ശബരി മലയിൽ അയ്യപ്പബന്ധം ഉണ്ടാകുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം വരെ മാളികപ്പുറത്ത് അജബലി നടന്നതിന് തെളിവുകൾ ഉണ്ട്. ഇന്നും ഏഴാം ഗുരുതിക്ക് ശേഷം മാളികപ്പുറത്ത് ചില രഹസ്യ പൂജകൾ നടന്ന് വരുന്നുണ്ട്. നായർ സമുദായത്തിൽപ്പെട്ടവരാണ് ഇത് നടത്തുന്നത്. കരിനീലിയിൽ നിന്നും കൊറ്റവൈയിൽ നിന്നുമാണ് കേരളത്തിലെ ഭദ്രകാളി ആരാധന തുടങ്ങുന്നത്. പ്രപഞ്ച സൃഷ്ടിയുടെ ഉദ്ഭവം ആദിശക്തിയുടെ പ്രതീകമായ മാതൃദേവതയിൽ നിന്നാണ് എന്നതാണ് ശക്തി തത്ത്വത്തിന്റെ അഥവാ കാളി തത്ത്വത്തിന്റെ അടിസ്ഥാനം. ആദിപരാശക്തിയുടെ മൂന്ന് ഭാവങ്ങളാണ് മഹാകാളിയും മഹാലക്ഷ്മിയും മഹാസരസ്വതിയും'. കേരളത്തിന്റെ കുല ദൈവം ഭദ്രകാളിയാണ്. കാളിയുടെ സൗമ്യവും രൗദ്രവുമായ പത്ത് രൂപങ്ങളെ ദശ മഹാവിദ്യ എന്ന് കരുതപ്പെടുന്നു. കാളിയെന്നാൽ കാളുന്നവൾ കറുത്തവൾ കാലത്തെ നിയന്ത്രിക്കുന്നവൾ എന്നെല്ലാം എന്ന് കരുതപ്പെടുന്നു. ഭദ്രമായ കാലത്തെ നൽകുന്നവളാണ് ഭദ്രകാളി. ശിവപുരാണപ്രകാരം ശിവന്റെ മഹാകാലൻ എന്ന അവതാരത്തിന്റെ ശക്തിഭാവമാണ് മഹാകാളി. ഭയം ശത്രു പീഡ , രോഗം ദാരിദ്ര്യം തുടങ്ങിയ ആപത്തുകളിൽ നിന്ന് കാളി രക്ഷിക്കുന്നു.

ഭദ്രകാളിയെപ്പറ്റി പല കഥകളും പ്രചാരത്തിലുണ്ട്. സതീദേവി യാഗാഗ്നിയിൽ ദേഹത്യാഗം ചെയ്തതറിഞ്ഞ് കോപിച്ച ശിവൻ തന്റെ ജട പറിച്ചെറിഞ്ഞപ്പോൾ വീരഭദ്രനും ഭദ്രകാളിയും രൂപം കൊണ്ടെന്ന് ദേവിഭാഗവതത്തിലും ഭാഗവതത്തിലും പറയുന്നു. വീരഭദ്രനോടൊപ്പം സഹായിയായ അവതരിച്ച ഭദ്രകാളി ദക്ഷന്റെ യജ്ഞശാല തകർത്തു. ദേവീ മാഹാത്മ്യം, ദേവി ഭാഗവതം ശിവപുരാണം എന്നിവയിലെല്ലാം കാളിയുടെ കഥകൾ ഉണ്ട്. ദുർഗ്ഗമനോടുള്ള യുദ്ധത്തിൽ അറുപത്തിനാലു കൈകളോടും എല്ലാ കൈകളിലും ആയുധങ്ങളോടും കൂടി കാളീ രൂപം ധരിച്ച് ദുർഗ്ഗമനെ കൊന്നു. കാളിയും ദുർഗ്ഗയും ഒന്നെന്ന് ദേവീഭാഗവതം പറയു

ന്നു. ചണ്ഡമുണ്ഡന്മാരെ നിഗ്രഹിക്കാനായി ചണ്ഡികാ ദേവിയുടെ നെറ്റിത്തടത്തിൽ നിന്ന് ജനിച്ച മഹാകാളി ചണ്ഡമുണ്ഡന്മാരെ നിഗ്രഹിക്കയാൽ ചാമുണ്ഡിയെന്ന് ചൊല്ലി സ്തുതിക്കുമെന്ന് ദേവീ മാഹാത്മ്യം പറയുന്നു. യശോദയുടെ മകളായി ജനിച്ച മായാ ഭഗവതി ഭദ്രകാളിയുടെ രൂപാന്തരമാണെന്ന് അഗ്നിപുരാണത്തിൽ പറയുന്നു.

പക്ഷേ ഈ കഥകളെക്കാളും കേരളത്തിൽ ഏറ്റവും സാധീനവും പ്രചാരവുമുള്ള കഥ ദാരികവധം കഥയാണ്. കേരളത്തിൽ നിലവിൽ പ്രചാരത്തിലുള്ള എല്ലാ അനുഷ്ഠാന കലകളും ദാരികവധം കഥയുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. മാർക്കണ്ഡേയപുരാണത്തിലാണ് ദാരികവധം കഥ ഉൾക്കൊള്ളുന്നത്. ദേവാസുര യുദ്ധത്തിൽ അസുരന്മാർ പരാജിതരായി. യുദ്ധത്തിൽ ശേഷിച്ച അസുരന്മാർ ശേഷിച്ച സ്ത്രീകളെയും കൂട്ടി പാതാളത്തിൽ അഭയം പ്രാപിച്ചു. ഇതിനൊരു പരിഹാരമുണ്ടാക്കാനായി സഹോദരിമാരായ ദാനവതി,ദാരുമതി എന്ന രണ്ട് അസുര സ്ത്രീകൾ ബ്രഹ്മാവിനെ കഠിനമായ തപസ്സ് ചെയ്യാൻ ഒരുങ്ങി. കഠിന തപസ്സിൽ പ്രീതനായി ബ്രഹ്മാവ് പ്രത്യക്ഷപ്പെട്ട് എന്ത് വരമാണ് വേണ്ടതെന്ന് ചോദിച്ചു. അവർ തങ്ങളുടെ തകർന്ന കുലത്തെ രക്ഷിക്കാൻ കഴിവുള്ള രണ്ട് വീരന്മാരായ പുത്രന്മാരെ തങ്ങൾക്ക് ലഭിക്കണമെന്ന് ആവശ്യപ്പെട്ടു. ബ്രഹ്മാവിന്റെ അനുഗ്രഹഫലമായി അവർക്ക് ലഭിച്ച പുത്രന്മാരാണ് ദാരുകനും ദാനവനും. അസുരവംശത്തെ രക്ഷിക്കലാണ് തങ്ങളുടെ ലക്ഷ്യം എന്ന ബോധത്തോടെ അമ്മമാർ അവരെ വളർത്തിക്കൊണ്ട് വന്നു. അസുരവംശരക്ഷക്കായി ദേവന്മാരോട് നേരിട്ട് പോരടിച്ച് ജയിക്കുക അസാധ്യമായതിനാൽ മാതൃനിർദ്ദേശ പ്രകാരം ബ്രഹ്മാവിനെ തപസ്സ് ചെയ്ത് വരങ്ങൾ കരസ്ഥമാക്കാൻ ദാരുകനും ദാനവേന്ദ്രനും പുറപ്പെട്ടു. അവർ കഠിന തപസ്സ് കൊണ്ട് ബ്രഹ്മാവിനെ പ്രത്യക്ഷപ്പെടുത്തി ബ്രഹ്മാവിൽ നിന്ന് നിരവധി വരങ്ങൾ നേടി. യുദ്ധക്കളത്തിൽ തന്റെ ഓരോ തുള്ളി ചോരയിൽ നിന്നും ഓരോ പരാക്രമികൾ ഉടലെടുക്കണം തൃമൂർത്തികളിൽ നിന്നോ ഇന്ദ്രാദിദേവന്മാരിൽ നിന്നോ അസുരന്മാരിൽ നിന്നോ ഗന്ധർവ്വന്മാരിൽ നിന്നോ മനുഷ്യനിൽ നിന്നോ  അവധ്യനാകണം, എന്നീ വരങ്ങളും പതിനായിരം ആനയുടെ ശക്തിയും പതിനാലുലോകങ്ങൾക്ക് ആധിപത്യവും മായാവതി താമസി എന്നീ ദിവ്യമന്ത്രങ്ങളും ആയിരുന്നു ബ്രഹ്മാവിൽ നിന്ന് നേടിയത്.

പതിനാലുലോകങ്ങളിലും ആധിപത്യം നേടിയ ദാരുകൻ എല്ലാ ലോകങ്ങളേയും വെല്ലുവിളിച്ചു. ദാരുകപുരി എന്ന തലസ്ഥാനം സ്ഥാപിച്ചു ശക്തമായ ഒരു അസുര സാമ്രാജ്യം സ്ഥാപിച്ചു. യുദ്ധത്തിൽ ദേവേന്ദ്രനെ വെല്ലുവിളിച്ചു. കഠിനമായ യുദ്ധത്തിൽ ദേവന്മാർ തോറ്റോടി. ഇന്ദ്ര സിംഹാസനത്തിൽ കയറിയിരുന്ന ദാരുകൻ ദേവസ്ത്രികളെ പരിചാരികമാരാക്കി. തന്റെ ആധിപത്യം ഉറപ്പിച്ച ദാരുകൻ ദേവാരാധനയും യജ്ഞങ്ങളും ദാനധർമ്മങ്ങളും യാഗങ്ങളും നിരോധിച്ചു. തിരിച്ച് ദാരകപുരിയിലെത്തി അമ്മക്ക് ദേവസ്ത്രീകളെ ദാസിമാരാക്കി നൽകി. അസുരന്മാരെ ഭയന്ന് ദേവന്മാർ വേഷപ്രച്ഛന്നരായി ഒളിച്ച് കഴിയുകയാണ്. ദേവന്മാർ ബ്രഹ്മാവിന്റെ സന്നിധിയിൽ പോയി തങ്ങളുടെ കദനകഥകൾ പറഞ്ഞു. ബ്രഹ്മാവിന്റെ നിർദ്ദേശപ്രകാരം അവരെല്ലാം ചേർന്ന് വിഷ്ണുവിനെ പോയിക്കണ്ടു. ഒരു പരിഹാരം കണ്ടെത്താൻ കഴിയാതെ ബ്രഹ്മാവും വിഷ്ണുവും ദേവന്മാരും ചേർന്ന് കൈലാസത്തിൽ മഹേശ്വര സന്നിധിയിൽ എത്തി. ദാരുകന് വരം കൊടുത്തിരിക്കുന്നത് ദേവാസുര മനുഷ്യാദികളിൽ പുരുഷന്മാരിൽ നിന്ന് മരണം ഉണ്ടാകില്ലെന്നാണ്. ദാരുകന്റെ അഭിപ്രായത്തിൽ സ്ത്രീകൾ അബലകളാണ്. ശ്രീപരമേശ്വരന്റെ നിർദ്ദേശപ്രകാരം ത്രിമൂർത്തികൾ മൂന്നു പേരും ഇന്ദ്രനും കുമാരനും യമനും ചേർന്ന് ഓരോ ദിവ്യ കന്യകകളെ ഉദ്ഭവിപ്പിച്ചു. ശിവൻ മഹേശ്വരിയേയും വിഷ്ണു വൈഷ്ണവിയേയും ബ്രഹ്മാവ് ബ്രാഹ്മിയേയും കുമാരൻ കു

മാരിയേയും ഇന്ദ്രൻ ഇന്ദ്രാണിയേയും യമൻ വാരാഹിയേയും സൃഷ്ടിച്ച് അവർക്ക് നിരവധി ദിവ്യായുധങ്ങൾ നൽകി തങ്ങളുടെ ദൗത്യത്തെപ്പറ്റി ബോധവതികളാക്കി ദാരുകപുരിയിലേക്ക് അയച്ചു. ദാരുകപുരിയിൽ തന്റെ കൊട്ടാരത്തിൽ നിന്ന് ഷഡ്മാതാക്കളുടെ സേനയെ കണ്ട് ഇത് സ്ത്രീകളാണന്ന് കണ്ട് ആശ്വാസത്തോടെ സേനയെ നേരിടാൻ ദാനവനോട് പറഞ്ഞു. 'എല്ലാവരും കൂട്ടത്തോടെ പിരിഞ്ഞു പോകണം. ഇല്ലെങ്കിൽ സകലരേയും കൂട്ടത്തോടെ കുരുതി കഴിക്കും' എന്ന ദാനവന്റെ വാക്കുകൾ കേട്ട് ഷഡ്മാതാക്കളിലെ മഹേശ്വരി 'ഞങ്ങൾ ദാരുകന്റെ അന്തം കുറിക്കാൻ വന്നതാണ്. അവനെ ഞങ്ങളുടെ മുമ്പിലേക്ക് പറഞ്ഞയക്ക് ' എന്ന് കൽപ്പിച്ചു. അതികഠിനമായ യുദ്ധമാണ് പിന്നീട് നടന്നത്. ദാരുകന്റെ രക്തത്തിന്റെ തുള്ളികളിൽ നിന്ന് ലക്ഷക്കണക്കിന് ദാരുകന്മാർ ഉത്ഭവിച്ചത് കൊണ്ട് ഈ യുദ്ധം ഇങ്ങനെ തുടരുന്നതിൽ അർത്ഥമില്ല എന്ന് മനസ്സിലാക്കി ഷഡ്മാതാക്കൾ തൽക്കാലം പിൻവാങ്ങി. ഈ വിവരമറിഞ്ഞ് കോപിഷ്ഠനായ ശിവന്റെ മൂന്നാം തൃക്കണ്ണിൽ നിന്ന് ഭദ്രകാളി അവതരിച്ചു. പുറത്തേക്ക് ചാടിയ ചുവന്നു തടിച്ച നാവ്, കരാള ദംഷ്ട്രങ്ങൾ, ബലിഷ്ഠങ്ങളായ കൈകളിൽ ആയുധങ്ങൾ. മേഘ ഗർജ്ജനം പോലെ അട്ടഹാസം എന്നിവ ചേർന്ന ഭയാനക രൂപം. പാർവ്വതി കാളിയെ ശാന്തയാക്കിയ ശേഷം അനുഗ്രഹിച്ചു. കാളി ശൂലം വാള്, ഗദ, ഇരുമ്പുലക്ക, പെൺമഴു, വേല്, വില്ല്, അമ്പ്, കയർ, പാമ്പ് തുടി, മണി, ശംഖം, ചക്രം, രുദ്രാക്ഷമാല, കപാലം എന്നിവ ധരിച്ച 16 കൈകളുമായി പാർവതി പരമേശ്വരൻമാരെ വണങ്ങി. 'സമസ്ത ലോകത്തിന്റെയും ജന്മ ജന്മാർച്ചിതങ്ങളായ മൃഗീയവാസനകളെ സ്വീകരിച്ചു അവർക്ക് ഭദ്രം പ്രദാനം ചെയ്യുന്ന നിന്നെ ഭദ്രകാളി എന്ന് നാം വിളിക്കുന്നു' എന്ന് പാർവ്വതി അനുഗ്രഹിച്ചു. തുടർന്ന് ഭദ്രകാളിക്ക് വാഹനമായി വേതാളത്തെ നൽകിയിട്ട് ഷഡ് മാതാക്കളെയും സേനയേയും കൂട്ടിക്കൊള്ളാൻ പറഞ്ഞു. ഷഡ്മാതാക്കളും കാളിയും ദാരുകപുരിയിലെത്തി 'ദാരുകവീരാ പോരിന് വാടാ' എന്ന് പോർ വിളിച്ചു. ഏഴു പെണ്ണുങ്ങളേയും ബന്ധിച്ച് തന്റെ മുന്നിലെത്തിക്കാൻ ദാരുകൻ സേനാനായകരോട് ആവശ്യപ്പെട്ടു. പക്ഷേ എതിരിടാൻ വന്ന അസുരസേനയെ ഭദ്രകാളി കാലപുരിക്കയച്ചു. അപമാനിതനായ ദാരുകൻ ബ്രഹ്മാവിൽ നിന്ന് ലഭിച്ച ബ്രഹ്മദണ്ഡ് ദേവിക്കെതിരെ വിക്ഷേപിച്ചു. ദേവി ബ്രഹ്മദണ്ഡിനെ വന്ദിച്ച് യുദ്ധക്കളം വെടിഞ്ഞ് ഏകാന്തതയിൽ പോയിരുന്നു. ബ്രഹ്മാവ് ബ്രഹ്മദണ്ഡിന്റെ വീര്യം കുറച്ചു. അപകടം മനസ്സിലാക്കിയ ദുർഗ്ഗാഭഗവതി കാളിയോട് 'ബ്രഹ്മദണ്ഡിന്റെ കൂടെ ബ്രഹ്മാവ് നൽകിയ മായാവതി താമസി എന്നീ രണ്ട് മന്ത്രങ്ങളാണ് അതിന്റെ ശക്തി. ആ മന്ത്രങ്ങൾ അവന്റെ പത്നി മനോദരിക്ക് അവൻ കൈമാറി. ഇത് ആ മന്ത്രം നൽകിയപ്പോൾ ഉള്ള വ്യവസ്ഥയുടെ ലംഘനമാണ്. ഞാനത് മനോദരിയിൽ നിന്ന് കൈക്കലാക്കും വരെ നീ ഇവിടെത്തന്നെ ഇരുന്നു കൊള്ളൂ' എന്ന് പറഞ്ഞു കൊണ്ട് ഒരു ബ്രാഹ്മണ സ്ത്രീയുടെ വേഷത്തിൽ മനോദരിയിൽ നിന്ന് ഭിക്ഷയായി ആ മന്ത്രങ്ങൾ വാങ്ങി. മന്ത്രങ്ങൾ ലഭിച്ച ശേഷം പൂർവ്വാധികം വീര്യത്തോടെ കാളി ദാരുകനെ പോരിന് വിളിച്ചു. പോരിൽ ദാരുകന്റെ തേരു തകർത്തു. താഴേ വീണ ദാരുകൻ വീട്ടിൽ ചെന്നപ്പോൾ മന്ത്രങ്ങൾ ഭിക്ഷയായി നൽകിയ വിവരം അറിഞ്ഞ് താൻ ചതിക്കപ്പെട്ടെന്ന് മനസ്സിലാക്കി. പിന്നീട് യുദ്ധക്കളത്തിൽ അസുരന് പരാജയം നേരിടേണ്ടിവന്നു. ദാരുകൻ പാതാളത്തിലെ ഗുഹയിൽ പോയി ഒളിച്ചു. കാളി തന്റെ കാർകൂന്തൽ അഴിച്ചിട്ടപ്പോൾ അന്ധകാരം പരന്നതിനാൽ സൂര്യൻ അസ്തമിച്ചെന്ന് കരുതി ഗുഹയിൽ നിന്ന് പുറത്തുവന്നു. ഭൂമിയിൽ നിന്ന് പാതാളത്തിലേക്കുള്ള കവാടത്തിൽ നീട്ടിയിട്ടിരുന്ന കാളിയുടെ നാവിലൂടെ കാളി ദാരികനെ

(ശേഷം പേജ് - 22)

# അറിയിപ്പ്

## എറണാകുളം കരയോഗം ശതാബ്ദിയാഘോഷഫണ്ട് സമാഹരണം

2025 ൽ എറണാകുളം കരയോഗം ശതാബ്ദിയാഘോഷം സമുചിതമായി ആഘോഷിക്കുന്നതിലേയ്ക്കുള്ള പദ്ധതികളും പരിപാടികളും നടത്തുന്നതിന് ധനസമാഹരണം ഒരു പ്രധാന ഘടകമാണ്. ആയതിലേയ്ക്ക് ഓരോ കരയോഗാംഗവും 2000 രൂപ വീതവും ഒരേ വീട്ടിൽ മൂന്നോ അതിൽ കൂടുതലോ കരയോഗാംഗങ്ങളുള്ളവർ 5000 രൂപയും ശതാബ്ദി ഫണ്ടിലേയ്ക്ക് നൽകണമെന്നുള്ള തീരുമാനം 23-6-2024 ൽ കൂടിയ 99-ാം വാർഷികപൊതുയോഗം നിശ്ചയിച്ച വിവരം കരയോഗാംഗങ്ങളെ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ജനറൽ സെക്രട്ടറി
എറണാകുളം കരയോഗം

# അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

## ശതാബ്ദി പ്രത്യേക ആനുകൂല്യ ആജീവനാന്ത/ അസ്സോസ്സിയേറ്റ് അംഗത്വം

23-6-2024 ൽ കൂടിയ എറണാകുളം കരയോഗം പൊതുയോഗം എറണാകുളം കരയോഗം നിയമാവലി 5, 7(i) (ii), 8,9,10,11,13,14 എന്നീ വകുപ്പുകളും അതിന്റെ ഉപവകുപ്പുകളും നിലനിർത്തിക്കൊണ്ട് കരയോഗത്തിലെ ഓരോ അംഗങ്ങൾക്കും അവരവരുടെ കുടുംബാംഗങ്ങൾക്ക് (അച്ഛൻ, അമ്മ, ഭർത്താവ്, ഭാര്യ, മക്കൾ) 2024 ജൂലൈ മാസം 15-ാം തീയതി മുതൽ 2025 ഡിസംബർ 31 വരെ അംഗത്വഫീസിൽ ഇളവു നല്കി അംഗത്വം നല്കുവാൻ തീരുമാനം എടുത്തിട്ടുണ്ട്. അതിൻ പ്രകാരം ആ ജീവനാംഗ അംഗത്വത്തിന് നിലവിലുള്ള ഫീസായ 25000 രൂപയെന്നത് 15000 രൂപയായും അസോസിയേറ്റ് അംഗത്വത്തിന് 50000 രൂപയെന്നത് 35000 രൂപയായുമാണ് നിശ്ചയിച്ചിരിക്കുന്നത്. എല്ലാ അംഗങ്ങളും ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

ജൂലൈ 15-ാം തീയതി മുതൽ കുടുംബാംഗങ്ങൾക്കുള്ള പ്രത്യേക ആനുകൂല്യ അംഗത്വത്തിനുള്ള അപേക്ഷാഫാറം കരയോഗം ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്

ജനറൽ സെക്രട്ടറി
എറണാകുളം കരയോഗം

# ആരാണ് അമ്മ

ഡോ. രാജേശ്വരി കുഞ്ഞമ്മ – 9388382009

*തുടർച്ച*

**കു**ട്ടിയുടെ ശാരീരിക വളർച്ച പോഷണ സമ്പൂർണ്ണവും, സാഹചര്യങ്ങൾ അനുയോജ്യമായി വരികയും ചെയ്യുമ്പോൾ കുട്ടിയുടെ സാമൂഹ്യബന്ധവും ജീവിക്കാനുള്ള ത്വരയും ലക്ഷ്യബോധവും, മറ്റുള്ളവരുമായി ഇടപെടാനുള്ള കഴിവും കുട്ടിക്കുണ്ടാകും. എന്തൊക്കെയാണ് കുട്ടിയുടെ വളർച്ചക്ക് വേണ്ടത്. സ്നേഹമസൃണമായ പെരുമാറ്റം, കരുതൽ, വളരാനുള്ള സൗകര്യവും പ്രേരണയും, കളി, മാതൃകാപരമായി കണ്ടു വളരാനുള്ള ആളുകൾ (റോൾ മോഡൽ) സ്വാതന്ത്യം, ആവശ്യത്തിനുള്ള അച്ചടക്കം, ആശയവിനിമയ സാധ്യത, സ്വാഭിമാനം, അംഗീകാരം, ഇവയൊക്കെ 6 വയസ്സുവരെയുള്ള കാലഘട്ടത്തിലെ ആവശ്യങ്ങളാണ്. ഇവിടെയാണ് കുടുംബത്തിന്റെ പങ്ക്. കുട്ടികൾക്കാവശ്യമുള്ള വിദ്യാഭ്യാസപരവും, കലാ കായികരംഗങ്ങളോടുള്ള അഭിരുചി, തുടങ്ങിയവ മനസ്സിലാക്കി കുട്ടിയുടെ യഥാർത്ഥ കഴിവു കണ്ടുപിടിക്കുക. താരതമ്യങ്ങൾ ഒഴിവാക്കി അംഗീകരിക്കണം. ഈ പ്രായത്തിൽ ഒരു കുട്ടിയും സഹിക്കാത്ത ഒന്നാണ് അധിക്ഷേപം വരെ മറ്റുള്ളവരുടെ മുൻപിൽ വച്ചും അതു വീട്ടിലുള്ളവരുടെയായാലും മുൻപില് മാറ്റി നിർത്തുകയോ കളിയാക്കുകയോ ചെയ്യരുത്. അത് അവർക്ക് സഹിക്കില്ല. നമ്മളെ അടിച്ചും താഴെ കിടന്ന് ഉരുണ്ടുമൊക്കെ അവർ പ്രതികരിക്കും. രക്ഷകർത്താക്കളിൽ വിശ്വാസം വരണം. വാക്കുകൾ പാലിക്കപെടാവുന്നതുമാത്രമേ പറയാവൂ. എന്തെങ്കിലും പാലിക്കപെടാൻ സാധിച്ചില്ലെങ്കിൽ അവരോടു വിശദമാക്കണം. വീടു ഒരു സുരക്ഷിത സ്ഥാനമാണെന്നവർക്ക് തോന്നണം. ആവശ്യമില്ലാത്ത് പ്രാധാന്യം എല്ലാം അന്യ ആളുകൾക്കും കൊടുക്കാതെ എന്നാൽ പ്രാധാന്യത്തോടുകൂടി അന്യ ആളുകൾ അന്യരാണെന്നുള്ള ബോധം അവരിൽ ഉളവാക്കണം. എല്ലാവരേയും ബഹുമാനിക്കാനും എതിർലിംഗത്തിലുള്ള വരെ ബഹുമാനത്തോടു കൂടി നോക്കികാണുവാനും പഠിപ്പിക്കുകയും രക്ഷകർത്താക്കൾ എങ്ങനെയെന്നു കാണിച്ചു കൊടുക്കുകയും വേണം.

**വിദ്യാഭ്യാസ സ്ഥാപനം–** ആധുനിക യുഗത്തിലെ കുട്ടികൾ എല്ലാ ഇലക്ട്രോണിക് ഉപകരണങ്ങളുടേയും പ്രവർത്തനം മനസിലാക്കിയവരാണല്ലോ. അതിനനുസരിച്ചുള്ള ആധുനിക കളിപ്പാട്ടങ്ങളും മറ്റു സൗകര്യങ്ങളും സ്കൂളിൽ ഉണ്ടായിരിക്കണം. കുട്ടികളുടെ പഠിത്തത്തിലും കാര്യങ്ങൾ ഗ്രഹിക്കാനുള്ള കഴിവുകൾ തുടങ്ങിയവയും മനസിലാക്കാൻ കഴിവുള്ള പരിശീലനം സിദ്ധിച്ച് അധ്യാപകരാണ് നഴ്സറി ക്ലാസുകളിൽ വേണ്ടത്.

അങ്ങനെ വരുമ്പോൾ ADHA, ലേണിംഗ്ഡിസേ ബലിറ്റീസ് തുടങ്ങിയവ മനസിലാക്കി ചികിത്സകൾ നടത്താൻ സഹായകമാകും. അതുപോലെ തന്നെ കുട്ടികളുടെ അഭിരുചി, കഴിവ് ഇവയെല്ലാം മനസിലാക്കി പ്രോത്സാഹിപ്പിക്കാൻ കഴിയും. പഞ്ചേന്ദ്രിയങ്ങളിൽ നിന്നും ഗ്രഹിക്കാനുള്ള കഴിവ്, ചെറിയ കാര്യങ്ങളിൽ നിന്നും പടിപടിയായി വലുതിലേക്കു എത്താനും ആത്മവിശ്വസവും ലോകത്തെതന്നെ കുറച്ചൊക്കെ വിശ്വാസിക്കാമെന്നും, ജീവിതത്തിന്റെ അർത്ഥം മനസിലാക്കാനുള്ള ചിന്താഗതിയും ഒക്കെ ആ പ്രായം മുതൽ വളർത്തിയെടുത്താൽ വ്യക്തിത്ത്വത്തിൽ വളരെ മാറ്റം ഉണ്ടാകും. എന്താകണമെന്നും,

എങ്ങനെ വളരുമെന്ന് ചിന്തിച്ചുറപ്പിക്കാനും ഈ പ്രായത്തിൽ കഴിയണം. കുട്ടിതാനേ വളരും ശരിയാണ്. പക്ഷേ കാലം മാറി ചെമ്പരിത്തിക്കും ബൊഗേൻ വില്ലക്കും വെള്ളവും വളവുമിട്ടു വളർത്തുകയാണല്ലോ.

കൂട്ടുകാർക്കും അവരുടേതായ പങ്ക് വഹിക്കാനുണ്ട്. വളരുന്തോറും സുഹൃദ്ബന്ധങ്ങളിൽ കൂടുതൽ താല്പര്യമുണ്ടാകുക സ്വാഭാവികമാണ്. മൂല്യാധിഷ്ഠിതമായ കാഴ്ചപാടും മുതിർന്നവരോടുള്ള പെരുമാറ്റവും ഒക്കെ സ്വാധീനിക്കാവുന്ന ഒരു കാലഘട്ടത്തിൽ സ്നേഹിതൻ ആര് എന്ന ചോദ്യമുയരേണ്ടതായിട്ടുണ്ട്. സ്നേഹം, വിശ്വാസം ഇതെല്ലാം സതീർത്ഥ്യരും സമപ്രായക്കാരുമായ കുട്ടികളിൽ നിന്നാണ് പാലിക്കുന്നത്. സ്നേഹിതർ തള്ളി പറഞ്ഞാലവർക്ക് സഹിക്കില്ല. അതുപോലെ നിഷേധാത്മകമായ പെരുമാറ്റവും സ്വാധീനിക്കും. ടി വി തുടങ്ങിയ മാധ്യമങ്ങൾ, അസോസിയേഷനുകൾ ഇവയെല്ലാം സ്വാധീനം ചെലുത്തുന്നതിന്റെ ഫലമായി ഹീറോ വർഷിപ്പ് ചിലപ്പോൾ ഉണ്ടാകുന്നത്.

ഫ്രോയിഡ് എന്ന മനശാസ്ത്രജ്ഞന്റെ അഭിപ്രായത്തിൽ 3 മുതൽ 6 വരെയുള്ള പ്രായത്തിൽ ആൺകുട്ടികൾക്ക് അമ്മയോടും പെൺകുട്ടിക്കച്ഛനോടും സ്നേഹകൂടുതൽ കാണും. ഇവിടെ അമ്മയുടേയും അച്ഛന്റേയും കുറ്റം പറയുന്നവർ ശ്രദ്ധിക്കണം. എറിക്സൺ പറയുന്നത് കുട്ടികൾ അവരുടെ പ്രായത്തേക്കാളും കൂടുതൽ ഉത്തരവാദിത്ത്വം കാണിക്കുമ്പോൾ രക്ഷകർത്താക്കളുമായി പ്രശ്നം ഉണ്ടാകുന്ന അവർക്ക് ചിലപ്പോൾ കുറ്റബോധം ഉണ്ടാകുകയും ചെയ്യും. ഏതായാലും പാരമ്പര്യവും ബയോളജിക്കലും മാനസികപരവുമായ ഒരു നല്ല അന്തരീക്ഷം ഉണ്ടായാൽ കുട്ടിക്കു നല്ല ശാരീരിക മാനസികാരോഗ്യം കാണാമെന്നതിൽ സംശയമില്ല.

*(തുടരും)*

*****

## എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം

എൽഡർ സിറ്റിസൺഫോറത്തിന്റെ 26-ാമത് വാർഷികം 28-07-2024 ഞായറാഴ്ച രാവിലെ 10 മണിക്ക് കാവേരി ഹാളിൽ വെച്ച് നടത്തപ്പെടുന്നതാണ്. അഡ്വ. ബാലഗോപാലിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ ജനറൽസെക്രട്ടറി ശ്രീ. പി. രാമചന്ദ്രൻ (വേണു) മുഖ്യപ്രഭാഷണം നടത്തുന്നതാണ്. തദനന്തരം ഇ സി എഫ് അംഗങ്ങളുടെ കലാപരിപാടികളും ഉണ്ടായിരിക്കുന്നതാണ്.

## എറണാകുളം കരയോഗത്തിൽ അഖണ്ഡ രാമായണ പാരായണം

**ശ്രീ. എൻ.ടി. കാർത്തികേയന്റെ നേതൃത്വത്തിൽ**

**2024 ജൂലൈ മാസം 18- ാം തീയതി വ്യാഴാഴ്ച**

**രാവിലെ 6.30 മുതൽ ടി.ഡി.എം. ഹാളിൽ**

# അവരുടെ വഴികൾ, അവരുടെ ശരികൾ

പ്രീത ജയകുമാർ –8319638274

**അ**റിവിൻ വെളിച്ചമേ ദൂരെപ്പോ.... ദൂരെപ്പോ

വെറുതെ സൗന്ദര്യത്തെ കാണുന്ന കൺ പൊട്ടിച്ചു

രുഗ്മിണി ടീച്ചർ ഒന്നാം ക്ലാസിലെ പിഞ്ചു കുഞ്ഞുങ്ങൾക്ക് കൊച്ചുകൊച്ചു പാട്ടുകൾ ആംഗ്യത്തോടെ ഭാവാത്മകമായി ചൊല്ലി കൊടുക്കുകയാണ്.

സ്കൂൾവർഷം ആരംഭിച്ചിട്ടേയുള്ളൂ.

പല കുട്ടികളും മുനിഞ്ഞും കരഞ്ഞും മൂക്കു ചീറ്റിയും ക്ലാസ്സിനെ മുഖരിതമാക്കി. ടീച്ചർ പലരെയും അടുത്തുവിളിച്ചും തലോടിയും ഉമ്മവെച്ചും പാട്ടുപാടിയും കഥ പറഞ്ഞും അന്തരീക്ഷത്തിന് ഇളം തെന്നലിന്റെ കുളിർമ പകരാൻ ശ്രമിക്കുന്നുണ്ട്. എന്നാലും ഇടയ്ക്കിടക്ക് ഏങ്ങലും കെന്തിക്കെന്തിയുള്ള കരച്ചിലും ഒരു ചിനുപിനു മഴ പോലെ.....

ചിലർ ഉറക്കം തൂങ്ങുന്നു. ഒരുണ്ണി ട്രൗസറിൽക്കൂടി മൂത്രമൊഴിച്ചു. അതുവരെ കരഞ്ഞു കൊണ്ടിരുന്നു വേറൊരു ഉണ്ണി മിടുക്കൻ, പെട്ടെന്ന് പൊട്ടിച്ചിരിച്ച് മറ്റേ ഉണ്ണിയുടെ പുണ്യാഹം തളി എല്ലാവർക്കും ചൂണ്ടിക്കാണിച്ചു.

ക്ലാസ്സിലാകെ ചിരിയുടെ മാലപ്പടക്കം.... മൂത്രക്കാരൻ ഉണ്ണി, രഘു നാണം കൊണ്ട് മുഖം പൊത്തി, പുറത്തേക്ക് ഓടി.

ഒന്നാം ക്ലാസിൽ ഇങ്ങനെ എത്രയെത്ര അനർഘ നിമിഷങ്ങൾ കടന്നുപോകും...

എല്ലാം ടീച്ചർ വളരെ സമർത്ഥമായി കൈകാര്യം ചെയ്യും.

കുട്ടികൾക്കൊക്കെ ടീച്ചറെ വളരെ ഇഷ്ടമാണ്. ഒപ്പം പേടിയും. ടീച്ചർ വേദനിപ്പിക്കില്ല. പക്ഷേ ചിലപ്പോൾ ഒരു നോട്ടം നോക്കും

എന്നാൽ കൃഷ്ണമോഹനന് ടീച്ചറെ ഭയങ്കര പേടിയാണ്. എച്ച് എം.മിന്റെ മകൻ, പാവം ഓരോമനക്കുട്ടൻ. വീട്ടിൽ അരുമ. സ്ക്കൂളിൽ വരാൻ വലിയ മടിയാണ്. അവൻ വന്നാൽ പാട്ടിലാക്കാൻ, രഹസ്യമായി മിഠായിയോ ചിത്രങ്ങളുള്ള സ്റ്റിക്കറോ, ടീച്ചർ കരുതി വെക്കും. വന്നാൽ കൈക്കൂലി കൊടുത്തു നോക്കാൻ.

അവൻ വാങ്ങിയിട്ടു വേണ്ടേ...

അവന്റെ ഹാജർ വളരെ കുറവാണ്. ഒരു പക്ഷേ ക്ലാസിലെ ഏറ്റവും കുറവ്.

വീട്ടിലുള്ളവരും അവനെ സ്കൂളിലയയ്ക്കാൻ പഠിച്ച പണി പതിനെട്ടും നോക്കി. അവനോട് മാത്രം ഒരു പകരവുമില്ല.

മാഷേ ഒരു മാഷ്ടെ കുട്ടി തന്നെ ഇങ്ങനെയായാൽ, മറ്റു കുട്ടികളോട് എങ്ങനെ പറയും.

ടീച്ചർ എച്ച് എംനോട് പറഞ്ഞു നോക്കി. മാസ്റ്റർക്കും വലിയ വിഷമമുണ്ട്. എന്തു പറഞ്ഞാലും കുട്ടി സ്കൂൾ സമയമായാൽ അമ്മയുടെ പിടി വിടാതെ ഉറച്ചു നിൽക്കും. അവസാനം അമ്മ അച്ഛനോട് പറഞ്ഞു.

ടീച്ചറോട് അവന്റെ പേടി ഒന്നു മാറ്റാൻ പറയൂ. അവനെ ഇപ്പൊ ഒന്നും പറഞ്ഞ് വേദനിപ്പിക്കണ്ടാന്നും.

മാസ്റ്റർ ഒന്നും ആലോചിക്കാതെ ടീച്ചറോട് പറഞ്ഞു, ടീച്ചർ അവനെ തല്ലൊന്നും വേണ്ട, അവന്റെ മടിയൊക്കെ മാറും, അവന്റെമ്മ പ്രത്യേകം പറഞ്ഞു ടീച്ചറോട് പറയാൻ.

ഒരദ്ധ്യാപകൻ, പ്രത്യേകിച്ചും എച്ച് എം, തന്റെ കുട്ടിക്കുവേണ്ടി ഇങ്ങനെ പറയാമോ, ടീച്ചർക്ക് അതത്ര പിടിച്ചില്ല. എന്തോ ഒരു ദൃഢത ആ മുഖത്ത് പ്രകടമായി.

കുറെ ദിവസം കഴിഞ്ഞപ്പോൾ, കൃഷ്ണമോഹൻ മറ്റു കുട്ടികളെപ്പോലെ സ്ഥിരമായി

സ്ക്കൂളിൽ വന്നു തുടങ്ങി. പക്ഷേ അപ്പോഴേക്കും മറ്റു കുട്ടികൾ ഒരു പാട് മുമ്പിൽ എത്തിക്കഴിഞ്ഞിരുന്നു. ഇവനാകട്ടെ, തുടക്കക്കാരനും. എച്ച്.എം ക്ലാസിൽ വന്നപ്പോൾ വളരെ ഭവ്യതയോടെ ടീച്ചറോട് മകന്റെ പഠന കാര്യം സൂചിപ്പിച്ചു.

ടീച്ചർ, കൃഷ്ണനെ ഒന്നു ശ്രദ്ധിക്കണേ, അവൻ ഇതുവരെ ക്ലാസിൽ വരാത്തതു കാരണം ഒന്നും അറിയില്ല. വീട്ടിൽ പറഞ്ഞുകൊടുക്കാൻ വിളിച്ചാൽ എനിക്ക് ടീച്ചർ പഠിപ്പിച്ചാൽ മതി എന്നാ പറയുക.

പക്ഷേ ടീച്ചർ അവനെ തഴഞ്ഞു. കുട്ടിക്ക് ഓരോ ക്ലാസിലും വേണ്ട അറിവ് സായത്തമാക്കാൻ കഴിഞ്ഞില്ല. അടിത്തറയില്ലാതെ എന്ത് വീട് കെട്ടാൻ അവസാനം നിരങ്ങി നീങ്ങി അവൻ ഏഴാം ക്ലാസിലെത്തി.

പുതിയ ടീച്ചർ രത്നമ്മ, അവനെ മിനക്കെട്ടിരുന്ന് പഠിപ്പിച്ചു. ശനിയും ഞായറും വീട്ടിൽ വിളിച്ചുവരുത്തി പഠിപ്പിച്ച് ഒരു സാധാരണ നിലവാരത്തിൽ എങ്ങനെയോ എത്തിച്ചു.

അതിനിടയിൽ ക്ലാസിൽ കുട്ടികളുടെ സംഖ്യ വേണ്ടത്രയില്ലാത്തതിനാൽ ടീച്ചർക്ക് വേറെ സ്കൂളിലേക്ക് പ്രൊട്ടക്ഷൻ കൊടുത്തു മാറ്റമായി, അതോ, ജില്ലയുടെ മറ്റേ തലയ്ക്കൽ....

ടീച്ചർക്കാണെങ്കിൽ ആറുമാസം പോലുമാകാത്ത ഒരു കൈക്കുഞ്ഞും, മേലെ മൂന്നാണ്മക്കളും ഭർത്താവും വീട്ടിൽ

മുലകുടി പ്രായമായ കുട്ടിയെ കൂടെ കൊണ്ടുപോയി, സ്കൂളിന്റെ അടുത്തൊരു വീട്ടിൽത്തന്നെ താമസമാക്കി. ഭർത്താവും മൂന്നു മക്കളും വീട്ടു ജോലിക്ക് ഒരു സ്ത്രീയും വീട്ടിലും. ആറുമാസം കഴിഞ്ഞാൽ തിരിച്ചു പേരെന്റ് സ്ക്കൂളിൽ എത്തും. ഒരു റിട്ടയർമെന്റ് ഒഴിവ്. വീക്കെന്റിൽ ടീച്ചർ വീട്ടിൽ വരും.

മധ്യവേനൽ അവധിക്ക് സ്ക്കൂൾ പൂട്ടി വീട്ടിൽ വരുമ്പോൾ എല്ലാവർക്കും നല്ല സന്തോഷം. എല്ലാവരും ഉന്മേഷവാന്മാർ.

നാല് പെറ്റ ടീച്ചർക്ക്, വീട്ടിലെ അന്തരീക്ഷത്തിൽ നിഴലിക്കുന്ന മങ്ങൂഴം ഒരു അസ്വസ്ഥത ഉളവാക്കി. ഒരു ദിവസം വളരെ നേരത്തെ ഉണർന്ന ടീച്ചർ കണ്ടത് വേലക്കാരിയമ്മ വീടിനു പിൻഭാഗത്തിരുന്നു ഛർദ്ദിക്കുന്നതാണ്.

ടീച്ചർ ആരോടും ഒന്നും പറഞ്ഞില്ല. ചെറിയ കുട്ടിയെ എടുത്ത് ഡ്രസ്സും പായ്ക്ക് ചെയ്ത് അല്പം ദൂരെയുള്ള സ്വന്തം വീട്ടിലേക്കു പോയി.

ഒരിക്കൽ പെറ്റമ്മയെയും അവിവാഹിതയായ ചേച്ചിയെയും ഇട്ടെറിഞ്ഞു പോയതാണ്. പെറ്റമ്മയല്ലേ, നെഞ്ചത്ത് ചവിട്ടിയാലും ചവിട്ടിയ കാൽ നൊന്തോ എന്ന് ദുഖിക്കുകയല്ലേ ചെയ്യൂ...

(ഭർത്താവിനുവേണ്ടി വൃദ്ധയും അശരണയുമായ അമ്മയെ ഉപേക്ഷിച്ചു പോയതാണ്. അമ്മ മകളെ ആഞ്ഞുപിടിച്ചു മാറോടു ചേർത്ത് കരഞ്ഞു.)

പച്ചക്കാട്ടിലൊരു മഞ്ഞക്കിളി പോലെ, ആ മനോഹരഗ്രാമത്തിൽ, നെൽവയലുകൾക്കിടയിലൂടെ ചാടിച്ചാടി നടന്നിരുന്ന തന്റെ സുന്ദരിക്കുട്ടി എന്നും അമ്മയുടെ കണ്മുന്നിലുണ്ട്. എട്ടാംതരം പാസ്സായ തന്റെ പൊന്നുമോളെ തുടർന്ന് പഠിപ്പിക്കാൻ ആ അമ്മയ്ക്കായില്ല. എങ്ങനെയൊക്കെയോ തട്ടിമുട്ടി കടന്നു പോകുന്നു.

പക്ഷെ കൃഷ്ണൻകുട്ടിയേട്ടൻ രുക്മിണിയെ കണ്ടപ്പോൾ അന്തം വിട്ടുപോയി. കണിക്കൊന്ന പൂത്ത പോലെ, ഇളമാൻ കിടാവ്പോലെ, ഒരു പെൺകിടാവ്....

തന്റെ കൃഷിസ്ഥലത്തേക്ക് അവരെ കാണാനെന്ന വ്യാജേന കൂടെക്കൂടെ വരും.

അവളെ എനിക്ക് കല്യാണം കഴിച്ചു തന്നാൽ ഞാൻ പഠിപ്പിച്ചു ടീച്ചറാക്കും. എനിക്ക് അവളെ മാത്രം മതി, സ്വത്തോ മുതലോ വേണ്ട

അയാൾ അവളുടെ അമ്മയോടും സ്വന്തക്കാരോടും പറഞ്ഞു

അയാൾ അവരെ കല്യാണം കഴിച്ചു. ഉമക്കു ശങ്കരനും രമക്കു ഹരിയും പോലത്തെ ജോഡി.

കല്യാണശേഷം ടീച്ചർ ട്രെയിനിംഗിനു ചേർന്നു. നല്ല മാർക്കോടെ ട്രെയിനിങ് പാസ്സായി.

അടുത്തുള്ള മാനേജ്മെന്റ് സ്കൂളിൽ ജോലിയുമായി അന്ന് ജോലിക്കു കോഴയൊന്നും കൊടുക്കേണ്ടാത്ത കാലം.

അങ്ങനെ രുക്മിണി ടീച്ചർ ആയി ഒന്നാം ക്ലാസ് ടീച്ചർ. ഒന്നാം തരം ടീച്ചർ

പതുക്കെയാണ് കൃഷ്ണൻകുട്ടിയേട്ടൻ ടീച്ചറെ തറവാട്ടിൽ നിന്ന് അടർത്തിയെടുത്തത്.

തന്റെ രുക്കുവിന് ആ വീട്ടിൽ വേണ്ടത്ര സുഖസൗകര്യങ്ങളില്ലത്രേ...

അവർ വേറെ വീട് പണിതു സൗകര്യങ്ങളുള്ള വീട്

നല്ലൊരു കൃഷിക്കാരനും നാട്ടുമുഖ്യസ്ഥനുമായിരുന്നു കൃഷ്ണൻകുട്ടി നായർ. നെല്ലും തേങ്ങയും പച്ചക്കറികളും പണിക്കാരും ഒക്കെക്കൂടി സമൃദ്ധിമയം.

അവരുടെ ദാമ്പത്യ വല്ലരിയിൽ നാലാൺ കുരുന്നുകൾ വളർന്നു.

മൂത്തവന് പതിനാറു വയസ്സായി. പത്തിൽ ജയിച്ചു. നാടുവിട്ടു.

ടീച്ചർ ഒരിക്കൽ പോലും മൂത്ത മൂന്നു മക്കളെയും അന്വേഷിച്ചില്ല. ഭർത്താവിനെ പറ്റി ഓർക്കുമ്പോൾ ഓക്കാനം വരും. അയാളുടെ അല്പം തവിട്ടുനിറമായ കണ്ണുകൾ കിട്ടിയ മൂന്നാമനെ അവർ കൂടുതൽ വെറുത്തു.

ഇതിനിടയിൽ കൃഷ്ണൻകുട്ടിനായർ പഠിച്ച പണി പതിനെട്ടും പയറ്റിനോക്കി. ഒന്നും നാലയലത്തുപോലും എത്തിയില്ല. ടീച്ചറുടെ അടുത്തുണ്ടോ വിലപ്പോവുന്നു.

പിന്നീട് അയാൾ ടീച്ചർ സ്ക്കൂളിൽ നിന്നും വിട്ടു വരുന്ന വഴിയിൽ തടുത്തു നിർത്തി. കൈയ്യിലെ ബാഗ് തട്ടിപ്പറിച്ചു. ടീച്ചർ വിട്ടുകൊടുത്തില്ല. പോലീസിൽ പരാതി നൽകി. പിറ്റേന്ന് പോലീസ് വന്നു രണ്ടു പേരെയും ചോദ്യം ചെയ്തു. രണ്ടാളെയും പോലീസ് സ്റ്റേഷനിലേക്ക് വിളിപ്പിച്ചു. ടീച്ചർക്ക് നിയമോപദേശം കൊടുത്തിരുന്ന മറ്റൊരു മാഷ് നല്ലൊരു ഹർജി അവർക്കു തയ്യാറാക്കി കൊടുത്തു. അയാളെ കാണാതിരിക്കാൻ വീണ്ടും മറ്റൊരു ദിവസം അവർ സ്റ്റേഷനിൽ പോയി. ആരു ശ്രമിച്ചിട്ടും ടീച്ചറെ മയപ്പെടുത്താൻ കഴിഞ്ഞില്ല.

അതിനിടയിൽ അയാൾ ഭൂമിയെല്ലാം വിറ്റു. ടീച്ചറുടെ ആഭരണങ്ങളും അയാൾ പണയപ്പെടുത്തി. ഇരിക്കുന്ന വീടുവരെ വിൽക്കാൻ അയാൾ ഒരുങ്ങുകയാണെന്നു ആരോ പറഞ്ഞവർ അറിഞ്ഞു. താൻ വിയർപ്പൊഴുക്കി കെട്ടിപ്പടുത്ത വീട് അയാൾ നഷ്ടപ്പെടുത്തുമെന്നു മനസ്സിലാക്കിയ ടീച്ചർ ഒരു ദിവസം കുട്ടിയേയും എടുത്ത് ആ വീട്ടിലേക്ക് തിരിച്ചുപോയി. അപ്പോഴേക്കും എല്ലാമായിരുന്നു അമ്മയും ഏടത്തിയും ഈ ലോകത്തോട് യാത്ര പറഞ്ഞിരുന്നു.

കൃഷ്ണൻകുട്ടി നായർ തനി പാപ്പരാകുകയും ചെയ്തിരുന്നു.

ടീച്ചർ ആ വീട്ടിൽ വേറെ കുടുംബമായി കഴിഞ്ഞു. അങ്ങനെ ഒരാൾ തന്റെ ജീവിതത്തിലുണ്ടെന്നു തന്നെ ഭാവിച്ചില്ല. ഒരു മേൽക്കൂരയ്ക്ക് താഴെ രണ്ടു കുടുംബം.

ഇതിനിടക്ക് രണ്ടാമത്തെ മകനും നാടുവിട്ടിരുന്നു. ടീച്ചർക്ക് വെറുപ്പ് തോന്നുന്ന മൂന്നാമത്തെ മകനും അച്ഛനുമാണ് വീട്ടിലിപ്പോൾ. മൂത്തവനെ ടീച്ചർ വെറുക്കാൻ കാരണം അവൻ കുറച്ചു മുതിർന്നവനായിട്ടു പോലും അച്ഛന്റെ ചണ്ടിത്തരം കണ്ടില്ലല്ലോ എന്നാണ്. അമ്മ വീട്ടിൽ വന്നതറിഞ്ഞു മൂത്ത മകൻ നാട്ടിലേക്ക് തിരിച്ചു വന്നു. അവനു കിട്ടിയ സ്വീകരണം അവനെ വളരെ വേദനിപ്പിച്ചു. അവർ അവനോട് മിണ്ടുകയോ അവനെ ഒന്ന് നോക്കുകയോ പോലും ചെയ്തില്ല. അവൻ വേഗം തന്നെ തിരിച്ചു പോയി.

കൃഷ്ണൻകുട്ടിനായരെ വാർധക്യവും കുറ്റബോധവും തീരെ അവശനാക്കി. ഭർത്താവുണ്ടായിട്ടും ടീച്ചർ ഒരു വിധവയെപ്പോലെ ജീവിച്ചു. കാലിയായ കഴുത്ത് കാതിലും തഥൈവ. ധരിക്കുന്നതോ വെള്ളവസ്ത്രം.

ആർക്ക് കണ്ടാലും വിധവയാണെന്ന് തോന്നും. അങ്ങനെ ഒരു കുടക്കീഴിൽ ജീവിച്ചവർ ഒരു മേൽക്കൂരയ്ക്ക് കീഴിൽ രണ്ടു ധ്രുവങ്ങളിൽ കഴിഞ്ഞു. ഏറെ താമസിച്ചില്ല, അയാൾ മരിച്ചു.

പിന്നീടാണ് ടീച്ചർ ജീവിച്ചത്. സർവാഭരണ വിഭൂഷിതയായി, വർണ്ണപ്പകിട്ടോടെ അവരുടെ ജീവിതം പച്ച പിടിച്ചു. ഭംഗിയുള്ള വേറൊരു വീട്ടുപണിതു. രണ്ടാമത്തെ മകനുവേണ്ടിയായിരുന്നു അത്. വിധി ഇവിടെയും ടീച്ചറെ തോൽപ്പിച്ചു. വീടിന്റെ പണി പൂർത്തിയായപ്പോഴേക്കും ടീച്ചർക്ക്അവനും ഭാര്യയും കുഞ്ഞും ഒരു അപകടത്തിൽ നഷ്ടപ്പെട്ടു. മൂത്തമകൻ തന്നിഷ്ടപ്രകാരം ദൂരെ നിന്നും ഒരു പെൺകുട്ടിയെ കല്യാണ കഴിച്ചു. ഇളയമകനെ നന്നായി പഠിപ്പിച്ചു അവനു മദ്രാസിലൊരു ജോലിയായി അവനവിടെയും. മൂന്നാമൻ വീട്ടിലും, ഈ കാലം ടീച്ചർ തനിക്കു നഷ്ടപ്പെട്ട മുതലൊക്കെ തിരിച്ചു പിടിച്ചു. ജീവിതമൊഴിച്ച്, മൂന്നാമനും കല്യാണം കഴിച്ചു. അവൻ ടീച്ചർക്ക് കുറേശ്ശേ സ്വൈര്യക്കേടുണ്ടാക്കുമെന്ന് ടീച്ചർക്ക് മനസ്സിലായി. അപ്പോൾ അവർ പുതിയ വീട്ടിലേക്കു താമസം മാറ്റി. ഇതിനിടെ, ടീച്ചറുടെ ആരോഗ്യവും ക്ഷയിച്ചു വന്നു. എന്നാലും ടീച്ചർ ആരെയും കൂട്ടാക്കിയില്ല.

ടീച്ചർ ഒറ്റയ്ക്ക് പുതിയവീട്ടിൽ കഴിഞ്ഞു. ഒരു ദിവസം രാത്രി പത്തുമണിക്ക് മൂന്നാമൻ ആ വഴി പോകുമ്പോൾ ലൈറ്റ് ഉണ്ട് വീട്ടിൽ. മുൻവശത്തെ വാതിൽ തുറന്നു കിടക്കുകയാണത്രേ. അവൻ കടന്ന് ചെന്നപ്പോൾ കിടക്കുന്നതിന്റെ അടുത്ത് ടീച്ചർ ഛർദ്ദിച്ചിരിക്കുന്നു. നീണ്ടു നിവർന്നു കിടക്കുന്നു. ഒരനക്കവുമില്ല. ജീവിതത്തോട് മല്ലടിച്ച് മല്ലടിച്ച് ഒരു ജീവിതം നഷ്ടമായി.

ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ മൂന്നാമൻ പുതിയ വീട്ടിലേക്ക് താമസം മാറ്റി. പഴയ വീട് അവൻ വാടകയ്ക്ക് കൊടുത്തു. ടീച്ചറുടെ ലക്ഷക്കണക്കിനുള്ള സമ്പാദ്യം മുഴുവൻ അവൻ ധൂർത്തടിച്ചു. പുതിയ കാർ വാങ്ങി. കാറിനു ഡ്രൈവറെയും വെച്ചു.

മൂത്തവനും, ഏറ്റവും ഇളയവനും അമ്മയുടെ മരണക്രിയകൾ കഴിഞ്ഞു പോയതാണ്. പിന്നെ തിരിഞ്ഞു നോക്കിയിട്ടില്ല.

സ്കൂളിലും ടീച്ചർക്ക് ആരെയും വിശ്വാസമുണ്ടായിരുന്നില്ല. ടീച്ചർക്ക് അനീതിയായി തോന്നുന്ന എന്തിനെയും ടീച്ചർ എതിർത്തു.

വല്ലായ്മകൾ ദേവകൾ വരുത്തുന്നതെങ്കിലും പൊറുക്കാത്ത രുക്മിണി ടീച്ചർ പെരുതി മരിച്ചു. വിട്ടുവീഴ്ചയില്ലാതെ, ആർക്കും അടിമപ്പെടാതെ ഒരു തെറ്റും പൊറുക്കാൻ കഴിയാതെ...ജീവിതം ഒരു വാശിയോടെ അവർ ജീവിച്ചു തീർത്തു.

അവരുടെ വഴികൾ....അവരുടെ ശരികയായിരുന്നു....

*****

(പേജ് 15 ന്റ തുടർച്ച)

തന്റെ അടുത്തെത്തിച്ച് അവനെ തൃശൂലത്തിൽ കോർത്തു. തുടർന്ന് ദാരുകന്റെ ശരീരത്തിൽ നിന്ന് ഭൂമിയിൽ പതിച്ച രക്തം വേതാളം നക്കി കുടിച്ചു. ദേവി കരവാളാൽ ദാരുകന്റെ ശിരസ് വിഛേദിച്ചു. തുടർന്ന് ദാരുകൻ തടങ്കലിൽ ആക്കിയ ദേവന്മാരെയും ദേവസ്ത്രീകളെയും മോചിപ്പിച്ചു ദാരികപുരി തകർത്തു.

ദേവീ മാഹാത്മ്യത്തിലും മാർക്കണ്ഡേയപുരാണത്തിലും ദേവീ ഭാഗവതത്തിലുമായി ദേവിയുടെ നിരവധി കഥകൾ ഭാരതത്തിൽ പ്രചാരത്തിൽ ഉണ്ടെങ്കിലും കേരളത്തിൽ ഏറ്റവും പ്രചാരമുള്ള കഥ ദാരുകവധത്തിന്റെതാണ്. കേരളത്തിന്റെ വടക്കെ അറ്റം മുതൽ തെക്കേ അറ്റം വരെ എല്ലാ കലകളിലും അനുഷ്ഠാനങ്ങളിലും നിറഞ്ഞ് നിൽക്കുന്നത് കാളി ദാരുക കഥയാണ്. കേരളീയ പാരമ്പര്യ കലകളിൽ ഇവയുടെ സ്വാധീനത്തെപ്പറ്റി നമുക്ക് അടുത്ത അദ്ധ്യായത്തിൽ കാണാം.

തുടരും .........

# നമ:ശിവായ

ഡോ. കെ. ഹരിഹരൻ – 9847313322

*തുടർച്ച*

സമഷ്ടി ഹിരണ്യഗർഭനകത്താണ് മുഴുവൻ ജഗത്തും എന്നു വേദാന്തം പറയുന്നു. അതിൽ നമ്മളും ഉണ്ട്. പക്ഷെ അതിനെ പുറത്തെന്ന പോലെ കാണുന്നു. ബാഹ്യവസ്തുക്കളുടെ വ്യാവഹാരിക ആസ്തിത്വത്തെ മാനിക്കേണ്ടതാണ്. അത് സമഷ്ടിവാസനാമയമാണ്. പ്രബോധം എപ്പോൾ ഉണ്ടാവുന്നുവോ, സാക്ഷാത്കാരം അഥവ ബ്രഹ്മസാക്ഷാത്കാരം എപ്പോൾ ഉണ്ടാകുന്നുവോ അപ്പോൾ മുഴുവൻ ജഗത്തും ബാധിതമാകും. (ഇല്ലാതാകും). രജ്ജുസാക്ഷാത്കാരം വരുമ്പോൾ (കയറാണെന്നു മനസ്സിലാകുമ്പോൾ) സർപ്പം ബാധിതമാകുന്നതുപോലെ. രജ്ജുസർപ്പ ഉദാഹരണം പ്രതിഭാസികമാണെന്നതും ഇവിടെ ഉദാഹരണമായ ജഗത്ത് വ്യാവഹാരികമാണെന്നതും ഓർമ്മയിൽ വേണം. പ്രബോധമുണ്ടാകുമ്പോൾ തന്നെ നമ്മുടെ വ്യഷ്ടിഭാവം സമാപ്തമാവുകയും സമഷ്ടിമായ ബാധിതമാകുകയും ചെയ്യും. അപ്പോൾ സമസ്ത ബാഹ്യാർത്ഥങ്ങളും ബാധിതമാകും. അപ്പോൾ അദ്വിതീയവും അപരിച്ഛിന്നവുമായ ആത്മാവിനെ നമുക്ക് ദർശിക്കുവാൻ കഴിയും. ഇതിന്റെ ദർശനം ചെയ്യുന്നവനാണ് നമ്മുടെ ആദിഗുരു. ദക്ഷിണാമൂർത്തി, ദക്ഷിണാമൂർത്തിരൂപസ്ഥനായ ഭഗവാൻ ശങ്കരൻ. എങ്ങനെയാണോ ശങ്കരൻ യോഗത്തിന്റെ ആദിനാഥനായിരിക്കുന്നത് അതുപോലെ വേദാന്തത്തിന്റെ ആദിഗുരുവാണ് ഭഗവാൻ ശങ്കരൻ. ആ ശങ്കരഭഗവാനാണ് ശ്രീ ദക്ഷിണാമൂർത്തി രൂപത്തിൽ ബ്രഹ്മാവിനേയും സനകാദികളേയും ഉപദേശിച്ചത്.

രണ്ടു പ്രകാരത്തിൽ ഭഗവാന് അർച്ചന നടത്താം. ഒന്ന്, ഗംഗാജലം, ശുദ്ധജലം ചന്ദനം എന്നിവയാൽ ഭഗവാന് പൂജ ചെയ്യുക. രണ്ട് ജ്ഞാനഗംഗയിൽ പവിത്രതനായി ശുദ്ധസ്വരൂപപാദത്തിനു ശേഷം ആഹ്ളാദരൂപിയായ ചന്ദനം കൊണ്ട് ചർച്ചിതനാകൂ രണ്ടും ആവശ്യമാണ്. വേദാന്തത്തിൽ ആധ്യാത്മപക്ഷമാണ് മുഖ്യമെങ്കിലും അദിഭൂതപക്ഷവും സാധനകോടിയിൽ സ്വീകാര്യമാണ്. മന്ദാകിനിയാൽ ഭഗവാനെ അഭിഷേകം ചെയ്യുക. ഗംഗാജലംകൊണ്ടുവന്ന് വീട്ടിൽ സൂക്ഷിക്കുക. അതിൽ വേറെ ജലമൊഴിച്ച് ഗംഗാജലമുണ്ടാക്കുക. പരമാത്മാവും ഈ കാര്യം ചെയ്തിട്ടുണ്ട്. ഗോമുഖിൽ ഗംഗ ഒരു ചെറിയ ധാരയാണ്. ഗംഗോത്രിയിലെത്തുമ്പോൾ അല്പം വർദ്ധിക്കും. ഉത്തരകാശിയിൽ അൽപം കൂടി വർദ്ധിക്കും. അന്യജലത്തോട് ചേർന്നാണ് ഗംഗ വർദ്ധിക്കുക. ദേവപ്രയാഗ, രുദ്രപ്രയാഗ, വിഷ്ണുപ്രയാഗ ഇങ്ങനെ അനേകം പ്രയാഗകളുണ്ട്. കൂടി കലരുന്ന സ്ഥലമാണ് പ്രയാഗ. ഏറ്റവും പ്രധാനപ്പെട്ട സംഗമസ്ഥലമാണ് പ്രയാഗ് രാജ്. അവിടെ ഗംഗ, യമുനയോടു ചേരുന്നു. പിന്നെ അങ്ങ് കൽക്കത്ത വരെ എത്രയെത്ര നദികളെയാണ് ഭഗവാൻ യോജിപ്പിക്കുന്നത്. അതുപോലെ നമ്മൾ ഗംഗാജലത്തോട് വേറെ ജലം ചേർത്താലും ഗംഗാജലം ഗംഗാജലമായിരിക്കു. ആദ്യം യമുനയാണ് ഉണ്ടായിരുന്നതെന്ന് പറയുന്നുണ്ട്. ഭഗീരഥന് ഗംഗയെകൊണ്ടുവന്ന് യമുനയോടു ചേർത്തപ്പോൾ, യമുനയും ഗംഗയായി. ഗംഗാജലത്താൽ ഭഗവാന് നിത്യവും അഭിഷേകം ചെയ്യുക സരളമായി പറഞ്ഞാൽ മന്ത്രം ചൊല്ലി ഭാവനയാൽ തന്നെ ഗംഗാജലമാക്കുക. ഗംഗേ ച യമുനേ ചൈവ എന്നുള്ള മന്ത്രത്താൽ സകല തീർത്ഥങ്ങളും ഉപസ്ഥിതമാകും. അതുകഴിഞ്ഞ് സലിലമെന്നു പറഞ്ഞു. അതിന് ശുദ്ധജലം എന്നർത്ഥം ഗ്രഹിക്കണം. തീർത്ഥജലം, പഞ്ചാമൃതാദിയായ സ്നാനശേഷം ശുദ്ധജലത്താലും അഭിഷേകം ചെയ്യാറുണ്ട്. ശുദ്ധോദകസ്നാനം സമർപ്പയാമി എന്നു പറയും. അതിനുശേഷം ചന്ദനലേപനവും കുങ്കുമലേപനവും പങ്കജഹാരസമർപ്പണ

വുമുണ്ട്. അധ്യാത്മപക്ഷത്തിൽ മന്ദാകിനിയെ ജ്ഞാനഗംഗ എന്നു പറഞ്ഞു. മന്ദം അകതി വക്രതയ ഗഛതി വളരെ മന്ദഗതിയിൽ പ്രാപ്തമാകുകയും ചെയ്യും. ഗംഗ ചിലപ്പോൾ വിപരീതഗതിയിൽ ഒഴുകുകയും നിൽക്കുകയും ചെയ്യും. തടസ്സങ്ങളെ തട്ടിമാറ്റി ഒഴുക്കിന് വേഗം കൂട്ടേണ്ടതുണ്ട്. ജ്ഞാനഗംഗയ്ക്ക് കുടില ഗതിയാണ്. ആ ജ്ഞാനഗംഗ ശിവനെ അവഗാഹനം ചെയ്യുന്നു. സലിലത്തിനർത്ഥം പവിത്രമെന്ന് മനസ്സിലാക്കണം. രജോഗുണം തമോഗുണത്തെയകറ്റുന്നു. അപ്പോൾ നിർമ്മല സത്വത്താൽ ചിത്തം പവിത്രമാകുന്നു. അതുതന്നെ ശുദ്ധജലം ആ ജലത്താലാണ് അഭിഷേകം ശുദ്ധമനോവൃദ്ധിധാരയാണ്. ശിവഭഗവാനിൽ ചെയ്യേണ്ടത് ചന്ദനം ആഹ്ളാദത്തിന്റെ പ്രതീകമാണ്. ചദി ആഹ്ലാദേ, മനചത്യക്ചിത്തേ ഏതു തത്ത്വത്തെ അറിഞ്ഞിട്ടാണോ മഹാപുരുഷന്മാർ അമൃതസരോവരത്തിൽ മുങ്ങി നീന്തിത്തുടിച്ചു ആനന്ദം അനുഭവിക്കുന്നത്, ആശ്ചര്യകരമായ ആന്തരതത്ത്വംമറ്റൊന്നുമല്ല. ശിവതത്ത്വം തന്നെയാണ്. ഇപ്രകാരം, മന്ദാകിനിയാൽ ജ്ഞാനഗമൃത, സലിലത്താൽ പാവനത, ചന്ദനത്താൽ ആനന്ദരൂപത എന്നിവ സൂചിതമാക്കി, ഇതേ ജ്ഞാനപ്രസാദത്താൽ പവിത്രമനസ്സായി ആനന്ദഭാവനയെ വർദ്ധിപ്പിക്കാനുള്ള പ്രയത്നം ദീർഘകാലം ചെയ്യാനുള്ള പ്രേരണയാണ് നൽകിക്കൊണ്ടിരിക്കുന്നത്.

ഭഗവാൻ ശങ്കരനെ നന്ദികളുടെ ഈശ്വരൻ, പ്രമഥന്മാരുടെ നാഥൻ, മഹീയമാനന്മാരുടെ ഈശ്വരൻ എന്നീ വിശേഷണങ്ങളാൽ നന്ദി പ്രമഥൻ, അല്ലെങ്കിൽ മഹീയമാനൻ എന്നീ സ്വരൂപങ്ങളുടെ അടുത്തെത്തണം എന്ന സൂചനയാണ് നൽകിയിരിക്കുന്നത്. ഭഗവാൻ ശങ്കരൻ സർവ്വേശ്വരനാകയാൽ മൂന്ന് വിശേഷോപാദാനങ്ങളുണ്ട്. ഈ മൂന്നിൽ ഒന്നെങ്കിലും ആയിത്തീരാൻ നമുക്കു കഴിഞ്ഞാൽ, ഭഗവാന്റെ അടുത്തെത്താൻ ഒരവസരം ഉണ്ടാകും.

ദേവലോകത്ത് അഞ്ച് വൃക്ഷങ്ങളുണ്ട്. പഞ്ചതേ ദേവതരവോ മന്ദാര പാരിജാതക സന്താന കല്പവൃക്ഷശ്ച പുംസിവാ ഹരിചന്ദനം മന്ദാരം, പാരിജാതം, സന്താനവൃക്ഷം, കല്പവൃക്ഷം ഹരിചന്ദനം എന്നിവയാണ് ആ വൃക്ഷങ്ങൾ. ഇക്കാലത്ത് ദേശിയെന്നും വിദേശിയെന്നും രണ്ടുതരം. വസ്തുക്കളുണ്ടല്ലോ. അതുപോലെ ഭൂലോകിയെന്നും ദേവലോകിയെന്നും രണ്ടുതരം വസ്തുക്കൾ പണ്ടുണ്ടായിരുന്നു മന്ദാരം എന്നാൽ പ്രവാളവൃക്ഷം, മൂംഗിയെന്നും പറയും. പാരിജാതത്തിന്റെ മറ്റൊരു പേരാണ് ബഹുപുഷ്പപാരിജാതത്തിൽ ധാരാളം പുഷ്പങ്ങളുണ്ടാകും ഈ രണ്ടു വൃക്ഷങ്ങളും ഭൂലോകത്തിൽ സാധാരണവും, ദേവലോകത്തിൽ ദിവ്യവുമാണ്. സന്താനം കല്പവൃക്ഷം, ഹരിചന്ദനം, ഇവയെല്ലാം ഇവിടെ ഗ്രാഹ്യമാണ്. സന്താനാദികൾ ഭൂലോകത്തിലില്ലാത്തതുകൊണ്ട് രണ്ടു വൃക്ഷങ്ങളുടെ പേരെ പറഞ്ഞിട്ടുള്ളൂ. മന്ദാരവും പാരിജാതപുഷ്പവും പ്രാധാന്യമുള്ളവയാണ്. സന്താനത്തിന്റെ ഇലകൾക്കാണ് പ്രാധാന്യം. ശാഖകൾ വിരിച്ച് ഇലകൾ ഇടതൂർന്ന് പന്തലിച്ചു നിൽക്കും. ഇതിന്റെ തണൽ വിശാലവും സുഖദായകവുമാണ്. അതുകൊണ്ട് ഇലകൾക്ക് പ്രാധാന്യം. തുളസിയും കൂവളവും പത്രപ്രധാനമാണ്. കല്പവൃക്ഷമാകട്ടെ, ഫലപ്രധാനമാണ്. പൂജാസരളങ്ങളിൽ സരളവും അതേസമയവും കഠിനങ്ങളിൽ കഠിനവുമാണ്. കാശിവിശ്വനാഥ്, രാമേശ്വരം, തിരുപ്പതി എന്നീ സ്ഥലങ്ങളിൽ വലിയ പൂജകൾ നടക്കുന്നുണ്ട്. അവ സർവ്വസാധാരണ ജനങ്ങൾക്ക് ദർശിക്കാം. സ്വയം പൂജ ചെയ്യാനാകില്ല. ദർശനം തന്നെ അതികഠിനം, തിക്കും തിരക്കും ഉണ്ടാകും. ധാരാളം സമയം കാത്തുനിൽക്കണം. അതിസരളമായ പൂജാവിധികൾ ഭഗവാൻ തന്നെ പറഞ്ഞിട്ടുണ്ട്. വേറൊന്നും സാധിച്ചില്ലെങ്കിൽ പത്രപുഷ്പാദികൾ തന്നെ സമർപ്പിക്കാം. പത്രമെന്നാൽ തുളസീദളം, വില്വപത്രാദികൾ പുഷ്പമെന്നാൽ ചമ്പകാദി പൂക്കൾ ഇനി ഒന്നും ലഭ്യമല്ലെങ്കിൽ അൽപം ജലമായാലും മതി, ജലം സമർപ്പിക്കൂ. എന്നാണ് ഭഗവാൻ ശങ്കരൻ പറയുന്നത്.

ജലധാരപ്രിയ ശിവ

പത്രശബ്ദത്തിന് പർണ്ണം എന്നർത്ഥമുണ്ട്. സംസാരവൃക്ഷത്തിന്റെ പർണ്ണമാണ് ഇവിടെ

യടുക്കുന്ന അർത്ഥം. വേദവാണി തന്നെയാണ് പർണ്ണം അല്ലെങ്കിൽ പത്രം. വേദവാണികളാൽ സ്തുതിച്ചുകൊണ്ട് ഭഗവാന് വാണിയുടെ സമർപ്പണം ചെയ്യുക. ഇതാണിതിന്റെ ആദ്ധ്യത്മികാർത്ഥം. ഇത് വളരെ മഹത്വപൂർണ്ണമാണ്. കടലാസ്സിനും പത്രമെന്ന് പറയാറുണ്ട്. പണ്ട് ഇലകളിലും ഓലകളിലുമാണ് എഴുതിയിരുന്നത്. അതുകൊണ്ട് പത്രമെന്ന് പേരു വന്നു. എന്തെങ്കിലും എഴുതാൻ സാധിക്കുന്നതാണ് പത്രം. വാണി തന്നെയാണ് ലിഖിതമാകുന്നതും വാണീസമർപ്പണമാണ് പത്രം എന്ന പദം കൊണ്ട് സൂചിതമാകുന്നത്. എന്തു പറയുന്നോ, അതുതന്നെ എഴുതുന്നു. എഴുതുമ്പോൾ ആ വാക്ക് ദൃഢമാകുന്നു. തന്നെ വാക്കിനെ ഭഗവാന് സമർപ്പിക്ക് തന്റെ വാക്ക് അധികവും ഭജന-കീർത്തനാദികൾക്കായി ഉപയോഗിക്കുക. ശ്രീമദ്ഭാഗവതത്തിൽ പറയുന്നു. ഭഗവാന്റെ ഗുണകഥനത്തിനായി വാക്കുകൾ പ്രയോഗിക്കുക.

കുസുമം, സുമനാഃ എന്നൊരു വചന പ്രയോഗമുണ്ട്. ശോഭനമായൊരു മനസ്സ് എവിടെയുണ്ടോ അവിടെ പുഷ്പമുണ്ട്. ശോഭന മനസ്സുടെ അന്തകരണം, അല്ലെങ്കിൽ ശോഭനമായ മനം തന്നെ സുമനം. വാക്ക് അർപ്പിച്ചതിനു ശേഷമുള്ള മനസ്സിന്റെ സമർപ്പണമാണ് വേണ്ടത് മൂന്നാമത്തെത് ഫലസമർപ്പണമാണ്. ഫല എന്നാൽ കർമ്മഫലം, ഉപാസനയുടെ ഫലം എന്നെല്ലാം അർത്ഥമാകുന്നു. ഇതുപോലെ തോയം എന്നതിന്റെ അധിഭൂത അർത്ഥം ജലമെന്നാണ്. തോയ പര്യായങ്ങളിൽ ജീവനഭൂവനമ വനം എന്ന് പറഞ്ഞിട്ടുണ്ട്. ജലം ജീവൻ തന്നെയാണ്. ആപോമയ പ്രാണ എന്ന് ശ്രുതി.

മന്ദാരപുഷ്പ ബഹു പുഷ്പസൂപൂജിതായ മദി-സ്തുതി-മോദ-മദ-സ്വപ്ന-കാന്തി-ഗതിഷു. മോദയുക്തമായ മനസ്സ് മന്ദാരപുഷ്പമാണ്. അത്യന്തം അനുഗൃഹീതമായ മനസ്സാണ് ബഹു പുഷ്പ പുഷ്പം. ഇങ്ങനെയുള്ള മനസ്സാകുന്ന കുസുമം അർപ്പിക്കുന്നതുകൊണ്ട് ഭഗവാൻ മന്ദാരപുഷ്പ ബഹുപുഷ്പ സംപൂജിതനായി തീരും. മന്ദാരം ദേവ വൃക്ഷമാണ്. ബഹുപുഷ്പമെന്നാൽ പാരിജാതം. ഒരു പുഷ്പ പദം കൊണ്ട് തന്നെ തന്ത്രത പുഷ്പം എന്നർത്ഥം കിട്ടും. സന്താനവൃക്ഷത്തിന്റെ പത്രങ്ങളും കല്പനവൃക്ഷത്തിന്റെ ഫലങ്ങളും ഹരിചന്ദനം സുചിതമായ ശീതളജലത്തിനും ഇവയാൽ സുപൂജിതൻ എന്നു പറഞ്ഞാൽ, താൽപര്യം ഇവകളൊക്കൊണ്ട് പൂജിതക്കുന്ന എന്നതാണ്. ഇതിൽ മന്ദാരവും പാരിജാതവും ദേശീകളാണ് അവ സ്വർഗ്ഗത്തിൽ ലഭിക്കാൻ സാദ്ധ്യതയില്ല. മന്ദാരത്തിന് കേവലം പുഷ്പങ്ങളേയുള്ളൂ. ഫലം ഉണ്ടെങ്കിലും അത് ഉപയോഗിക്കാറില്ല. അതുപോലെ പാരിജാതവും പൂക്കൾ ഉപയോഗിക്കും. കായ്കൾ ഉപയോഗിക്കില്ല. സന്താനവൃക്ഷത്തിന് കൂവളം എന്ന് അർത്ഥമെടുക്കാവുന്നതാണ്. എന്തെന്നാൽ അതിന്റെ ഇലകളാണ് പ്രധാനം. ഭഗവാൻ വിഷ്ണുവും പൂക്കളാൽ ശങ്കരപൂജചെയ്തിട്ടുണ്ട്.

ബ്രഹ്മാ-വിഷ്ണു വിവാദത്തിനിടെ ഒരു ജ്യോതിർലിംഗം പ്രകടമായി. അതിന്റെ ആദിയും അന്ത്യവും രണ്ടുപേർക്കും മനസ്സിലായില്ല. രണ്ടു പേരും ശങ്കരഭഗവാനെ ശരണം പ്രാപിച്ചു.

തതോ ഭക്തിശ്രദ്ധാഭരഗുരുഗൃണദ്ബ്യാം ഗിരി സ്വയം തസ്ഥേ താഭ്യാം അവർക്ക് ശങ്കരൻ തന്നെ പ്രകാശനം ചെയ്തു കാണിച്ചു, ദർശനം നൽകി. പ്രകാശനം എന്ന അർത്ഥത്തിലാണ് ത്സ്ശേയുടെ പ്രയോഗ നമശിവായ മന്ത്രം ഉപദേശിക്കുകയും ചെയ്തു. മന്ത്രത്തിന്റെ ആദ്യ ഗുരു ശങ്കരൻ തന്നെയാണ്. വിഷ്ണു ദീർഘകാലം നമശിവായ ജപിച്ച് തപസ്സ് ചെയ്തു. ശിവ സഹസ്രനാമമന്ത്രങ്ങളാൽ ശിവപൂജ ചെയ്തു. വിഷ്ണു ദിവസവും ആകാശ ഗംഗയിൽ വിരിഞ്ഞ ആയിരം താമരപ്പൂക്കൾ പറിച്ചുകൊണ്ടുവന്ന് പൂപ്പാലികയിൽ വയ്ക്കുമായിരുന്നു. അതിനുശേഷമാണ് പൂജ ആരംഭിക്കുന്നത്. ഇതിൽ നിന്നും മനസ്സിലാകുന്നത് താമരപ്പൂക്കളാലും സംപൂജനം ചെയ്യാമെന്നാണ്.

*(തുടരും)*

# മഴക്കാല രോഗങ്ങൾ

ഡോ. പാർവ്വതി. കെ.എസ്. - 9497791093

## ജലജന്യരോഗങ്ങൾ

കുടിവെള്ളത്തിലൂടെയും മറ്റും രോഗാണുക്കൾ മനുഷ്യശരീരത്തിൽ പ്രവേശിക്കുന്നതിലൂടെയാണ് ഇവ ഉണ്ടാകുന്നത്.

**കോളറ**

ജലത്തിലൂടെ പകരുന്ന രോഗങ്ങളിലൊന്നാണ് കോളറ. വിബ്രിയോ കോളേറേ എന്ന ബാക്ടീരിയയാണ് രോഗം പരത്തുന്നത്. വൃത്തിഹീനമായ ചുറ്റുപാടുകളിൽ നിന്നും ലഭിക്കുന്ന വെള്ളം, ആഹാരം എന്നിവയിലൂടെയാണ്. ഈ രോഗങ്ങൾ ശരീരത്തിലെത്തുന്നത്. ശരീരത്തിൽ കടക്കുന്ന ഇവ കോളറാ ടോക്സിൻ എന്ന വിഷവസ്തുവാണ് വയറിളക്കത്തിന് കാരണമാകുന്നത്. മനുഷ്യരുടെ മലവിസർജ്ജനം വഴി പുറത്താകുന്ന ഈ ബാക്ടീരിയകൾ കുടിവെള്ളത്തിൽ കലരുകയും അതിലൂടെ രോഗം പകരുകയും ചെയ്യുന്നു. ഇത്തരം ബാക്ടീരിയകൾക്ക് വെള്ളത്തിൽ വളരെയധികം നേരം ജീവിക്കാൻ കഴിവുള്ളതിനാൽ ഇത്തരം രോഗം പകരാൻ വഴിയൊരുക്കുന്നു. ഈച്ചയും ഈ രോഗം പരത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. ഒ.ആർ. എസ് ലായനിയുടെ ഉപയോഗത്തിലൂടെ ശരീരത്തിലെ നഷ്ടപ്പെട്ട് ജലം ഒരളവ് വരെ നിലനിർത്താനാവും.

**ടൈഫോയ്ഡ്**

സാൽമൊണെല്ലു ടൈഫി എന്ന ബാക്ടീരിയാണ് ടൈഫോയ്ഡിന് കാരണമാകുന്നത്. ക്ഷീണം, വയറുവേദന (ക്രമേണ വർദ്ധിച്ചു വരുന്ന പനി, തലവേദന, വയറിളക്കം എന്നിവയാണ് പ്രധാന ലക്ഷണങ്ങൾ.
രോഗവാഹകരുടെ മലത്തിൽ ഈ ബാക്ടീരിയ ധാരാളമായി കാണപ്പെടുന്നു. വെള്ളത്തിലും മറ്റും സാൽമോണെല്ലു ടൈഫിയുടെ സാന്നിദ്ധ്യം ഉണ്ടാകാൻ ഇത് ഇടയാക്കുന്നു. ഭക്ഷണസാധനങ്ങളിൽ വന്നിരിക്കുന്ന ഈച്ചയിലൂടെയും അസുഖം വ്യാപിക്കും. തുടർന്ന് കുടലിലെത്തുന്ന ബാക്ടീരിയ രക്തത്തിൽ പ്രവേശിക്കുകയും പിത്താശയം, കരൾ, ഡ്പ്ലീൻ തുടങ്ങിയ അവയവങ്ങളുടെ പ്രവർത്തനത്തെ തകരാറിലാക്കുകയും ചെയ്യുന്നു.
തുറസ്സായ സ്ഥലങ്ങളിലുള്ള വിസർജ്ജനം, വൃത്തി രഹിതമായ ജീവിതരീതി കൈകഴുകാതെ ഭക്ഷണം കഴിക്കൽ എന്നിവ രോഗം വരാനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു.

**വയറിളക്കം**

ഓരോ വർഷവും അഞ്ചു വയസ്സിൽ താഴെയുള്ള ലക്ഷണക്കണക്കിന് കുട്ടികളാണ് ഇത് കാരണം മരിക്കുന്നത്. ശരീരത്തിൽ നിന്നുള്ള അമിത ജലനഷ്ടമാണ് ഈ രോഗത്തെ ഇത്രയും മാരകമാക്കുന്നത്. ഒരു ദിവസം മൂന്നോ അതിൽ കൂടുതലോ തവണ ഇളകി മലം പോകുകയാണെങ്കിൽ അതിനെ വയറിളക്കമായി കണക്കാക്കാം.

**മഞ്ഞപ്പിത്തം**

ഹെപ്റ്ററ്റിസ് എബിസിഡിഇ എന്നിങ്ങനെ അഞ്ച് തരങ്ങൾ ഉണ്ട്. അതിൽ ഹെപ്റൈറ്റിസ് എ, ഹെപ്പറൈറ്റിറ്റിസ് ഇ എന്നിവയാണ് വെള്ളത്തിലൂടെയും ഭക്ഷണത്തിലൂടെയും പകരുന്നത്. രോഗാണു ശരീരത്തിൽ കയറി രണ്ട്, ആറ് ആഴ്ച കഴിഞ്ഞാലേ രോഗലക്ഷണങ്ങൾ പൂർണ്ണമായും വെളിവാകുകയുള്ളൂ. ക്ഷീണം, പനി, ഓക്കാനം, വിശപ്പില്ലായ്മ കൺവെള്ളയിലും തൊലിപ്പുറത്തും മഞ്ഞനിറം പ്രത്യക്ഷപ്പെടുക എന്നിവയാണ് **പ്രധാന ലക്ഷണങ്ങൾ.**

**പ്രതിരോധ മാർഗ്ഗങ്ങൾ**

* ശുചിയായ ഭക്ഷണം കഴിക്കുക.
* തിളപ്പിച്ചാറിയ വെള്ളം കുടിക്കുക

**വൈറൽ പനി**

മഴക്കാലത്ത് കുട്ടികളിലാണ് വൈറൽ പനി കൂടുതൽ കാണുന്നത്. ഇൻഫ്ലുവെൻഡഎ വൈറസാണ് മനുഷ്യനെ ബാധിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നത്. രോഗം ബാധിച്ച ആളിൽ നിന്നും ശ്വസനം, തുമ്മൽ എന്നീ പ്രക്രിയ വഴി രോഗം പകരാം.
പനി, തലവേദനം, പേശി, വേദന, ക്ഷീണം, വിശപ്പില്ലായ്മ എന്നിവയാണ് ലക്ഷണങ്ങൾ.

**പ്രതിരോധ മാർഗ്ഗങ്ങൾ**

- ശുചിയായ തിളപ്പിച്ചാറിയ വെള്ളം കുടിക്കുക
- കൈകൾ നന്നായി വൃത്തിയാക്കുക.
- പരിസരം ശുചിയാക്കുക

**കൊതുക് പരത്തുന്ന രോഗങ്ങൾ**

**ഡെങ്കപ്പനി**

ഈസിഡ് ജനുസിലെ ഈജിപ്ത്, അൽബോപിക്ട എന്നീ ഇനം പെൺകൊതുകുകൾ പരത്തുന്ന ഡെങ്കിവൈറസ് മൂലമുണ്ടാകുന്ന രോഗമാണിത്. ആരത്രോപോഡുകൾ(കീടങ്ങൾ)പകർന്നആർബോവൈറസ് (ഗ്രൂപ്പ് ബിയിൽ ഫിഫ്ലാവി വൈറസുകളാണ് ഇവ. ഡെങ്കിപനി ബാധിച്ച് രോഗിയിൽ നിന്നും ഈസിഡ് ഇനത്തിൽപെട്ട് പെൺ കൊതുകുകൾ രക്തം കുടിക്കുന്നതോടെ രോഗാണുക്കളായ വൈറസുകൾ കൊതുകിനുള്ളിൽ കടക്കുന്നു. 8-10 ദിവസങ്ങൾക്കുള്ളിൽ വൈറസുകൾ കൊതുകിന്റെ ഉമിനീർ ഗ്രന്ഥിയിൽ പ്രവേശിക്കുന്നു. ഈ കൊതുകുകൾ ആരോഗ്യമുള്ള ഒരാളിന്റെ രക്തം കുടിക്കുന്നതോടൊപ്പം രോഗാണുക്കളെ ശരീരത്തിനുള്ളിൽ പ്രവേശിപ്പിക്കുകയും ചെയ്യുന്നു.

രോഗാണുക്കൾ മനുഷ്യശരീരത്തിൽ 3-14 ദിവസം കഴിയുമ്പോൾ ശരാശരി 3-4 ദിവസം പനി മുതലായ രോഗലക്ഷണങ്ങൾ കണ്ടു തുടങ്ങുന്നു.

കടുത്ത പനി, തലവേദന, പേശിയിലേയും സന്ധിയിലേയും വേദന തൊലിപ്പുറത്തെ തിണർപ്പുകൾ എന്നിവയാണ് പ്രധാന ലക്ഷണങ്ങൾ. പനി ശക്തമാകുമ്പോൾ രക്തത്തിലെ പ്ലേറ്റലെറ്റുകളുടെ എണ്ണ കുറയുന്നത് രക്തസ്രാവത്തിന് ഇടയാക്കും. വായ, മൂക്ക്, കുടൽ തുടങ്ങിയ ഭാഗങ്ങലിൽ നിന്നുള്ള രക്തസ്രവം ഡെങ്കിപ്പനി ഗുരുതരമാകുന്നതിന്റെ ലക്ഷണങ്ങളാണ്.

രക്തപരിശോധന വഴി ഡെങ്കിപനിയാണോ എന്ന് ഉറപ്പുവരുത്താൻ സാധിക്കും. പ്ലേറ്റ്ലെറ്റ് കുറഞ്ഞുപോകാൻ സാധ്യതയുള്ളതിനാൽ കൂടെ കൂടെ രക്തപരിശോധന നടത്തേണ്ടത് അനിവാര്യമാണ്.

**പ്രതിരോധമാർഗ്ഗങ്ങൾ**

- ◆ കൊതുകവല ഉപയോഗിക്കുക,
- ◆ പരിസരങ്ങളിൽ വെള്ളം കെട്ടി നിർത്തൽ ഒഴിവാക്കുക.

**ജപ്പാനീസ് എൻസെഫെലൈറ്റിസ്**

തലച്ചോറിന്റെ ആവരണത്തെ ബാധിക്കുന്ന, കൊതുക് പരത്തുന്ന മാരകമായ ഒരിനം വൈറസ് രോഗമാണ് ജപ്പാനീസ് എൻസെഫെലൈറ്റിസ്.

ജ്വരത്തിന് കാരണമായ ഫ്ളാവി വൈറസിനെ ക്യൂലക്സ് കൊതുകുകളാണ് പരത്തുന്നത്. രോഗാണു ശരീരത്തിൽ പ്രവേശിപ്പിച്ചാൽ നാലുമുതൽ 15 ദിവസത്തിനുള്ളിൽ രോഗലക്ഷണങ്ങൾ പുറത്തു വരുന്നു. ശക്തമായ പനി, വിറയൽ, ക്ഷീണം, തലവേദന, ഓക്കാനവും ഛർദ്ദിയും, ഓർമ്മക്കുറവ്, മാനസിക വിഭ്രാന്തി, ബോധക്ഷയം എന്നിവയാണ് ലക്ഷണങ്ങൾ. മസ്തിഷ്കത്തെ ബാധിക്കുന്ന ഈ രോഗം മൂർച്ഛിച്ചാൽ മരണവും സംഭവിക്കാം.

ശക്തമായ പനി, കുളിര്, അപസ്മാരം, ശ്വാസതടസ്സം, തലച്ചോറിൽ നീർക്കെട്ട്, നാഡീസംബന്ധമായ പ്രശ്നങ്ങൾ തുടങ്ങിയ സങ്കീർണ്ണതകൾ കാണുന്നു. 45 ശതമാനത്തിലധികം രോഗബാധിതർ മരണപ്പെടാറുണ്ട്.

*****

# *ദൃക്ക്ദൃശ്യ വിവേകം*( *14* )

സി. നാരായണൻ- 9819456012

അടുത്ത 17, 18, 19 എന്നീ ശ്ലോകങ്ങൾ പരസ്പരപൂരകങ്ങളായതിനാൽ അവ മൂന്നും ഒന്നിച്ചു നിരൂപണം ചെയ്യുന്നതാണ് നന്നായിരിക്കുക. നമുക്ക് ആ ശ്ലോകങ്ങളെ പരിചയപ്പെടാം.

അസ്യ ജീവത്വമാരോപാത്
സാക്ഷിണ്യപ്യവഭാസതേ
ആവൃതൗ തു വിനഷ്ടായാം
ഭേദേ ഭാതേപയാതി തത് (17)

അസ്യ = വ്യാവഹാരിക ജീവന്റെ
ജീവത്വം = ജീവനെന്ന സ്ഥിതി
ആരോപാത് = ആരോപിക്കയാൽ
സാക്ഷിണി = ഞാൻ എന്നു വിവക്ഷിക്കപ്പെടുന്ന സാക്ഷിചൈതന്യത്തിലും
അവഭാസതേ = വിളങ്ങുന്നു
ആവൃതൗ വിനഷ്ടായാം = ആവരണം നഷ്ടപ്പെടുമ്പോൾ
ഭേദേ ഭാതേ = വ്യത്യാസം മനസ്സിലാക്കപ്പെടുമ്പോൾ
തത് = അത് (ജീവഭാവം)
അപയാതി = നഷ്ടപ്പെടുന്നു

(അദ്ധ്യാരോപത്താൽ, താൻ വേറിട്ടുള്ള ഒരു വ്യക്തിയാണെന്ന ജീവന്റെ പ്രമാദം സത്യമായ സാക്ഷിചൈതന്യത്തിലും കാണപ്പെടുന്നു. ആവരണം നശിച്ച്, ദ്രഷ്ടാവും, ദൃശ്യവും തമ്മിലുള്ള ഭേദം വെളിപ്പെടുമ്പോൾ ജീവഭാവം നശിക്കുന്നു.)

തഥാ സർഗ്ഗബ്രഹ്മണോശ്ച
ഭേദമാവൃത്യ തിഷ്ഠതി
യാ ശക്തിസ്തദ്വശാത്
ബ്രഹ്മ വികൃതത്വേന
ഭാസതേ (18)

തഥാ = അപ്രകാരം
സർഗ്ഗബ്രഹ്മണോ ഭേദം = സൃഷ്ടിയും ബ്രഹ്മവും തമ്മിലുള്ള ഭേദം
ആവൃത്യ = മറയ്ക്കപ്പെട്ട്
യാ ശക്തി = യാതൊരു ആവരണശക്തി
തിഷ്ഠതി = സ്ഥിതി ചെയ്യുന്നുവോ
തദ് വശാത് = അതിന്റെ സ്വാധീനത്താൽ
ബ്രഹ്മ = ബ്രഹ്മ
വികൃതത്വേന ഭാസതേ = വ്യത്യാസപ്പെട്ട് കാണപ്പെടുന്നു

(അപ്രകാരം തന്നെ ആവരണശക്തിയുടെ പ്രഭാവത്തിൽ, ബ്രഹ്മവും സൃഷ്ടിയും തമ്മിലുള്ള വ്യത്യാസം മറയപ്പെട്ട്, ബ്രഹ്മം പരിണമിച്ചതു പോലെ കാണപ്പെടുന്നു )

അത്രാപ്യാവൃതിനാശേന
വിഭാതി ബ്രഹ്മസർഗ്ഗയോഃ
ഭേദസ്തയോർവികാര
സ്യാത് സർഗ്ഗേ ന ബ്രഹ്മണി
ക്വചിത്. (19)

അത്ര അപി = ബാഹ്യജഗത്തിലും
ആവൃതിനാശേന = ആവരണനാശത്തിൽ
ബ്രഹ്മസർഗ്ഗയോ ഭേദഃ = ബ്രഹ്മവും സൃഷ്ടിയും തമ്മിലുള്ള വ്യത്യാസം
വിഭാതി = തെളിയുന്നു
തയോഃ സർഗ്ഗേ = അവ രണ്ടിൽ സൃഷ്ടിയിൽ
വികാരഃ സ്യാത് = പരിണാമങ്ങൾക്കവകാശമുണ്ട്
ബ്രഹ്മണി ന ക്വചിത് = ബ്രഹ്മത്തിൽ അതില്ല.

(ബാഹ്യജഗത്തിലും, ആവരണനാശത്തിൽ ബ്രഹ്മവും സൃഷ്ടിയും തമ്മിലുള്ള വ്യത്യാസം പ്രകടമായിത്തീരുന്നു.

സൃഷ്ടിയിൽ പരിണാമങ്ങൾക്കവകാശമുണ്ട്. എന്നാൽ ബ്രഹ്മത്തിൽ ഇല്ല തന്നെ )

ആദ്യം നിരൂപണവിഷയമാകുന്ന 17-ാ മത് ശ്ലോകത്തിലെ

'ആരോപാത്', എന്നും 'അപയാതി' എന്നുമുള്ള പദങ്ങൾ ശ്രദ്ധിക്കുക.

അവ ക്രമത്തിൽ അദ്ധ്യാരോപത്തേയും അപവാദത്തേയും സൂചിപ്പിക്കുന്നു

അജ്ഞാനികളെ

ബ്രഹ്മതത്ത്വം ബോധിപ്പിക്കാൻ ജ്ഞാനികൾ ഉപയോഗപ്പെടുത്തുന്ന പ്രധാനമായൊരു മാർഗ്ഗമാണ് അദ്ധ്യാരോപാപവാദം എന്ന പ്രക്രിയ.

ഒരു വസ്തുവിന്മേൽ അതിനു യഥാർത്ഥത്തിലില്ലാത്ത ധർമ്മങ്ങളെ ചാർത്തുന്നതിനെയാണ് അദ്ധ്യാരോപം എന്നു വിളിക്കുന്നത്. അതിനെ യുക്തിപൂർവ്വം നിരാകരിക്കുന്നതിനെ അപവാദം എന്നു പറയും. ഉദാഹരണത്തിന് വെള്ളത്തിനു നിറമില്ല. പക്ഷേ, വെള്ളത്തെ നീലയോ പച്ചയോ ആയ സ്ഫടികപാത്രത്തിൽ സംഭരിച്ചാൽ, ആ വെള്ളം പാത്രത്തിന്റെ നിറം ഉൾക്കൊണ്ടതു പോലെ തോന്നും. എന്നാൽ നിറമുള്ള ഉപാധികളോടു ചേർന്നു നിൽക്കുമ്പോൾ മാത്രമേ വെള്ളത്തിന് നിറം കിട്ടുന്നുള്ളൂ എന്ന വസ്തുത മനസ്സിലാക്കുമ്പോൾ, വെള്ളത്തിലെ നിറം അപവദിക്കപ്പെടുന്നു.

നമ്മുടെ ദൈനംദിനജീവിതത്തിലെ എല്ലാ വ്യവഹാരങ്ങളും ഇത്തരത്തിൽ ഓരോ ബാഹ്യധർമ്മങ്ങൾ വസ്തുക്കളിലും മനുഷ്യരിലും കൃത്രിമമായി ആരോപിച്ചാണ് നടക്കുന്നത്. ഒരു വ്യക്തിയും പോലീസായി ജനിക്കുന്നില്ല. എന്നാൽ സമൂഹം ഒരാളിൽ പോലീസിന്റെ അധികാരങ്ങൾ ചാർത്തി കൊടുക്കുമ്പോൾ, ലോക കാര്യത്തിൽ അയാൾ പോലീസായി.

അതു പോലെത്തന്നെയാണ് വസ്തുക്കളുടെ കാര്യവും. തോണി, മേശ, വാദ്യോപകരണം, പല്ലക്ക് എന്നിങ്ങനെ നാം ഒരു മരത്തടിയെ പലതാക്കി മാറ്റുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ ആ വസ്തുക്കളൊക്കെ മരത്തിൽ ആരോപിക്കപ്പെടുകയാണു ചെയ്യുന്നത്. സത്യത്തിൽ അവയെല്ലാം മരമാണെങ്കിലും, തോണിയായും മേശയായുമൊക്കെ വ്യവഹരിച്ചു പോരുന്നു. മരം എന്തു രൂപമെടുത്താലും അത് മരത്തിന്റേതായ വിശേഷതകൾ കൈവിടുന്നില്ല. എന്നാൽ താൽക്കാലികമായി വന്നു ചേർന്നിട്ടുള്ള മേശ, ബെഞ്ച് എന്നീ രൂപങ്ങളെ അനായാസേന വിട്ടുകളയുകയും ചെയ്യും.

ഒരാളിൽ പോലീസ്പദം , അദ്ധ്യാപകപദം എന്നിവയെല്ലാം സമൂഹം ചാർത്തുമ്പോൾ , അവയൊന്നും ആ വ്യക്തിയുടെ അവിഭാജ്യഘടകമായിത്തീരുന്നില്ലെന്നു വ്യക്തമാണല്ലോ. ഒരു പ്രത്യേക പ്രായമാകുമ്പോളോ , അല്ലെങ്കിൽ അതിനു മുൻപു തന്നെ സ്വേച്ഛയാലോ ആ പദവി ആ വ്യക്തിയിൽ നിന്നു നീക്കം ചെയ്യപ്പെടാറുണ്ട്. അങ്ങനെ നീക്കം ചെയ്യലിനെ അപവാദം എന്നു പറയും

നാമോരോരുത്തരും ജീവിതത്തിൽ അന്വേഷിക്കുന്നത് , ആത്യന്തികമായ സംതൃപ്തിയാണ്. അതു പ്രാപിക്കാൻ ലോകത്തിൽ രണ്ടു വഴികൾ ജനങ്ങൾ സ്വീകരിക്കാറുണ്ടെന്നാണ് കഠോപനിഷത്ത് പറയുന്നത്.

അവയിൽ ഒരു മാർഗ്ഗം പ്രേയസ്സിന്റേതാണ്, മറ്റേത് ശ്രേയസ്സിന്റേതും. ആദ്യം പറഞ്ഞത് അവിദ്യയുടേയും , രണ്ടാമത്തേത് വിദ്യയുടേയും മാർഗ്ഗങ്ങളാണ്.

ഈ അവിദ്യയെയാണ് നാം നിരൂപിക്കുന്ന ഗ്രന്ഥത്തിന്റെ പന്ത്രണ്ടാം ശ്ലോകത്തിൽ ആവരണം, വിക്ഷേപം എന്ന രണ്ടു ശക്തിവിശേഷങ്ങളോടു കൂടിയ മായാശക്തിയായി പറയപ്പെട്ടത്. മായയുടെ ഇപ്പറയപ്പെട്ട ശക്തികളാണ് അദ്ധ്യാരോപത്തിനു കാരണം. സാക്ഷിചൈതന്യം എന്ന സത്യമായ അധിഷ്ഠാനത്തിൽ ആരോപിക്കപ്പെട്ട സത്തകളാണ് സ്ഥൂലശരീരം, മനസ്സ്, ബുദ്ധി, അഹങ്കാരം എന്നിവ. സാക്ഷിചൈതന്യത്തിൽ ഭ്രാന്തിയാൽ ആരോപിക്കപ്പെട്ടിട്ടുള്ള ശരീരാദികളിൽ സത്യബുദ്ധി വെയ്ക്കയും, അവയുടെ തൃപ്തിക്കു മാത്രമായി പരിശ്രമിക്കലുമാണ് പ്രേയോമാർഗ്ഗം.

അതിൽ നിന്നു ലഭ്യമാവുന്ന സാഫല്യം അത്ര ബുദ്ധിമുട്ടില്ലാതെ പെട്ടന്ന് കിട്ടുന്നതും, പ്രകടവും ആകർഷകങ്ങളുമായിരിക്കും. എന്നാൽ അതുകൊണ്ട് ആത്യന്തികമായി അനർത്ഥമേ സംഭവിക്കൂ എന്നു പറയേണ്ടതില്ലല്ലോ. ഒരു മെഡിക്കൽ കോളേജ് വിദ്യാർത്ഥി, അയാൾ പഠിക്കുന്ന കോളേജിലെ ആർട്ട്സ് സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടെന്നിരിക്കട്ടെ.അതു വിദ്യാർത്ഥിയെന്ന അയാളുടെ വാ

സ്തവത്തിലുള്ള അവസ്ഥമേൽ താൽക്കാലികമായി ചാർത്തപ്പെട്ട ഒരു വിശേഷണമാണ്. അയാൾ താനൊരു വിദ്യാർത്ഥിയാണെന്ന വസ്തുത വിസ്മരിച്ച് , ആർട്ട് സെക്രട്ടറി എന്ന നിലയിൽ മാത്രം വിജയം കൈവരിക്കാൻ ശ്രമിച്ചാൽ അതിനേക്കാൾ വലിയ അനർത്ഥം അയാൾക്കു വരാനുണ്ടോ ? അത് , ദുർലഭമായി മാത്രം ആർക്കെങ്കിലും പ്രാപ്യമാകുന്ന മെഡിക്കൽ സീറ്റ് എന്ന അനുഗ്രഹത്തെ തട്ടിത്തെറിപ്പിക്കലല്ലേ ? പക്ഷേ, നമ്മിൽ ഭൂരിപക്ഷവും ചെയ്തുകൊണ്ടിരിക്കുന്നതും അതാണ്. അത്യന്തം ദുർലഭമായി ലഭിക്കുന്ന മനുഷ്യജന്മം ലഭിച്ചിട്ടും, മനുഷ്യജന്മത്തിൽ മാത്രം വെളിപ്പെടുന്ന സ്വരൂപത്തെ അറിയാനുള്ള മാർഗ്ഗത്തെ അവഗണിച്ച് , ആരോപിതമായ ശരീരം മനസ്സ് എന്നിവയുടെ തൃപ്തിക്കായി മാത്രം ശ്രമിച്ചുകോണ്ടിരിക്കുന്നു.

നാം പരിശോധിക്കുന്ന 17-ാം ശ്ലോകത്തിൽ സംസാരം എന്ന അനർത്ഥത്തിന്റെ കാരണവും അതിൽ നിന്നെങ്ങനെ മുക്തമാവാം എന്നും സൂചിപ്പിക്കുന്നുണ്ട്. കഴിഞ്ഞ ശ്ലോകത്തിൽ ജീവനെന്നാൽ , സാക്ഷിമാത്ര ചൈതന്യമായ ആത്മാവ് , അവിദ്യയുടെ പരിണാമമായ ബുദ്ധിയിൽ പ്രതിബിംബിക്കപ്പെട്ട സത്തയാണെന്നു പറഞ്ഞല്ലോ. ഈ സത്ത ദേഹേന്ദ്രിയാദികളെ താനെന്നഭിമാനിക്കുന്നു. പക്ഷേ പ്രതിബിംബത്തിനു ബിംബമില്ലാതെ നിലനിൽപ്പില്ലല്ലോ. അതുകൊണ്ട്, ചിദാഭാസനെന്ന പ്രതിബിംബം, സാക്ഷിചൈതന്യത്തെ വിട്ടുനിൽക്കുന്നതേയില്ല. അത്, താൻ പ്രതിബിംബിക്കുന്ന അന്തഃകരണത്തിന്റെ ധർമ്മങ്ങളെ ആത്മചൈതന്യത്തിലും, ഉണ്മ, ജ്ഞാനം മുതലായ ആത്മധർമ്മങ്ങളെ അന്തഃകരണത്തിലും ആരോപിക്കുന്നു. അന്തഃകരണധർമ്മങ്ങളെ ആത്മാവിൽ ആരോപിക്കുമ്പോൾ, ആത്മാവും അന്തഃകരണത്തപ്പോലെ ബദ്ധനാണെന്ന ഭ്രമം ജനിക്കുന്നു. അതായത്, സാക്ഷിചൈതന്യത്തിൽ ശരീരവും അന്തഃകരണവും വിളങ്ങുമ്പോൾ, ആ രണ്ടിനേയും ചിദാഭാസൻ സ്വസ്വരൂപമെന്നു ഭ്രമിക്കുന്നു (സത്യത്തിൽ ചിദാഭാസന്റെ സ്വരൂപം സാക്ഷിചൈതന്യമാണ്)പ്രതിബിംബത്തിനു പരമിതികളും തദ്വാരാ ക്ലേശങ്ങളുമുണ്ടെങ്കിൽ അവയേ അവഗണിക്കാവുന്നതേയുള്ളൂ. പക്ഷെ , ശ്ലോകത്തിൽ പറയുന്നതുപോലെ ആ പരിമിതികൾ സാക്ഷിയിലും ഉള്ളതായി തോന്നപ്പെടുന്നു.

(സാക്ഷിണി ഏവ അവഭാസതേ ) ശരിക്കുമില്ലാത്തത് വിളങ്ങുന്നതിനെയാണ് അവഭാസമെന്നു പറയുക

('പരത്ര അവഭാസഃ' എന്നാണ് ആചാര്യസ്വാമികൾ അധ്യാസത്തിനെ നിർവചിച്ചിട്ടുള്ളത് ) ഈ സംസാരത്തിൽ നിന്നെങ്ങനെ മുക്തമാവാം ?

ശ്ലോകത്തിന്റെ ഉത്തരാർദ്ധം

'ആവൃതൗ തു വിനിഷ്ടായാം ,

ഭേദേ ഭാതേ അപയാതി തത്' എന്നാണല്ലോ.

അതായത് , ആദ്യം വേണ്ടത് ' ആവൃതൗ തു വിനിഷ്ടായാം ' എന്നതനുസരിച്ച് , ആവൃതി അല്ലെങ്കിൽ അജ്ഞാനത്തെ നശിപ്പിക്കലാണ്. ജ്ഞാനം കൊണ്ടു മാത്രമേ അജ്ഞാനം നശിക്കൂ എന്നത് സാമാന്യബുദ്ധിയാണ്. ആത്മജ്ഞാനം ലഭിക്കുന്നത് ; ശ്രവണമനനനിദിദ്ധ്യാസം കൊണ്ടാണ്. ' ഞാൻ അവശനും നിസ്സാരനുമായ ജീവനാണ് ' എന്ന അബദ്ധധാരണ, നമ്മുടെ ജന്മജന്മാന്തരങ്ങളായുള്ള ധ്യാനം കൊണ്ടു സംഭവിച്ചതാണ്. അതിനെ നീക്കിക്കളയാൻ 'ഞാൻ അനന്തമായ ജ്ഞാനവും ആനന്ദവുമാണെ' ന്ന ധ്യാനം കൊണ്ടു മാത്രമേ സാദ്ധ്യമാവൂ. ആദ്യത്തേത് അസത്യമായതിനാൽ അതു മനസ്സിലുറപ്പിക്കാൻ എനിക്കു എത്രയോ ജന്മങ്ങ ളെടുത്തു. രണ്ടാമത്തേതു സത്യമായതിനാൽ , നിശ്ചയബുദ്ധിയുണ്ടെങ്കിൽ അത്ര സുദീർഘമായ ധ്യാനത്തിന്റെയൊന്നും ആവശ്യമില്ല. നിശ്ചയബുദ്ധി ഉറപ്പിക്കാനാണ് ശ്രവണമനനങ്ങൾ.

' ഭേദേ ഭാതേ അപയാതി തത് ' എന്നതിന്റെ അർത്ഥം താഴെ പറയുന്ന പോലെയാണ്.

ഇവിടെ 'തത് 'എന്നു പറയുന്നത് ജീവത്വം എന്ന ഭ്രാന്തിയെയാണ്. 'ഭേദേ ഭാതേ' എന്നു പറഞ്ഞാൽ, അധിഷ്ഠാനമായ ചൈതന്യ

വും, ആരോപിതമായ ജീവനും തമ്മിലുള്ള അന്തരം സ്പഷ്ടമാകുക എന്നർത്ഥം. ആ ഭേദം മനസ്സിലാക്കൽ വിവേകം കൊണ്ടു സാധിക്കേണ്ട ഒന്നാണ്. അധിഷ്ഠാനവും ആരോപിതവും തമ്മിലുള്ള ഭേദമെന്തെന്നാൽ, ഒന്നു സത്യവും മറ്റേത് മിത്ഥ്യയുമാണ്. ഒന്നു ദൃക്കും മറ്റേത് ദൃശ്യവുമാണ്. അവ രണ്ടും, വെളിച്ചവും ഇരുട്ടും പോലെ വിരുദ്ധസ്വഭാവമുള്ളവയാണെങ്കിലും, അവിദ്യയുടെ അത്ഭുതകരമായ പ്രഭാവത്തിൽ അവ ഒന്നിച്ചു കാണപ്പെടുന്നു.

സ്വർണ്ണവളയിൽ സ്വർണ്ണം എന്ന ലോഹവും വള എന്ന വളയരൂപവുമായുള്ള ബന്ധത്തെ നിരൂപിച്ചാൽ മതി. സ്വർണ്ണമെന്നാൽ തൂക്കവും, തിളക്കവും, പ്രത്യേക രാസഘടനയുമൊക്കെയുള്ള ഒരു മൂലകമാണ്. എന്നാൽ വളയമോ? അതിനെ തൊടാൻ കഴിയുമോ? അതിനു സ്വർണ്ണമോ അതു പോലെ മറ്റെന്തെങ്കിലും ആധാരമില്ലാതെ നില നിൽക്കാൻ പോലും സാധിക്കുമോ ? യഥാർത്ഥത്തിൽ വള സ്വർണ്ണത്തിൽ ആരോപിതമാണെങ്കിലും, സ്വർണ്ണത്തിന്റെ രാസഘടനയേയൊ മറ്റു വിശേഷതകളെയേയോ അതു ബാധിക്കുന്നില്ല. സ്വർണ്ണവളയുടെ രഹസ്യം മനസ്സിലായാൽ, വള എന്ന രൂപം സത്യമേയല്ല എന്നു മനസ്സിലാവും. അതു പോലെ, ജീവാത്മപരമാത്മാവിന്റെ രഹസ്യം മനസ്സിലായാൽ ജീവത്വം താനെ ഊരി വീഴും. ജീവത്വം നഷ്ടപ്പെടുന്നതിന് വേദാന്തത്തിൽ പല പേരുകൾ പറയാറുണ്ട്. ആത്മസാക്ഷാത്ക്കാരം, ബ്രഹ്മസാക്ഷാത്ക്കാരം, ബ്രഹ്മാവഗതി, കൈവല്യം, നിർവാണം എന്നെല്ലാമാണവ. അത് കൃത്രിമമായി ഉണ്ടാക്കേണ്ട ഒരവസ്ഥയാണെന്ന് ഒരിക്കലും കരുതരുത്. കൃത്രിമത്തിന്റെ നേരെ വിപരീതമായ, സ്വാഭാവികതയാണ് അതിന്റെ പ്രകൃതം

ഈ ലേഖനത്തിന്റെ തുടക്കത്തിൽ സൂചിപ്പിക്കപ്പെട്ട ശ്രേയസ്സിന്റേയും പ്രേയസ്സിന്റേയും മാർഗ്ഗങ്ങൾ ഒന്നു കൂടെ വിശദമായി പരിശോധിക്കുന്നത് നന്നായിരിക്കും.

ആത്മാവിൽ ആരോപിതങ്ങളായ മനോബുദ്ധികളുടെ ആഗ്രഹങ്ങളെ സഫലീകരിക്കാൻ മാത്രം ശ്രമിക്കുന്നതാണല്ലോ പ്രേയോമാർഗ്ഗം. അത് മനുഷ്യലോകത്തിലേ യും മരണാനന്തരലോകങ്ങളിലേയും സുഖം തേടുന്ന മാർഗ്ഗമാണ്. അതായത് പുണ്യങ്ങൾ ആർജ്ജിച്ച് സ്വർഗ്ഗാദി ലോകങ്ങൾ നേടലും പ്രേയോമാർഗ്ഗം തന്നെയാണ്. സ്വർഗ്ഗമാണെങ്കിലും അതൊരു ലോകം തന്നെയാണ്. അതിനാൽ നശ്വരവുമാണ്.

പുരുഷാർത്ഥങ്ങളിൽ കാമം, അർത്ഥം എന്നിവയെ പിൻതുടരുന്നതാണ് പ്രേയസ്സിന്റെ മാർഗ്ഗം. മൂന്നാമത്തെ പുരുഷാർത്ഥമായ ധർമ്മത്തിന്റെ പാതയിലാണ് അർത്ഥകാമങ്ങൾ നേടുന്നതെങ്കിൽ പോലും, അത് പ്രേയസ്സിന്റെ മാർഗ്ഗം തന്നെയാണെന്നോർക്കു ക. അത് ശ്രേയോമാർഗ്ഗത്തിന്റെ നേരെ വിപരീതദശയിലേക്കാണു നമ്മെ നയിക്കുക. അത് താൽക്കാലിക തൃപ്തി മാത്രമേ നൽകൂ. നാമെല്ലാം ആഗ്രഹിക്കുന്ന ആത്യന്തിക സംതൃപ്തി, ആത്മജ്ഞാനമാകുന്ന ശ്രേയമാർഗ്ഗം സ്വീകരിക്കുന്നതിനാലേ ലഭിക്കൂ എന്നാണ് ഉപനിഷത്ത് വീണ്ടും വീണ്ടും ആണയിടുന്നത്. ആരോപിതങ്ങളായ ശരീരമനോബുദ്ധികൾ എന്റെ ഭാഗമേയല്ല, അത് അവിദ്യയാൽ ആരോപിതങ്ങളാണ്. അവയുടെ തൃപ്തിക്കു വേണ്ടി പരിശ്രമിക്കൽ വെള്ളത്തിൽ ചിത്രം വരക്കുന്നതു പോലെയാണ്. നാം മുൻപു കണ്ട ആ മെഡിക്കൽ വിദ്യാർത്ഥി , ആർട്ട് സെക്രട്ടറിയെന്ന നിലക്ക് ഏത്ര കയ്യടി വാങ്ങിയാലും അതുകൊണ്ടയാൾക്കെന്തു പ്രയോജനമുണ്ടാവാനാണ്?

അങ്ങനെയയാൾ വാങ്ങുന്ന കയ്യടിയുടെ മൂല്യം മാത്രമാണ്, നാം ലോകത്തു സമ്പാദിക്കുന്ന സമ്പത്തിനും, സന്താനങ്ങൾക്കും, യജ്ഞാദികൾ ചെയ്തു പ്രാപ്യമാക്കുന്ന പുണ്യലോകങ്ങൾക്കു പോലുമുള്ളത്.

പ്രേയസ്സിന്റെ മാർഗ്ഗത്തെ യോഗക്ഷേമമെന്നു പറയും അർത്ഥം സമ്പാദിക്കൽ യോഗവും അതിനെ സംരക്ഷിക്കുന്നതു ക്ഷേമവുമാണ്. നാമെല്ലാം ശരീരമെടുത്തവരാണ്. അതു കൊണ്ട് ശരീരയാത്രക്ക് ധനാദികളുടെ

സമ്പാദനവും അവയുടെ സംരക്ഷണവും ഒഴിവാക്കാൻ പറ്റാത്തതാണ്. ഉപനിഷത്ത് അത് നിഷേധിക്കുന്നില്ല. ഉപനിഷത്തു പറയുന്നത്, യോഗക്ഷേമത്തെ മാത്രം ജീവിത ലക്ഷ്യമാക്കരുതെന്നാണ്. ഭഗവത്ഗീത ഒരു പടി കൂടെ കടന്ന്, ഒമ്പതാം അദ്ധ്യായത്തിന്റെ 22-ാംശ്ലോകത്തിൽ, ഈശ്വരനിൽ നാം സർവഥാ സ്വയം സമർപ്പിച്ചാൽ , ഈശ്വരൻ നമ്മുടെ യോഗവും ക്ഷേമവും സാധിച്ചു തരുമെന്ന് ശപഥം ചെയ്യുന്നു. ഈ ശ്ലോകത്തിന്റെ ഭാഷ്യത്തിൽ ആചാരസ്വാമികൾ പറയുന്നത് വളരെ ഗഹനമായ ഒരുൾക്കാഴ്ച്ചയാണ്.ആചാര്യർ പറയുന്നു, ഇങ്ങനെ സർവ്വവും സമർപ്പിക്കാത്തവരുടെ യോഗക്ഷേമവും നടക്കുന്നത് ഭഗവാന്റെ മേൽനോട്ടത്തിൽ തന്നെ. പക്ഷേ , വിവേകിയായവൻ എല്ലാം ഭഗവാനിൽ സമർപ്പിച്ച് സ്വതന്ത്രനായി നില കൊള്ളുന്നു. ഒരു തീവണ്ടിയിൽ യാത്ര ചെയ്യുമ്പോൾ വിവേകി , തന്റെ തലയിലെ ഭാരം തീവണ്ടിയിൽ ഇറക്കി വെക്കുന്നു. മൂഢൻ ഭാരം തലയിൽ തന്നെ വെച്ച് യാത്ര ചെയ്യുന്നു

ഈ ശ്ലോകത്തിൽ പറയുന്ന 'ആവൃതൗ തു വിനിഷ്ടായാം' എന്നതിലെ ആവരണനാശം, യദൃശ്ചയാ സംഭവിക്കുന്ന ഒന്നല്ല. അത് ബോധപൂർവ്വം ശ്രേയോ മാർഗ്ഗം തിരഞ്ഞെടുത്ത്, അതനുസരിച്ച് ശ്രവണമനനാദികൾ ചെയ്യുന്നതിന്റെ പരിണിത ഫലമാണ്. ശ്രുതി നിർദ്ദേശിക്കുന്ന രീതിയിൽ അന്വേഷണം നടത്തിയാൽ ജീവത്വം മിഥ്യയാണെന്നു ബോധ്യമാവും. എന്താണ് സത്യവും മിഥ്യയും തമ്മിലുള്ള പ്രധാനവ്യത്യാസം? മിഥ്യബാധിക്കപ്പെടും,സത്യംഒരിക്കലുംബാധിക്കപ്പെടുന്നില്ല. ബാധിക്കപ്പെടുകയെന്നാൽ താൽക്കാലികമായി ഇല്ലാതാകുക എന്നാണർത്ഥം.

അങ്ങനെ നോക്കുമ്പോൾ ജീവത്വം മിഥ്യയാണെന്നും ആത്മാവ് സത്യവുമാണെന്നു എളുപ്പം ബോധിക്കാവുന്നതാണ്. ജീവത്വം നിലനിൽക്കുന്നത്, ജാഗ്രത്, സ്വപ്നം സുഷുപ്തി എന്ന അവസ്ഥകളിലാണ്. അവ ബാധിക്കപ്പെടുന്നവയാണ്.

അവയിൽ ഒന്നുള്ളപ്പോൾ മറ്റേതു രണ്ടുമില്ല. അങ്ങനെ, വന്നും പോയുമിരിക്കുന്ന ഒന്ന് സത്യമാവാൻ വഴിയില്ലല്ലോ.

ഈ മൂന്നവസ്ഥകൾക്കും സാക്ഷിയാണ് സത്യമായിട്ടുള്ള ദൃക്ക് എന്ന ഞാൻ. അത് മൂന്നവസ്ഥകളിലും ഒരു വൃദ്ധിക്ഷയങ്ങളില്ലാതെ നില കൊള്ളുന്നു. അതാണ് ഈ ഗ്രന്ഥത്തിന്റെ ആദ്യത്തെ ശ്ലോകത്തിൽത്തന്നെ പറഞ്ഞത് , 'സാക്ഷീ , ദൃഗേവ ന തു ദൃശ്യതേ'.

സാക്ഷി ഒരിക്കലും ഞാനല്ലാതായിത്തീരുന്നില്ല. ശരീരവും മനോബുദ്ധികളും എപ്പോളും ദൃശ്യങ്ങളാണ്. അവ ഒരിക്കലും ഞാനാവുന്നുമില്ല.

സാക്ഷിചൈതന്യം മാറ്റങ്ങളില്ലാത്ത ബോധമാത്രമാണ്. ബുദ്ധിയും അതിലെ അഹങ്കാരം , ഭാവനകൾ , ആശയങ്ങൾ , വിശ്വാസങ്ങൾ എല്ലാം മിത്ഥ്യയായ ദൃശ്യത്തിന്റെ ഗണത്തിൽ പെടും

ഈ സംസാരത്തിൽ നിന്നു മോചിതമാവാൻ അതിന്റെ മിത്ഥ്യാത്വം സംശയലേശമില്ലാതെ മനസ്സിലുറപ്പിക്കൽ മാത്രമാണ് മാർഗ്ഗം. ഇപ്പോൾ എത്ര നിശ്ശംശയമായി ശരീരം എന്റെ ഭാഗമെന്നു കരുതുന്നുവോ, അത്രതന്നെ ഉറപ്പോടെ ഞാൻ അശരീരനായ ആത്മാവാണെന്നു മനസ്സിലുറയ്ക്കണം.

ഇങ്ങനെ മനസ്സിലാക്കുന്നതിനു രണ്ടു പ്രതി ബന്ധങ്ങളുണ്ട്. ഒന്ന് അസത്വാവൃതി, രണ്ടാമത്തേത് അഭാനാവൃതി. ആദ്യത്തെത്, ആത്മാവില്ല എന്ന ധാരണയാൽ നമ്മുടെ ജ്ഞാനം മറയ്ക്കുന്നു. നിരന്തരശ്രവണം കൊണ്ട് അതിനെ മറികടക്കാം. ആത്മാവുണ്ടെങ്കിലും അതിനെ ഞാൻ അറിയുന്നില്ല എന്നതാണ് അഭാനാവൃതി. അത്, മഹാവാക്യങ്ങൾ നിദിദ്ധ്യാസനം ചെയ്യുന്നതു കൊണ്ട് നശിക്കും.

ശരീരവും മനസ്സും താൻ തന്നെയാണെന്നു വിശ്വസിക്കലാണ് ജീവത്വം. ഈ ജീവത്വത്തിന്റെ ആശ്രയം ആത്മാവാണ്. ആത്മാവ് , താൻ ജീവനല്ല മറിച്ച് ബ്രഹ്മമാണെന്നറിയലാണ് സത്യത്തിന്റെ സാക്ഷാത്കാരം.

18-ാമത്തെ ശ്ലോകത്തിൽ ജഗത്തിന്റെ മിത്ഥ്യാത്വം അറിയാൻ നമ്മെ ഉദ്ബോധിപ്പിക്കുന്നു.

ജീവത്വം ആത്മാവിൽ ആരോപിതമെന്ന പോലെ ജഗത്ത് ബ്രഹ്മത്തിൽ ആരോപിതമാണ്. ജഗത്തിനു ബ്രഹ്മമില്ലാതെ അസ്തിത്വമില്ല. ബ്രഹ്മത്തോടു കൂടാത്ത ജഗത്ത് ശശവിഷാണം പോലെ ഇല്ലാത്തതാണ്.

ഇതു മനസ്സിലുറപ്പിക്കാൻ ശ്രുതിയേയും യുക്തിയേയും ആശ്രയിക്കുന്നതിൽ തെറ്റില്ല.

ശ്രുതിയിൽ ബ്രഹ്മമാണ് ജഗത്തിന്റെ കാരണമെന്ന് എത്രയോ സ്ഥലത്ത് പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്.

'തദൈക്ഷത ബഹുസ്യാം പ്രജായേയ (ഈശ്വരൻ സങ്കല്പിച്ചു, താൻ പലതായിത്തീരട്ടെ)

'തൽ സൃഷ്ട്വാ തദേവാനുപ്രവിശത്'

(അതിനെ സൃഷ്ടിച്ച് സ്വയമതിൽ പ്രവേശിച്ചു) എന്നീ ഉപനിഷദ് വാക്യങ്ങൾ, സൃഷ്ടിയുടെ കാരണം ബ്രഹ്മമാണെന്നു സ്പഷ്ടമായി പറയുന്നുണ്ട്.

ബ്രഹ്മസൂത്രത്തിലെ രണ്ടാമത്തെത്തന്നെ സൂത്രം 'ജന്മാദ്യസ്യ യതഃ'

എന്നാണല്ലോ. അതു പറയുന്നതും ജഗത്കാരണം ബ്രഹ്മം തന്നെയാണെന്നാണ് കാരണമെന്നു പറയുമ്പോൾ, അത് നി മിത്ത കാരണം മാത്രമല്ല, ഉപാദാനകാരണവുമാണെന്ന് ആചാര്യസ്വാമികൾ അടിവരയിട്ടു പറയു ന്നുണ്ട്. ഉപാദാനകാരണമെന്നാൽ എന്താണ്? ഏതൊന്നിനെക്കൊണ്ടാണോ, ഒരു വസ്തു നിർമ്മിക്കപ്പെട്ടിട്ടുള്ളത്, അതിനെയാണ് ഉപാദാനകാരണമെന്നു പറയുന്നത്. ഒരു മൺകുടത്തിന്റെ ഉപാദാനകാരണം മണ്ണാണ്. മണ്ണില്ലാതെ കുടത്തിന് അസ്തിത്വമേയില്ല. അഥവാ മണ്ണുതന്നെയാണ് കുടമായി കാണപ്പെടുന്നത്. കുടം എന്ന ഒരു സ്വതന്ത്രവസ്തുവേയില്ല. അത് വ്യവഹാരത്തിനു മാത്രം ഉതകുന്ന ഒരു സത്തയാണ്. വ്യവഹാരമെന്നാൽ വെറും താൽക്കാലിക പ്രസക്തിയുള്ള ഒരു തത്ത്വം.

ഈശ്വരൻ അല്ലെങ്കിൽ ബ്രഹ്മമാണ് ജഗത്തിന്റെ ഉപാദാനകാരണമെന്ന് അദ്വൈത വേദാന്തം പ്രസ്താവിക്കുന്നു. ഈ തത്ത്വമാണ് ശ്രീശങ്കരാചാര്യർ പ്രചരിപ്പിച്ച അദ്വൈത സിദ്ധാന്തത്തെ മറ്റു മതങ്ങളിൽ നിന്ന് മാറ്റി നിർത്തി അതിനെ അതുല്യമാക്കുന്നത്.

ആചാര്യസ്വാമികൾ അതിനെ പ്രചാരത്തിൽ കൊണ്ടുവന്നുവെന്നെയുള്ളൂ. അദ്ദേഹം അദ്വൈത തത്ത്വത്തിന്റെ ഉപജ്ഞാതാവൊന്നുമല്ല.

മുണ്ഡകോപനിഷത്തിലെ 'യഥോർണ്ണനാഭി' എന്നു തുടങ്ങുന്ന മന്ത്രം, ഈശ്വരനാണ് ജഗത്തിന്റെ ഉപാദാനകാരണമെന്നു വ്യക്തമായി പറയുന്നുണ്ട്.

ഈശ്വരനെ അംഗീകരിക്കുന്ന മറ്റു മതങ്ങൾക്കൊക്കെ ഈശ്വരനെന്നാൽ ജഗത്തിൽ നിന്ന് വിട്ടു നിന്ന് ജഗത്തിനെ സൃഷ്ടിച്ചവനാണ്. ആചാര്യസ്വാമികൾ അതിലെ മുഴച്ചു നിൽക്കുന്ന പല യുക്തിവൈരുദ്ധ്യങ്ങളും ചൂണ്ടിക്കാട്ടിത്തരുന്നുണ്ട്. അത്തരം ചിന്തയിലെ പ്രധാനമായ ന്യൂനത, ഈശ്വരൻ ജഗത്തിൽ നിന്ന് വേറിട്ടിട്ടാണുള്ളതെങ്കിൽ ഈശ്വരനെ ജഗത്ത് പരിമിതപ്പെടുത്തുമെന്നുള്ളതാണ്. പരിമിതമായ എന്തിനും നാശമുണ്ട്. അദ്വൈതിയുടെ ഈശ്വരൻ അല്ലെങ്കിൽ ബ്രഹ്മം, അസ്തിത്വം തന്നെയാണ്. അസ്തിത്വത്തിൽ നിന്നു വിട്ട് എന്തുണ്ടാവാനാണ് ?

ഈശ്വരൻ തന്നെയാണ് ജഗത്തായി പരിണമിച്ചിരിക്കുന്നത് എന്ന വസ്തുത യുക്തി കൊണ്ടും മനസ്സിലാക്കാം. എങ്ങനെയെന്നാൽ, ജഗത്ത് ശബ്ദസ്പർശരൂപഗന്ധരസങ്ങളുടെ സമാഹാരമാണല്ലോ. ആ അഞ്ചു തരത്തിലുള്ള അനുഭവങ്ങളും ബോധം അല്ലെങ്കിൽ ചൈതന്യത്തിലാണ് നില നിൽക്കുന്നത്. ബോധമില്ലാതെ എങ്ങനെ അനുഭവമുണ്ടാവും? ആ ശുദ്ധ നിർമ്മല ബോധത്തിന്റെ മറ്റൊരു പേരാണ് ഈശ്വരൻ.

ജീവനും ജഗത്തും ഈശ്വരൻ തന്നെയാണെന്നംഗീകരിച്ചാൽ മാത്രമേ, അഹിംസ, സത്യവചനം , ഭൂതാനുകമ്പ മുതലായ സദാ

ചാരാനുഷ്ഠനങ്ങളൊക്കെ ശരിക്കും അർത്ഥ വത്തായിത്തീരുന്നുള്ളൂ.

അങ്ങനെ 18-ാം ശ്ലോകം, ബ്രഹ്മത്തിൽ നിന്നു വിട്ട് സർഗ്ഗം (സൃഷ്ടി) ഉണ്ടെന്നു തോന്നുന്നത്, അവിദ്യമൂലമാണന്നു ബോദ്ധ്യപ്പെടുത്തുന്നു

19-ാം ശ്ലോകവും പറയുന്നത് ഇതേ തത്ത്വം തന്നെയാണ്. ജഗത്തെന്നാൽ മാറ്റങ്ങളാണ്. മാറ്റങ്ങളില്ലാതെ ചലനം സാദ്ധ്യമല്ലല്ലോ. ജഗത്തിലെ എല്ലാ വസ്തുക്കളും മാറിക്കൊണ്ടേയിരിക്കുന്നു

ജായതേ, അസ്തി, പരിണമതേ, വർദ്ധതേ, അപക്ഷീയതേ , നശ്യതി

(ജനിക്കുന്നു, ജനിച്ച ശേഷം നിലനിൽക്കുന്നു, പരിണമിക്കുന്നു, വളരുന്നു, ക്ഷയിക്കുന്നു, നാശം പ്രാപിക്കുന്നു ) എന്നീ ഷഡ്വികാരങ്ങൾ ലോകത്തിലെ ചെറുതിൽ ചെറുതായ പരമാണു മുതൽ , ബൃഹത്തിൽ ബൃഹത്തായ ഗാലക്സകൾ വരെയെല്ലാത്തിനുമുണ്ട്. ബ്രഹ്മമാകട്ടെ , നിർവചനം കൊണ്ടുതന്നെ അവികാരിയാണ്. മുൻപിലെ ശ്ലോകത്തിൽ ബ്രഹ്മമാണ് ജഗത്തായി കാണപ്പെടുന്നതെന്നു കണ്ടു. അപ്പോൾ മാറ്റങ്ങൾ വെറും തോന്നൽ മാത്രം. ഇല്ലാത്തതു ഉണ്ടെന്നു തോന്നിക്കലാണല്ലോ മായയുടെ വൈഭവം.

ഈ ശ്ലോകത്തോടെ ഇതുവരെ പടിപടിയായിപടുത്തുകൊണ്ടുവന്ന ഒരു ചിന്താപദ്ധതി അതിന്റെ പൂർണ്ണതയിലെത്തിക്കുകയാണ് ആചാര്യൻ ചെയ്യുന്നത്. ആദ്യം മുതൽ ദൃക്ക് എന്നും ദൃശ്യമെന്നുമുള്ള രണ്ടു സത്തകളെ ആചാര്യർ ചൂണ്ടിക്കാട്ടി. അവയിലെ ദൃക്ക് തന്നെയാണ് വേദാന്തത്തിൽ സാക്ഷി , കൂടസ്ഥൻ , ആത്മാവ് എന്നീ പേരുകളിലറിയുപ്പെടുന്നത്. ഈ ആത്മാവിനെ കൂടാതെ അനാത്മാവായ ശരീരം മനസ്സ് , ബുദ്ധി അഹങ്കാരം എന്നിങ്ങനെയുള്ളതെല്ലാം ദൃശ്യങ്ങളാണ്. ദൃശ്യത്തെ വിഷയം എന്നും വിളിക്കാം.

ഇങ്ങനെ ഒറ്റ നോട്ടത്തിൽ ചൈതന്യം, ജഡം എന്നിങ്ങനെ ദൃക്ക്ദൃശ്യങ്ങൾ രണ്ടുണ്ടെന്നു തോന്നപ്പെടും. പക്ഷേ വാസ്തവത്തിൽ, ദൃക്ക് എന്നും സാക്ഷിയെന്നും വിളിക്കപ്പെടുന്ന ചൈതന്യം മാത്രമേ ഉള്ളതായിട്ടുള്ളൂ എന്നാണ് വേദാന്തമതം. മിത്ഥ്യയായ ദൃശ്യം അല്ലെങ്കിൽ ജഗത്ത്, ഈ സത്യമായ ആത്മാവിൽ ആരോപിക്കപ്പെടുമ്പോൾ അതിന് അസ്തിത്വം ഉള്ളതായി തോന്നപ്പെടുക മാത്രമാണ്. മാത്രമല്ല, അങ്ങനെ ആരോപിക്കപ്പെടുമ്പോൾ അനാത്മാവായ ദൃശ്യ ത്തിന്റെ പരിമിതികളും സാക്ഷിചൈതന്യ ന്റേതാണെന്ന ഭ്രാന്തി ഉളവാകുന്നു. ഈ ഭ്രാന്തിയാണ് സംസാ രം. ഇതിനെ തരണം ചെയ്യാൻ ചിദാനന്ദമായ ദൃക്ക് മാത്രം സത്യമാണെന്നും, ജഡവും ദുഃഖിതവുമായ ദൃശ്യം അസത്യമാണെന്ന് മനസ്സിലാക്കുക മാത്രമാണ് മോക്ഷമാർഗ്ഗം അല്ലെങ്കിൽ ശ്രേയമാർഗ്ഗമെന്നാണ് വേദാന്തമതം.

*****

മിനിക്കഥ

# യഥാർത്ഥത്തിൽ

ഉണ്ണി വാരിയത്ത് 9867179480

'സന്തോഷകരമായ ജീവിതം എന്നു പറയുന്നത് ഏതിനെയാണ്?' അയാൾ ചോദിച്ചു.

ചോദ്യം ഒന്ന്. ഉത്തരങ്ങൾ പലത്. ഓരോരുത്തർക്കും ഓരോന്നാണല്ലോ സന്തോഷം. ചിലർക്ക് പലതും.

യഥാർത്ഥത്തിൽ, സന്തോഷകരമായ ജീവിതം എന്നു പറയുന്നത് ജീവിതത്തിലെ ഉയർച്ചതാഴ്ച്ചകളെ സമഭാവനയോടെ സ്വീകരിക്കുന്നതാണെന്ന ശരിയുത്തരം പറയാൻ ചോദ്യകർത്താവുതന്നെ വേണ്ടിവന്നു.

# വ്യാധിക്ഷമത്വം
## (Immunology)

പത്മപ്രിയ –8589018487

ഒരു രാജ്യത്തിന്റെ അതിർത്തി കാക്കുന്ന പ്രതിരോധമേഖല തന്നെയാണ് രാജ്യത്തിന്റെ സുരക്ഷയ്ക്കും നിലനില്പിനും ആധാരം. ഓരോ ബഡ്ജറ്റിലും ഗൗരവപൂർവം സർക്കാർ ഒട്ടും വീഴ്ചകൂടാതെ ഒരു നിശ്ചിതതുക പ്രതിരോധ മേഖലയ്ക്കായി മാറ്റി വെയ്ക്കുന്നത് രാജ്യസുരക്ഷ അത്രമേൽ വിലപ്പെട്ടതായത് കൊണ്ടാണ്. രാജ്യത്തിന്റെ പ്രതിരോധമേഖലപോലെ തന്നെ വളരെ ശക്തമായിരിക്കണം നമ്മുടെ ശരീരത്തിന്റെ പ്രതിരോധമേഖലയും. എന്നാൽ നമ്മൾ നമ്മുടെ ശരീരത്തിന്റെ പ്രതിരോധത്തെ പറ്റി ബോധവാന്മാരാണോ? ഒളിഞ്ഞിരുന്നു ആക്രമിക്കുന്ന ശത്രുവിനെ കീഴ്പ്പെടുത്താൻ നമ്മുടെ ശരീരത്തിന്റെ പ്രതിരോധമേഖല ശക്തമാണോ? ശത്രുക്കളെ ആക്രമിച്ചു കീഴ്പ്പെടുത്താൻ അനുയോജ്യമായ ആയുധങ്ങളോ, അംഗബലമോ അവയ്ക്കുണ്ടോ? ചിന്തിക്കാം.

നമ്മുടെ ശരീരത്തിലെ പ്രതിരോധമേഖല അനേകായിരം ഭടന്മാരെകൊണ്ടും നിരവധി സൈനികതന്ത്രങ്ങളെകൊണ്ടും സജ്ജീകരിച്ചിരിക്കുന്നു. വൈദ്യശാസ്ത്രം പൂർണ്ണമായും മനസ്സിലാക്കാത്ത, എന്നാൽ വളരെ കൃത്യമായി പ്രവർത്തിക്കുകയും അത്രമേൽ പ്രവചനാതീതവും, മനോഹരവും അതിശയിപ്പിക്കുന്നതുമാണ് നമ്മുടെ ശരീരത്തിന്റെ പ്രതിരോധമേഖല. നമ്മുടെ ശരീരത്തിലേക്ക് വായുവിലൂടെയും വെള്ളത്തിലൂടെയും ഭക്ഷണത്തിലൂടെയും കടന്നു കൂടുന്ന ആക്രമണകാരികളായ സൂക്ഷ്മരോഗാണുക്കളെ പ്രതിരോധിക്കുന്ന അതിർത്തിഭടന്മാരാണ് നമ്മുടെ ത്വക്ക്, ശ്ലേഷ്മപടലം (mucus membrane), കണ്ണുനീർ, ചെവിക്കായം (earwax), ആമാശയ രസങ്ങൾ എന്നിവ. ഇവയുടെ കണ്ണും വെട്ടിച്ചു ഉള്ളിൽ കടന്നാൽ ശ്വേതരക്താണുക്കളും (WBC) ആന്റിബോഡികളും ഈ ബാഹ്യശത്രുക്കളെ പിന്തുടർന്ന് ആക്രമിച്ച് കീഴ്പ്പെടുത്തുന്നു. ഈ ആക്രമണത്തിൽ ശരീരത്തിന് ചില കേടുപാടുകൾ വന്നാലും പിന്നീട് ശരീരത്തെ പൂർവസ്ഥിതിയിലേക്ക് കൊണ്ട് വരാനും ഈ പ്രതിരോധ സംവിധാനത്തിനു കഴിവുണ്ട്.

ശ്വേതരക്താണുക്കളെ പ്രധാനമായി ഫാഗോസൈറ്റ്സുകളെന്നും (phagocytes) ലിംഫോസൈറ്റ്സുകളെന്നും (lymphocytes) രണ്ടായി തരം തിരിക്കാം. ഇവർ രോഗപ്രതിരോധവ്യൂഹത്തിലെ പ്രധാനപങ്കാളികളാണ്. ഫാഗോസൈറ്റ്സുകൾ ശരീരത്തിൽ അതിക്രമിച്ചു കടക്കുന്ന രോഗാണുക്കളെ തുരത്തി ഓടിക്കുമ്പോൾ, ലിംഫോസൈറ്റ്സുകൾ ഭാവിയിൽ ഇത്തരം വിനാശകാരിയായ നുഴഞ്ഞുകയറ്റക്കാരെ തിരിച്ചറിയാനും ആക്രമിക്കാനും ശരീരത്തെ സജ്ജമാക്കുന്നു.

അണുബാധയുണ്ടാവുമ്പോൾ നമുക്ക് പനി യോ ജലദോഷമോ മറ്റു അസ്വസ്ഥകളോ ഉണ്ടാകുന്നു. തുടർന്ന് രക്തത്തിൽ ന്യൂട്രോഫിൽ (Neturophil) എന്ന ശ്വേതരക്താണുക്കളുടെ അളവ് കൂടുന്നു. അലർജിയും ആസ്തമയും ഉള്ളവരിൽ ഇത് കൂടുതലായി കാണപ്പെടുന്നു ഇയോസിനോഫിൽ (Eosinophil) എന്ന ശ്വേതരക്താണുക്കളെ നമ്മുക്ക് കേട്ട് പരിചിതമാണ്. ശ്വേതരക്താണുക്കളിൽ 1 മുതൽ 3 ശതമാനം വരെ ഇയോസിനോഫിൽ സാധാരണയാണ്. ആന്തരികവയവങ്ങളിൽ ഇവയുടെ വളർച്ച പലപ്പോഴും രോഗാണുക്കളുടെ അമിതമായ വളർച്ചയുടെ ലക്ഷണമാണ്. ഈ ഘട്ടത്തിൽ നമ്മൾ മരുന്ന് കഴിക്കേണ്ടി വരുന്നു.

ലിംഫോസൈറ്റ്സുകൾ രണ്ടുതരമുണ്ട്: ബി കോശങ്ങളും (B cells) ടി കോശങ്ങളും (T cells). ബി കോശങ്ങൾ മജ്ജയിൽ രൂപപ്പെടുന്നു. പിന്നീട് അവയിൽ ചിലത് തൈമസ് ഗ്രന്ഥിയിൽ പോയി ടി കോശങ്ങൾ ആയി രൂപാന്തരപ്പെടുന്നു. ശരീരത്തിൽ ആന്റിബോഡികൾ ഉണ്ടാക്കുന്നത് ബി കോശങ്ങളാണ്. ബി കോശങ്ങൾ ആന്റിബോഡീസ് ഉണ്ടാക്കിയാലും അവയ്ക്ക് രോഗാണുക്കളെ അറസ്റ്റ് ചെയ്യാൻ മാത്രമേ സാധിക്കൂ. രോഗാണുക്കളെ ആക്രമിച്ചു നശിപ്പിക്കാൻ ടി കോശങ്ങൾ വേണം. ബി യും ടി യും കൂടി ചേർന്നാണ് നമ്മുടെ രോഗപ്രതിരോധ മേഖലയെ സമ്പൂർണ്ണമാക്കുന്നത്.

ടി കോശങ്ങൾ കുറച്ചുകൂടി സങ്കീർണ്ണമായിട്ടാണ് പ്രവർത്തിക്കുന്നത്. ഇവയ്ക്ക് നാലുതരം പ്രവർത്തന ശൈലികളാണ്. 1) സഹായിയായ ടി കോശങ്ങൾ (Helper T cells), രോഗാണുക്കൾ അകത്തു കടന്നു എന്ന സൂചന നല്കുന്നു. സൈറ്റോകൈൻ (cytokine) എന്ന രാസവസ്തു ഉപയോഗിച്ച് രോഗ പ്രതിരോധ വ്യൂഹത്തെ സുസജ്ജമാക്കുന്നു. ശരീരത്തിൽ ഉണ്ടാകുന്ന ചൊറിച്ചിൽ, എരിച്ചിൽ, വീക്കം ഒക്കെ ഇതിന്റെ ഫലമാണ്. 2) രോഗാണുക്കളെ ആക്രമിച്ചു കീഴടക്കുന്ന കൊലയാളി കോശങ്ങൾ അഥവാ killer T cells, രോഗാണുക്കളെയും അത് നശിപ്പിച്ച കോശങ്ങളെയും ഇല്ലാതെയാക്കുന്നു. കാൻസർ കോശങ്ങളെയും ഇവ നശിപ്പിക്കുന്നു. 3) ഓർമ്മ കോശങ്ങൾ (memory T cells) രോഗ മുക്തിക്കു ശേഷവും ഭാവിയിൽ സമാന ആക്രമണം ഉണ്ടായാൽ പ്രത്യാക്രമണം നടത്താൻ തയ്യാറായി ഇരിക്കുന്നു. ഈ കോശങ്ങൾ ആണ് വാക്സിനേഷന് ശേഷം ആന്റിജൻസിനെ ഓർത്തുവെച്ച് ഭാവിയിലെ ആക്രമണത്തെ ചെറുക്കാൻ ശരീരകോശങ്ങളെ സജ്ജമാക്കുന്നത്. മാരകമായ അസുഖങ്ങൾ ഉണ്ടാക്കുന്ന രോഗാണുക്കളുടെ ജീവനുള്ളതോ ജീവനില്ലാത്തതോ ആയ ഒരു ചെറിയ അംശമോ അല്ലെങ്കിൽ ചെറിയ അളവിൽ അവയുടെ പ്രോട്ടീനോ ശരീരത്തിൽ കുത്തിവെയ്ക്കുമ്പോൾ ചെറിയ പാർശ്വഫലത്തോടെ (ചെറിയ പനി, തലവേദന, ശരീരവേദന) ബി കോശങ്ങളുടെ സഹായത്തോടെ ശരീരത്തിൽ ആന്റിബോഡികൾ ഉണ്ടാക്കുന്നു. വാക്സിനേഷൻ കൊണ്ട് നമുക്ക് കിട്ടുന്ന രോഗപ്രതിരോധശേഷി ഇങ്ങനെയാണ്. വീണ്ടും അതേ രോഗാണുക്കളുടെ ആക്രമണത്തെ ചെറുക്കാൻ ഈ ആന്റിബോഡികൾ നമ്മെ സഹായിക്കുന്നു. 4) ട്രെഗ്സ് (Tregs) എന്നറിയപ്പെടുന്ന ടി കോശങ്ങൾ രോഗവിമുക്തമാക്കിയശേഷം ശരീരത്തെ പൂർവസ്ഥിതിയിലേക്കു കൊണ്ടുവരുന്നു. HIV വൈറസ് ടി കോശങ്ങളെ ആണ് ആക്രമിക്കുക. അവ പൂർണ്ണമായും ക്ഷയിക്കുമ്പോൾ എയ്ഡ്സ് (AIDS) ബാധിതരാവുന്നു. തൈമസ് ഗ്രന്ഥിയിൽ ആണ് ടി കോശങ്ങൾ ഉല്പാദിപ്പിക്കുന്നത്. ചെറിയ കുട്ടികളിൽ ഈ ഗ്രന്ഥി വലുതായിരിക്കും പ്രായപൂർത്തിയാവുന്നത് മുതൽ ഗ്രന്ഥി ചുരുങ്ങാൻ തുടങ്ങുന്നു, വാർദ്ധക്യത്തിൽ വളരെ ചെറുതായി അവയുടെ പ്രവർത്തനം മന്ദഗതിയിലാകുന്നു. തൻമൂലം ടി കോശങ്ങളുടെ ഉല്പാദനവും കുറയുന്നു. ഇത് പ്രതിരോധശേഷി കുറയുന്നതിന് കാരണമാവാറുണ്ട്.

നമ്മുടെ ശരീരത്തിന് പ്രതിരോധശേഷി പലതരത്തിലാണ് ലഭിക്കുന്നത്. അസുഖം വന്നു പോ കുന്നത് തന്നെ പലരീതിയിലല്ലേ? ചിക്കൻപോക്സ് പോലെ ഉള്ള അസുഖങ്ങൾ വന്നു പോകുമ്പോഴും നമുക്ക് പ്രകൃതിദത്തമായ രോഗ പ്രതിരോധശേഷി (natural) ലഭിക്കുന്നു. അസുഖങ്ങൾ വരാതെയും രോഗപ്രതിരോധശേഷി നമുക്ക് ലഭിക്കുന്നുണ്ട്. ഗർഭാവസ്ഥയിൽ അമ്മയിൽ നിന്നും മറുപിള്ള വഴി (placenta) നിഷ്ക്രിയ രോഗപ്രതിരോധശേഷി (passive) ലഭിക്കുന്നു. കോവിഡ് കാലങ്ങളിൽ നമ്മൾ കേട്ട പേ

രാണ് herd immuntiy അഥവാ സാമൂഹ്യ പ്രതിരോധ ശേഷി. സമൂഹത്തിലെ അറുപത് മുതൽ എഴുപത് ശതമാനം ആളുകൾക്കും വാക്സിനേഷൻ വഴിയോ പ്രകൃതി ദത്തമായോ (രോഗം മറ്റുള്ളവരിൽ നിന്നും വന്നു പോയാൽ) രോഗപ്രതിരോധശേഷി ലഭിച്ചാൽ ആ ഒരു സമൂഹത്തിൽ പിന്നീട് രോഗം പടർന്നു പിടിക്കുന്നത് തടയാൻ സാധിക്കും. രോഗപ്രതിരോധത്തിന്റെ വിവിധ തലങ്ങൾ ഇങ്ങിനെ പോകുന്നു.

രോഗപ്രതിരോധശാസ്ത്രം (Immunology) എന്ന വിഭാഗം ഇന്ന് ഒരു ജീവശാസ്ത്രശാഖയാ ണ്. ആധുനിക വൈദ്യശാസ്ത്രരംഗത്ത് ത്വക്ക്, പേശികൾ, തുടങ്ങി വൈറോളജി, ബാക്റ്റീരിയോളജി എന്നീ വിഭാഗങ്ങളിലും മാത്രമല്ല ഓങ്കോളജിയിലും അവയവം മാറ്റിവയ്ക്കൽ രംഗങ്ങളിലും പ്രതിരോധശാസ്ത്രശാഖ വളരെ സജീവമാണ്. ഇതിൽ കാൻസർ രംഗത്തും വാക്സിനേഷൻ രംഗത്തുമാണ് കൂടുതൽ മുന്നേറിയിരിക്കുന്നത്. ക്യാൻസർ രംഗത്തെ നൂതന ചികിത്സാരീതിയാണ് ക്യാൻസർ ഇമ്മ്യൂണോതെറാപ്പി. പൂർണ്ണ ആരോഗ്യമുള്ള ഒരു കോശം അല്ലെങ്കിൽ ഒരുകൂട്ടം കോശങ്ങൾ പെട്ടെന്ന് അനിയന്ത്രണാ തീതമായി വർദ്ധിക്കുകയും അവ പെരുകി അവയവങ്ങളെയും അവയുടെ പ്രവർത്തനത്തെയും നശിപ്പിച്ചു ജീവനുതന്നെ ഭീഷണിയാവുന്നതാണ് കാൻസർ അഥവാ അർബുദം. ഇത് ശരീരത്തിലെ തന്നെ കോശമായതു കൊണ്ടും അവയുടെ വളർച്ച ഒരു പരിധി വരെ ദോഷങ്ങൾ വരുത്താത്തതു കൊണ്ടും പലപ്പോഴും ശരീരത്തിന്റെ പ്രതിരോധസംവിധാനത്തിന് ഈ വളരുന്ന ആപത്തിനെ മനസ്സിലാവാറില്ല. അതുകൊണ്ടാണ് വളരെ ആരോഗ്യവാനും കാൻസർ പിടിപെടുന്നത്. ക്യാൻസർ ബാധിച്ച രോഗിയുടെ രക്തത്തിലെ ടി കോശങ്ങളെ ജനിതക മാറ്റം വരുത്തി ക്യാൻസർ വിരുദ്ധ ടി കോശങ്ങൾ ആക്കി രോഗിയുടെ ശരീരത്തിലേക്ക് തിരിച്ചുകൊടുക്കുന്നു. ഈ ടി കോശങ്ങൾ പിന്നീട് രക്തചംക്രമണവ്യൂഹത്തിന്റെ സഹായത്തോടെ ക്യാൻസർ ബാധിത കോശങ്ങളിൽ പോയി ആ കോശങ്ങളെ നശിപ്പിക്കുന്നു. വളരെ ലളിതമായി പറഞ്ഞാൽ ഇതാണ് ക്യാൻസർ ഇമ്മ്യൂണോതെറാപ്പി. ഇത് CAR T-Cell immunotherapy എന്ന പേരിലറിയപ്പെടുന്നു. ഇത് കൂടാതെ മനുഷ്യ നിർമ്മിത പ്രോട്ടീൻ ഉപയോഗിച്ചുള്ള ചികിത്സയാണു സൈറ്റോകിൻ (cytokine) തെറാപ്പി, പ്രതിരോധശേഷികൂടാനുള്ള മരുന്നും, മുൻകൂട്ടി ക്യാൻസർ കോശങ്ങളെ നശിപ്പിക്കാനുള്ള വാക്സിൻ എന്നിവയെല്ലാം ക്യാൻസർ ഇമ്മ്യൂണോതെറാപ്പിയുടെ മറ്റ് ചില രീതികളാണ്. 2018 ലെ വൈദ്യശാസ്ത്രരംഗത്തിനുള്ള നോബൽ സമ്മാനം ഇമ്മ്യൂണോതെറാപ്പിയുടെ ഗവേഷണത്തിനാണ് ലഭിച്ചത്.

നൂറു വർഷം മുൻപുള്ള ആരോഗ്യമേഖലയല്ല ഇന്നത്തേത്. ഒരുപാട് രോഗങ്ങൾക്ക് നമ്മൾ മരുന്ന് കണ്ടെത്തി, ജീവഭീതി യുണ്ടാക്കിയ രോഗങ്ങളെ ഉന്മൂലനം ചെയ്തും പിടിച്ചു നിർത്തിയുമാണ് ഈ ജൈത്രയാത്ര തുടരുന്നത്. സമൂഹം മാറുന്നതിനു അനുസരിച്ചു ചുറ്റുപാടുകളും അതിനനുസരിച്ചു അസുഖങ്ങളും മാറി മാറി വരുന്നു. പിന്നിട്ട വഴികൾ ഓരോന്നായി നോക്കിയാലും പ്രതിരോധശേഷി മനുഷ്യന് കൂടിയിട്ടേ ഉള്ളൂ. വസൂരി, പ്ലേഗ്, കോളറ, കുഷ്ഠം, ക്ഷയം അങ്ങിനെ എത്ര എത്ര രോഗങ്ങളെയാണ് ഈ മനുഷ്യരാശി മറികടന്ന് വന്നു എന്നത് തന്നെ നമ്മുടെ ആരോഗ്യ മേഖലയുടെ അശ്രാന്തപരിശ്രമത്തെ ഓർമ്മ പ്പെടുത്തുന്നു. ആവനാഴിയിലെ പുതിയതരം അമ്പ് പോലെയാണ് ഓരോ വാക്സിനും. മനുഷ്യശരീരത്തെ പുതിയതരം രോഗാണുക്കളെ ചെറുക്കാൻ സജ്ജമാക്കുന്ന ഒരു പുതിയ ആയുധം.

*****

# എറണാകുളം കരയോഗം

## ടി.ഡി.എം ഹാളിൽ നടത്തുന്ന പ്രതിമാസ കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ

### 2024 ജൂലൈ 10 മുതൽ ആഗസ്റ്റ് 10 വരെ

| | | | | |
|---|---|---|---|---|
| 1. | 11-07-2024<br>18-07-2024<br>25-07-2024<br>01-08-2024<br>08-08-2024 | വ്യാഴം | എറണാകുളം കരയോഗം<br>എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |
| 2. | 20-07-2024 | ശനി | ഹെറിറേറജ് – മുസീരിസ് പൈതൃക ത്തെക്കുറിച്ച് മുസീരിസ് പ്രൊജക്ട് ലിമിറ്റടിന്റെ മാനേജർ ഡോ. മിഥുൻ ശേഖർ സംസാരിക്കുന്നു. | 5.00 p.m |
| 3. | 21-07-2024 | ഞായർ | അകായിലെ സംഗീതം – സാംസ്ക്കാരിക വിഭാഗം – ഡോ. ജയശങ്കർ പള്ളിപ്പുറത്തിന്റെ രാഗ, താള, ശ്രുതി, ലയ വൈഭവാവിഷ്ക്കാരം. സംഗീതാഭിനയസമ്മിശ്ര അവതരണം. | 4.00 p.m |
| 4. | 23-07-2024 | ചൊവ്വ | ബീം – നാടകം – 'അവാർഡ്' | 6.30 p.m. |
| 5 | 28-07-2024 | ഞായർ | എറണാകുളം കരയോഗം<br>എൽഡർ സിറ്റിസൺഫോറത്തിന്റെ<br>26–ാമത് വാർഷികം | 10.00 am |
| 5. | 28-07-2024 | ഞായർ | സാഹിതിയോഗം –<br>മലയാറ്റൂരിന്റെ വേരുകൾ<br>അവതരിപ്പിക്കുന്നത് ശ്രീമതി വിദ്വൽ പ്രഭ | 3.30 p.m |
| 6. | 10-07-2024<br>17-07-2024<br>24-07-2024<br>31-07-2024<br>01-08-2024<br>08-08-2024 | ബുധൻ | ദേവിഭാഗവത ക്ലാസ്സ് – വത്സല.പി.പി | 3.00 p.m - 4.30 p.m. |

## എറണാകുളം കരയോഗം – ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2024 ജൂൺ മാസം സംഭാവന നൽകിയവർ

| | | |
|---|---|---|
| 1. | സുനിത അശോക്, ധന്യ, ചർച്ചലാൻഡിങ്ങ് റോഡ്, കൊച്ചി | 10,000/– |
| 2. | രാധ ഇ.കെ. XL/6717, നാരകത്തറ റോഡ്, എറണാകുളം | 10,000/– |
| 3. | പ്രീത മേനോൻ, പത്മവിഹാർ, ലായം റോഡ് | 10,000/– |
| 4. | ദേവി മുല്ലോത്ത്, D 3, മുല്ലോത്ത് അമ്പാടി എൻക്ലേവ്, അമ്പാടി ലെയിൻ | 5,000/– |
| 5. | രാംകുമാർ മേനോൻ, രോഹിണി, ആശാരി ലെയിൻ, കാരിക്കാമുറി | 5,000/– |

ERNAKULAM KARAYOGAM, D.H.ROAD,TDM HALL COMPLEX, COCHIN 682016 - PH. 0484 - 2361160

## NAVARATHRI COMPETITIONS 2024

| DATE | TIME | ITEM |
|---|---|---|
| 04/08/2024 Sunday | 9.30 am Sub Juniors | Lalitha Sahasranamam, Vishnu Sahasranamam, Bhagavath Geetha, Narayaneeyam, Harinamakeerthanam, Ramayanam, Njanappana , Krishnagatha |
| | 1.00.pm Juniors | Lalitha Sahasranamam, Vishnu Sahasranamam Bhagavath Geetha, Narayaneeyam, Harinamakeerthanam, Ramayanam,Njanappana, Krishnagatha |
| 11/08/2024 ( Sunday) | 9.30.am Seniors | Lalitha Sahasranamam, Vishnu Sahasranamam, Bhagavath Geetha,Narayaneeyam, Harinamakeerthanam, Ramayanam,Devimahatmyam, Krishnagatha, Bharatham, |
| | 3.00 pm Combined | Veena, Violin, Mridangam , Ottamthullal, Kathakali Cholliyattom , Kathakalipadam Sopanasangeetham (Ashtapathi) |
| 18/08/2024 ( Sunday) | 9.30 am | Namavali -Bhajan(Malayalam only) (Single) Sub Juniors, Namavali Bhajan(Malayalam only)( (Single & Group) (Juniors & Seniors) ) Patriotic Song ( Combined) |
| | 2.00 pm | Speech (English & Malayalam) (Juniors & Seniors) |
| 20/08/2024 (Tuesday) | 09.30 am | Carnatic Music (Sub Juniors, Juniors) |
| | 10.30 am | Painting (Sub Juniors, Juniors & Seniors) |
| | 2.00 pm | Floral arrangement (Pookalam) (Combined) |
| | 2.30 pm | Carnatic Music (Seniors) |
| 25/08/2024 (Sunday) | 9.30 am | Light Music (Sub Juniors & Juniors ) |
| | 2.00 pm | Light Music (Seniors) |
| 28/08/2024 (Wednesday) | 10.00 am | Essay (English,Malayalam,Hindi) (Juniors & Seniors) |
| | 2.00 pm | Purana-Quiz (Sub Juniors), Purana Quiz (writteen test) (Juniors & Seniors) |
| 01/09/2024 (Sunday) | 9.30 am | Recitation in Malayalam & Karayogam Smaranikageetham (Sub Juniors , Juniors & Seniors) |
| | 2.30 pm | Handwriting (English, Malayalam & Hindi) (Juniors & Seniors ) |
| 21/09/2024 (Saturday) | 9.30 am | Thiruvathirakali (Combined), |
| 22/09/2024 (Sunday) | 10.30 am | Aksharaslokam (Juniors , Seniors & Super Seniors), |
| 29/09/2024 (Sunday) | 8.30 am | Bharathanatyam, Kuchippudi, Mohiniyattom, (Juniors) Folk dance (Single & Group) (Sub Juniors & Juniors ) |
| 02/10/2024 (Wednesday) | 10.00 am | Bharathanatyam , Kuchippudi, Mohiniyattom (Seniors) Folk dance (Single & Group) (Seniors) |

## മത്സരങ്ങളെ സംബന്ധിച്ച നിബന്ധനകൾ

**1. പ്രായപരിധി**

a) 8 വയസ്സു വരെ സബ് ജൂനിയർ, 8 വയസ്സു മുതൽ 12 വയസ്സു വരെ ജൂനിയർ, 12 വയസ്സു മുതൽ 16 വയസ്സു വരെ സീനിയർ

b) 2024 ജൂൺ 30 നുള്ള വയസ്സാണ് മത്സരാർത്ഥികളുടെ പ്രായം നിശ്ചയിക്കുന്നതിന് കണക്കാക്കുക. മത്സരാർത്ഥികൾ അപേക്ഷയോടൊപ്പം പ്രായം തെളിയിക്കുന്നതിന് ജനന സർട്ടിഫിക്കറ്റ് /ആധാർ കോപ്പി ഹാജരാക്കേണ്ടതാണ്.

c) വീണ, വയലിൻ, മൃദംഗം ഓട്ടൻതുള്ളൽ, കഥകളിപദം, കഥകളി ചൊല്ലിയാട്ടം, ദേശഭക്തിഗാനം എന്നീ ഇനങ്ങളിലുള്ള മത്സരങ്ങളിൽ18 വയസ്സു വരെയുള്ളവർക്കും പങ്കെടുക്കാവുന്നതാണ്.

d) തിരുവാതിരകളി മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് പ്രായപരിധിയില്ല.

2. a) തിരുവാതിരകളി മത്സരങ്ങളിൽ പങ്കെടുക്കുന്ന ഓരോ ടീമിനും 10 അംഗങ്ങളിൽ കൂടുവാൻ പാടുള്ളതല്ല. പിന്നണിയിൽ പാട്ടുമാത്രവും കൈമണിയും ഉപയോഗിക്കാം. പാട്ടുകാർ രണ്ടു പേരിൽ കൂടരുത്.

   b) ഭരതനാട്യം, കുച്ചിപ്പുടി, മോഹിനിയാട്ടം നാടോടിനൃത്തം, ഓട്ടൻതുള്ളൽ, കഥകളി ചൊല്ലിയാട്ടം എന്നിങ്ങനെയുള്ള മത്സരങ്ങൾക്ക് ആവശ്യമായ പിന്നണി വാദ്യസംഘങ്ങളെ സ്വന്തം ചിലവിൽ മത്സരിക്കുന്നവർ തന്നെ കൊണ്ടുവരേണ്ടതാണ്. നൃത്ത ഇനങ്ങളിൽ CD, Pen Drive,Mobile Phone എന്നിവ ഉപയോഗിക്കുന്നവർ കളിക്കുന്ന പാട്ട് മാത്രം റിക്കാർഡ് ചെയ്തു നൽകേണ്ടതാണ്.

   c) ആൺകുട്ടികളുടെയും, പെൺകുട്ടികളുടെയും വ്യക്തിഗത മത്സരവിഭാഗങ്ങളിൽ ഏതെങ്കിലും ഇനത്തിൽ മത്സരാർത്ഥികളുടെ എണ്ണം 5 ൽ കുറഞ്ഞാൽ ടി ഇനം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒന്നായിട്ടായിരിക്കും (Combined) നടത്തപ്പെടുക.

   d) ഗ്രൂപ്പായുള്ള മത്സരങ്ങളിൽ 3 ഗ്രൂപ്പിൽ കുറഞ്ഞാൽ ആ ഇനത്തിൽ മത്സരം നടത്തുന്നതല്ല.

   e) അക്ഷരശ്ലോക മത്സരത്തിൽ 3 വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു.

   10 വയസ്സു മുതൽ 16 വയസ്സു വരെ (ജൂനിയർ വിഭാഗം), 17 വയസ്സു മുതൽ 25 വയസ്സു വരെ (സീനിയർ വിഭാഗം), സൂപ്പർ സീനിയർ പ്രായപരിധി 26 വയസ്സിന് മുകളിൽ

3. 2024 ജൂലൈ16–ാം തിയതി മുതൽ കരയോഗം ഓഫീസിൽ നിന്ന് അപേക്ഷാ ഫോറങ്ങൾ ലഭിക്കുന്നതാണ്. ഓരോ ഫോറത്തിനുമുള്ള അപേക്ഷാഫീസ്സ് 30 രൂപയാണ്.എന്നാൽ ഡാൻസ് ഇനങ്ങൾക്ക് (ഭരതനാട്യം, കുച്ചുപ്പുടി, മോഹിനിയാട്ടം, നാടോടിനൃത്തം) 100 രൂപയാണ് അപേക്ഷാഫീസ്.

4. പൂരിപ്പിച്ച അപേക്ഷാഫോറങ്ങൾ 2024, ജൂലൈ 30–ാം തിയതി വരെ സ്വീകരിക്കുന്നതാണ് 30–ാം തിയതിക്കു ശേഷം ലഭിക്കുന്ന ഓരോ അപേക്ഷാ ഫോറത്തിനും late fee അടക്കം 50 രൂപ വീതവും ഡാൻസ് ഇനങ്ങളിൽ 200 രൂപ വീതവും ഈടാക്കുന്നതാണ്. late fee അടക്കം ലഭിക്കുന്ന അപേക്ഷകൾ മത്സരത്തിന് 24 മണിക്കൂർ മുമ്പ് വരെ മാത്രമേ സ്വീകരിക്കുകയുള്ളു.

5. മത്സരങ്ങളെക്കുറിച്ചുള്ള വിശദമായ നിയമങ്ങളും നിബന്ധനകളും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതാണ്.

6. മത്സരങ്ങൾ നോട്ടീസിൽ കാണിച്ചിരിക്കുന്നതു പോലെ കൃത്യസമയത്തു തന്നെ ആരംഭിക്കുന്നതാണ്.

7. എറണാകുളം കരയോഗം നവരാത്രി ആഘോഷമത്സരങ്ങളിലെ വിജയികൾ സമ്മാനം സ്വീകരിക്കുന്നതിന് **വിജയദശമിനാൾ (13 –10 – 2024)** വൈകുന്നേരം 5.00 മണിയ്ക്ക് ടി.ഡി.എം. ഹാളിൽ എത്തിച്ചേരണമെന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

# നവരാത്രിയാഘോഷ മത്സരങ്ങളിൽ ചൊല്ലേണ്ട ഭാഗങ്ങൾ

## സബ് ജൂനിയർ വിഭാഗം

1. ലളിതാ സഹസ്രനാമം – ഭവാനി ഭാവാനഗമ്യാ ..................................നിരാധാരാ നിരഞ്ജന (41 മുതൽ 43 വരെ)

2. വിഷ്ണുസഹസ്രനാമം – സുരേശ ശരണം ..................................വൃഷകർമ്മാ വിഷാകൃതി (23 മുതൽ 25 വരെ)

3. ഭഗവദ്ഗീത – ജ്യായസീ ചേത്..............................................കർമ്മയോഗേന യോഗിനാം അദ്ധ്യായം – 3 ( 1 മുതൽ 3 വരെ – 12 വരികൾ)

4. നാരായണീയം – ഏഴാം ദശകം – ഏവം ദേവ!..........................കുർവ്വംസ്തപ ഃ പ്രേരണാം (1 മുതൽ 2 വരെ 8 വരികൾ)

5. ഹരിനാമകീർത്തനം – അർക്കാനലാദിവെളിവൊക്കെ......................മുരചെയ്‌വതിന്നരുൾക നാരായണായ നമഃ (4 മുതൽ 5 വരെ)

6. അദ്ധ്യാത്മരാമായണം – ഹനുമാനു തത്ത്വോപദേശം ശ്രീരാമദേവ.............................കേട്ടാലും നീ (200) (4 വരികൾ)

7. ജ്ഞാനപ്പാന - രണ്ടുനാലുദിനംകൊണ്ടൊരുത്തനെ..............പലജാതിപറയുന്നു ശാസ്ത്രങ്ങൾ (12 വരികൾ)
8. കൃഷ്ണഗാഥ - വൽസസ്തേയം - ഓമനപൈതൽ......................മുതുകിലേറി (1 മുതൽ 4 വരെ - 4വരികൾ)

## ജൂനിയർ വിഭാഗം

1. ലളിതാ സഹസ്രനാമം - മഹേശ്വരീ, മഹാകാളീ....................................മന്ദാരകുസുമപ്രിയാ
   (145 മുതൽ 148 വരെ 8 വരികൾ)
2. വിഷ്ണുസഹസ്രനാമം - ഉത്തരോ...................................സത്യധർമ്മാത്രിവിക്രമ (66 മുതൽ 69 വരെ 8 വരികൾ)
3. ഭഗവദ്ഗീത - യദാ ഹി നേന്ദ്രിയാർത്ഥേഷു...................................മാനാവമാനയോഃ
   (4 മുതൽ 7 വരെ –16 വരികൾ)
4. നാരായണീയം - മുപ്പത്തൊൻപതാം ദശകം -
   ഭവന്തമയമുദ്വഹൻ.................................................................... പട്ടകേപിഷ്ടവാൻ
   (1 മുതൽ 3 വരെ –16വരികൾ)
5. ഹരിനാമകീർത്തനം - ഡംഭാദിദോഷമുടനെട്ടും........................................ചിത്തേവത്തേിഹ നാരായണായ നമഃ
   (44 മുതൽ 46 വരെ –12 വരികൾ)
6. അദ്ധ്യാത്മരാമായണം - ലക്ഷമണ ഗുഹസംവാദം (1730) -
   ലക്ഷ്മീപതിയായ ........... പല്ലവപല്യങ്കസീമ്നി വനാന്തരേ
7. ജ്ഞാനപ്പാന - നമ്മളെല്ലാം നരന്മാരുമല്ലയേ.........................എത്രജന്മം മൃഗങ്ങൾ പശുക്കളായ്
   (44 മുതൽ 46 വരെ –12 വരികൾ)
8. കൃഷ്ണഗാഥ - രാസക്രീഡ - നിന്നുവിളങ്ങിനാൻ...................അല്ലൽപെടുത്തുനിന്നായവണ്ണം
   (179 മുതൽ 184 വരെ –12 വരികൾ)

## സീനിയർ വിഭാഗം

1. ലളിതാ സഹസ്രനാമം - വിശ്വഗ്രാസ വിദ്രുമാദ........... നിർഘ്യകൈവല്യ പദദായിനി (166 മുതൽ 171 വരെ)
2. വിഷ്ണുസഹസ്രനാമം - ആധാരനിലയോ............സർവ്വപ്രഹരണായുധഃ (115 മുതൽ 120 വരെ)
3. ഭഗവദ്ഗീത - അദ്ധ്യായം 10 വിഭൂതിയോഗം
   ഭൂയ ഏവ മഹാബാഹോ....................മത്ത ഏവ പൃഥഗ്വിധാ (1 മുതൽ 5 വരെ)
4. നാരായണീയം - അമ്പത്തെട്ടാം ദശകം - ത്വയി വിഹരണലോലേ...........
   താപഹർത്താര മേകം (1 മുതൽ 4 വരെ –16 വരികൾ)
5. ഹരിനാമകീർത്തനം - അംഭോജസംഭവനു..............വിരുദ്ധങ്ങളായവകൾ നാരായണായ നമഃ
   (30 മുതൽ 33 വരെ)
6. അദ്ധ്യാത്മരാമായണം - സുന്ദരകാണ്ഡം - സമുദ്രലംഘനം (20 - 30)
   ലവണജലനിധി..........................കീശപ്രവരരേ ഖേദിയായ്കേതുമേ
7. കൃഷ്ണഗാഥ - രുക്മിണീസ്വയംവരം - ആനനം തന്നുടെ......................... നോക്കുവാനെന്ന പോലെ
   (37 മുതൽ 46 വരെ)
8. ദേവീമാഹാത്മ്യം - ഭൂത ഉവാച - ദേവി ദൈത്യേശ്വരഃ .......................................മത്പരിഗ്രഹതാംവ്രജ
   (105 മുതൽ 114 വരെ 18 വരികൾ)
9. ശ്രീമഹാഭാരതം - സംഭവം - പേജ് - 149
   പാരിൽ വന്നവതരിച്ചീടിനാൻ..............................................ജനമേജയനുര ചെയ്തു.

******

# കുറച്ച് ഉപദേശങ്ങൾ

യു.എസ്. രവീന്ദ്രൻ – 9496120978

ഇക്കാലത്ത് ഉപദേശികൾക്കും ഉപദേശങ്ങൾക്കും ഒരു ക്ഷാമവുമില്ല. മറ്റുള്ളവർക്ക് നൽകുന്ന ഉപദേശങ്ങൾ ഉപദേശി സ്വന്തം ജീവിതത്തിൽ പാലിച്ചു കണ്ടിട്ടുള്ളത് വളരെ വിരളമാണ്. താഴെയുള്ള വരികൾ കുറച്ചു ഉപദേശങ്ങളാണ്. പല പല വ്യക്തികൾ വ്യത്യസ്തസന്ദർഭങ്ങളിൽ പലർക്കായി നൽകിയവയാണ്. ഉപദേശങ്ങൾ സ്വീകരിക്കുന്നതിനു മുൻപ് അത് എങ്ങിനെ സ്വീകരിക്കണമെന്ന് മനസ്സിലാക്കണം. നല്ലതാണെങ്കിൽ അവ എങ്ങിനെ മറ്റുള്ളവർക്ക് കൈമാറാം എന്നും അറിഞ്ഞിരിക്കണം.

ഒരു ബന്ധം സ്ഥാപിക്കുന്നതിനുവേണ്ടിയോ, തൊഴിൽ സംബന്ധമായോ ഉപദേശകനിൽ നിന്ന് ഉപദേശം സ്വീകരിക്കുന്നതിന് മുൻപ് സ്വയം ഈ മൂന്നു ചോദ്യങ്ങൾ ചോദിക്കുക.

1) ഞാൻ ആദരിക്കുന്ന ജീവിതമൂല്യങ്ങൾ തന്നെയാണോ എന്റെ ഉപദേശകനും ആദരിക്കുന്നത്.

ഒരിക്കൽ ഞാൻ ഒരു സുഹൃത്തിനോട് അവരുടെ പട്ടണത്തിലെ നല്ല ഹോട്ടൽ ഏതാണെന്ന് ചോദിച്ചു. അദ്ദേഹം നിർദ്ദേശിച്ച ഹോട്ടലിൽ മുറിയെടുത്ത എനിക്ക് അദ്ദേഹത്തിന്റെ നിർദ്ദേശം സ്വീകരിക്കേണ്ടതായിരുന്നു എന്ന് പിന്നീട് തോന്നി. അവർ പ്രഭാതഭക്ഷണത്തിന് ഒരു സദ്യയുടെ ചാർജ്ജ് തന്നെ എടുത്തു. പക്ഷേ നീന്തൽക്കുളം ഉപയോഗിക്കുന്നതിന് ചാർജ്ജ് വളരെ കുറവായിരുന്നു. ഹോട്ടൽ നിർദ്ദേശിച്ച് സുഹൃത്തിന് നീന്തലിനോട് വളരെ വളരെ കമ്പമായിരുന്നു. അതുകൊണ്ടാണ് സുഹൃത്ത് ആ ഹോട്ടൽ നിർദ്ദേശിച്ചത്. എനിക്കാണെങ്കിൽ നീന്തലിൽ താല്പര്യവുമില്ല. ഒരാളുടെ ഉപദേശം സ്വീകരിക്കുമ്പോൾ അയാളുടെ താല്പര്യം കൂടി അറിഞ്ഞിരിക്കേണ്ടതാണ്.

2) ഉപദേശകന് സ്ഥാപിതതാല്പര്യങ്ങൾ ഉണ്ടോ ഒരു മെക്കാനിക് പറയുകയാണ്. സാറേ സാറിന്റെ കാറിന് ഒരു ട്യൂണിങ്ങ് അപ്പ് അത്യാവശ്യമാണ്. ഇതു കേൾക്കുമ്പോൾ രണ്ടാമതൊരു മെക്കാനിക്കിന്റെ അഭിപ്രായം കൂടി ആരായുന്നത് നന്നായിരിക്കും എന്ന് എനിക്ക് തോന്നി. കാറിന്റെ കാര്യത്തിൽ മാത്രമല്ല ആരോഗ്യകാര്യത്തിലും വീട്ടിലെ ടീനേജറിന്റെ കാര്യത്തിലും

3) ശരിക്കും എന്തുപദേശമാണ് പ്രതീക്ഷിക്കുന്നത്. 27 വയസുള്ള യുവാവാണ് രാജു. വിവാഹത്തെപറ്റി ഒരു ഉപദേശം സ്വന്തം അച്ഛനോട് ചോദിച്ചു മനസ്സിലാക്കാമെന്ന് വിചാരിച്ചു. അമ്മയുമായി ഒരു മിച്ച് 30 വർഷം ജീവിച്ചതല്ലേ.

അച്ഛാ, അച്ഛൻ മാലിനിയെ കണ്ടിട്ടില്ലേ, അവൾ ബുദ്ധിമതിയാണ്. സൗന്ദര്യവതിയാണ് എനിക്ക് നല്ല മാച്ചായിരിക്കും എന്ന് അച്ഛനും തോന്നിയിട്ടില്ലേ?

രാജു നിനക്ക് മാലിനി നല്ല മാച്ചാ എന്ന് എനിക്കറിയില്ല. എന്നാൽ ഇതിൽ കൂടുതൽ നല്ലയാളെ നിനക്ക് കണ്ടുപിടിക്കാൻ പറ്റിയെന്നു വരില്ല.

അച്ഛൻ പറയുന്നതും ഞാൻ മാലിനിയെ വിവാഹം ചെയ്യണമെന്നാണോ

ഞാൻ പറയുന്നത് മാലിനിയെ നീ വേണ്ടാ എന്നു വച്ചാൽ നീ ചെയ്യുന്ന ഏറ്റവും മോശമായ പ്രവർത്തിയായിരിക്കും.

രാജുവിന് അച്ഛൻ എന്ന നല്ല ഉപദേശകനെ കിട്ടി.

**എങ്ങിനെ ശാന്തനായിരിക്കാം**

1. ദേഷ്യം വരുന്നതിനെ എങ്ങിനെ നേരിടാം. ദേഷ്യം എന്നത് ഒരു ഭൂലോകവികാരമാണ്. ദേഷ്യം വരുമ്പോൾ അത് ആർക്കും ദോഷം ചെയ്യില്ല എന്ന് ഉറപ്പുവരുത്തിയാൽ

അതിനെ എപ്പോൾ പ്രകടിപ്പിക്കാം എന്നും, എപ്പോൾ അതിനെ മനസ്സിൽ നിന്നും കളയാം എന്നുള്ള അറിവായി.

2. സ്വയം ചോദിക്ക് എനിക്ക് ദേഷ്യം വരാനുണ്ടായ കാരണം അത്ര പ്രധാനപ്പെട്ടതാണോ ഒരു പ്രത്യേക അവസ്ഥക്ക് അനുയോജ്യമായ വിധത്തിലായിരുന്നോ ആ സമയത്തെ ചിന്തയും വികാരവും ആ അവസ്ഥയെ ഒന്നു മയപ്പെടുത്താൻ സാധിക്കുകയില്ലേ പ്രതികരിക്കേണ്ടത്ര ഗൗരവമുള്ളതാണോ

3. നിറുത്തൂ, വേണ്ടേ വേണ്ടാ ദേഷ്യം വരുന്ന അവസരങ്ങളിൽ അതിനു പ്രതികരിക്കാൻ തുടങ്ങുമ്പോൾ സ്വയം പതുക്കെ പറയൂ. നിറുത്തുവേണ്ടേ വേണ്ടാ മനസ്സ് ഒരു നിമിഷം വിനോദയാത്രക്കു പോകട്ടെ. കൈ ചുരുട്ടി ദീർഘമായി ഒരു ശ്വാസം അകത്തേയ്ക്കു വലിയ്ക്കൂ. കൈ ചുരുട്ടിയത് നിവർത്തിക്കൊണ്ട് ശ്വാസം പുറത്തേയ്ക്ക് വിടൂ. ദേഷ്യം പമ്പകടക്കും.

**എങ്ങിനെ ജീവിച്ചു പോകാം.?**

ജോൺ എഡ് വേർഡ് എന്ന അമേരിക്കൻ പ്രസിഡണ്ട് പദവിയിലേക്ക് ശ്രമിച്ച് മുൻ മത്സരാർത്ഥിയുടെ ഭാര്യ എലിസബത്തിന്റെ കഥ ശ്രദ്ധിക്കുക.

16 വയസ്സുണ്ടായിരുന്ന മകൻ വാഡേ പെട്ടെന്ന് അസുഖം വന്നു മരിച്ചു. എലിസബത്തിന് കാൻസർ വന്ന് ചികിത്സിച്ച് ഭേദമായതായിരുന്നു എങ്കിലും വീണ്ടും രോഗം മൂർച്ഛിച്ചു. ഭർത്താവ് എഡ്വേർഡിനെ പറ്റി വേണ്ടത്ര അപഖ്യാതികൾ ഉണ്ടായിരുന്നു. എങ്ങിനെയെങ്കിലും ജീവൻ ഒടുക്കിയേക്കാം എന്ന് വിചാരിച്ചേക്കാവുന്ന ദിവസങ്ങൾ. എല്ലാറ്റിനേയും അതിജീവിക്കണം എന്ന തീവ്രമോഹം അവരെ സ്വസ്ഥതയിലേക്ക് നയിച്ചു. അവർ പറയുന്നു വൈപരീത്യങ്ങൾ എപ്പോഴും ഉണ്ടാകും അതിൽ നിന്നും മനസ്സിനെ പാകപ്പെടുത്തി എടുത്ത് എല്ലാറ്റിനേയും അതിജീവിച്ച് ജീവിതം അർത്ഥപൂർണമാക്കാൻ ശ്രമിക്കണം. എന്റെ അച്ഛൻ വളരെ സമ്പന്നനായിരുന്നു. മരിക്കുമ്പോൾ ഒരു ചില്ലികാശിനുപോലും വകയില്ലാതായിതീർന്നിരുന്നു. എങ്കിലും എപ്പോഴും ശുഭസൂചകമായ Thumps up കാണിക്കുമായിരുന്നു. എനിക്ക് അത് ഒരു വലിയപാഠമായിരുന്നു. കാൻസർ രോഗികളോട് ഞാൻ എപ്പോഴും പറയും. ശരീരത്തിന്റെ മരണം എപ്പോൾ വേണമെങ്കിലും സംഭവിച്ചേക്കാം. അതുകൊണ്ട് നമ്മൾ മനസ്സിനെ നേരത്തേ തന്നെ മരിക്കാൻ വിട്ടുകൊടുക്കേണ്ടതില്ലല്ലോ. എന്നാൽ പലരും ഇങ്ങനെയാണ്. രോഗം വന്നാൽ എല്ലാം ഉപേക്ഷിച്ച് ഉൾവലിയുന്നു. ആശ മുറുകെപിടിക്കുക, കഴിയുന്നത്ര.

16 വയസ്സുള്ള മകൻ മരിച്ചുപോയപ്പോൾ അവർ പറഞ്ഞു. പതിനാറുവയസ്സുവരെയെങ്കിലും അവൻ എന്റെ കൂടെ ഉണ്ടായിരുന്നല്ലോ- ഒരു ചെറിയസമയം മാത്രം, അവനെ സംബന്ധിച്ചും എന്നെ സംബന്ധിച്ചും ഞാൻ ആ സമയത്തെപററി ഓർക്കുവാൻ ആഗ്രഹിക്കുന്നില്ല. മനസ്സിന് സ്വസ്ഥത നൽകുന്നത് സ്വീകരിക്കുക. സ്വന്തം സഹോദരൻ നഷ്ടപ്പെട്ട ഒരാൾ ഉപദേശിക്കുന്നു. മറ്റുള്ളവർ തെറ്റു പറഞ്ഞേക്കാം. എന്നാൽ അവർ ഉദ്ദേശിച്ചത് ശരി പറയാനാണെന്ന് നാം വിശ്വസിക്കണം. ഇതു സാധിച്ചാൽ അതൊരു വലിയ അനുഗ്രഹമാണ്.

**മറ്റുള്ളവരുടെ അഭിപ്രായം എങ്ങിനെ അറിയാം**

നമ്മളെ സംബന്ധിക്കുന്ന ഒരു കാര്യത്തെപ്പറ്റി സുഹൃത്ത് നമ്മളോട് എന്തെങ്കിലും പറയുകയാണെന്നിരിക്കട്ടെ. അയാൾ അത് പറഞ്ഞത് നന്നായി എന്ന് നമുക്ക് തോന്നിയിട്ടുണ്ട് എന്ന് സുഹൃത്തിനെ മനസ്സിലാക്കണം. ഒരു പ്രതിരോധത്തിനൊരുങ്ങുകയാണെങ്കിൽ ദേഷ്യം വന്നേക്കാം. മേലാൽ ഒരു തുറന്ന അഭിപ്രായം പറയാൻ ആ സുഹൃത്ത് മുതിരുകയില്ല. തെറ്റു തിരുത്താനുള്ള നമ്മുടെ അവസരം നഷ്ടപ്പെട്ടുപോകും. സുഹൃത്തുകൾ കഴിയുന്നതും നമ്മെ ഒഴിവാക്കാൻ ശ്രമിക്കും, അതേ സമയം അവരുടെ വികാരവിചാരങ്ങൾക്കനുസരിച്ച് പെരുമാറുകയും ചെയ്യും. മറ്റുള്ളവരുടെ അഭിപ്രായങ്ങൾ നമ്മെപ്പറ്റിയുള്ള

ചിലവിവരങ്ങൾ എന്നു മാത്രം കരുതിയാൽ മതി. ആ കരുതൽ മനസ്സിൽ സൂക്ഷിക്കുക. പലർക്കും പല അഭിപ്രായമായിരിക്കും. ഒന്നിനെപ്പറ്റിയും കൂടുതൽ വേവലാതിപ്പെടേണ്ട. ഒരു സൂചന എന്നു മാത്രം കരുതുക.

**സത്യസന്ധനാകുക**

ആരും നുണപറയാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ ഒരു വസ്തുത വ്യക്തമാകത്തക്ക വിധത്തിൽ ദുർവാഖ്യാനം ചെയ്യത്തക്കവിധത്തിൽ, ചില സംഭവങ്ങളെ വിട്ടുകളയുന്ന വിധത്തിൽ കാര്യങ്ങൾ സ്വന്തം താല്പര്യങ്ങൾക്കു വേണ്ടി അവതരിപ്പിക്കുമ്പോൾ അത് സത്യസന്ധതക്ക് അനുയോജ്യമല്ലാതായി തീരുന്നു സത്യസന്ധത വളർത്തിയെടുക്കാൻ അവനവനിലും മറ്റുമുള്ളവരിലും ജീവിത മൂല്യങ്ങളെപ്പറ്റി ബോധവാന്മാരായിരിക്കുക. (ഞാൻ എങ്ങിനെയുള്ളവനായിരിക്കണം-എങ്ങനെയുള്ളവനാവരുത് എന്ന്), സത്യസന്ധത എന്നാൽ നുണ പറയാതിരിക്കൽ മാത്രമല്ല, അതിൽ കൃത്യനിഷ്ഠതപാലിക്കൽ, മിതവ്യയം, ദുർബലരോടുള്ള അനുകമ്പ എന്നിവ എല്ലാം ഉൾപ്പെടുന്നു. ഹൈസ്ക്കൂൾ കുട്ടികളുടെ ഇടയിൽ നടത്തിയ ഒരു സർവ്വേയിൽ 64 ശതമാനത്തോളം കുട്ടികളും പരീക്ഷയിൽ ജയിക്കാൻ എളുപ്പവഴികൾ കോപ്പിയടി പോലെ-തേടുന്നവരാണ്. 30 ശതമാനം കുട്ടികളും ചെറിയ മോഷണ സ്വഭാവമുള്ളവരാണ്, 84 ശതമാനം കുട്ടികളും അവരുടെ മാതാപിതാക്കളോട് വേണ്ടപ്പെട്ട കാര്യങ്ങൾ തുറന്നു പറയാൻ മടികാണിക്കുന്നവരാണ്, എന്നാൽ 93 ശതമാനം കുട്ടികളും അവരുടെതായ മൂല്യങ്ങളിൽ തൃപ്തരുമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. മുതിർന്നവരായ നമ്മൾക്ക് എങ്ങിനെ വേണമെന്ന് സ്വയം നിശ്ചയിക്കാം.

**സ്വീകരിക്കുക, മാറ്റങ്ങളെ അംഗീകരിക്കുക**

ഒരു പ്രത്യേക സാഹചര്യത്തിൽ അയ്യോ ഞാൻ ഇപ്പോൾ ചെയ്തത് ശരിയായില്ല എന്ന് സത്യസന്ധമായി സ്വയം വിലയിരുത്താൻ ശ്രമിക്കുക. ഭാവിയിൽ ഇങ്ങിനെയുള്ള ഒരു സാഹചര്യം വരുമ്പോൾ ഞാൻ ഇങ്ങിനെ ചെയ്യില്ല എന്ന് തീരുമാനിക്കുക. ആരും ശ്രദ്ധിക്കുവാൻ ഇല്ലെങ്കിൽക്കൂടി ശരിയായി മാത്രം പ്രവർത്തിക്കുന്നവർ സത്യസന്ധരാണ്.

വിവാഹബന്ധങ്ങളിൽ ഒരാളുടെ ശരികൾ നിർബന്ധപൂർവ്വം മറ്റേയാളിൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കരുത്. രണ്ടുപേരുടെയും ശരി ഏതാണോ അതു മാത്രം പിൻതുടരുക. അവരവരുടെതായ രീതികളിൽ സ്നേഹം പ്രകടിപ്പിക്കുക. തെററുപറ്റിയാൽ സമ്മതിക്കുക. അതു തിരുത്തുക. കാർക്കശ്യങ്ങൾ ഒഴിവാക്കി സ്വഭാവങ്ങളിൽ അയവു വരുത്തുക.

**പാരമ്പര്യമായ വിശ്വാസങ്ങൾ അപ്പാടെ തുടരേണ്ടതില്ല**

അമ്മൂമ്മ പറയും ഭക്ഷണം കഴിച്ചയുടനെ നീന്തുന്നത് ശരീര വേദനയുണ്ടാക്കും, മുങ്ങി ചാകും ശാസ്ത്രം പറയുന്നു. കൃത്യമായി ശരിയല്ല. എന്നാൽ മുഴുവൻ തെറ്റുമല്ല. ഭക്ഷണം കഴിച്ചുകഴിഞ്ഞാൽ രക്തം ഭക്ഷണം ദഹിപ്പിക്കാനുള്ള ശ്രമത്തിലാണ്. കയ്യിലും കാലിലും രക്തചംക്രമണം കുറയും. ഇതുമൂലം കയ്യിലും കാലിലും ഉള്ള പേശികളിൽ ലാക്ടിക് ആസിഡ് കൂടിയ അളവിൽ ആയിരിക്കും. അപ്പോൾ പേശീവലിച്ചിൽ ഉണ്ടാകും. മാരകമല്ലെങ്കിലും. അമ്മൂമ്മ പറയും തേൻ പുരട്ടിയാൽ നീരുവരുന്നത് ഭേദമാകും. സയൻസ് പറയുന്നു ശരിയാണ്. ചെറിയ പൊള്ളലുകൾ തേൻ പുരട്ടിയാൽ ഭേദമായേക്കാം (വേറെയുള്ള മുറിവുകൾക്ക് ബാധകമല്ല) എന്തുകൊണ്ടെന്നാൽ ബാക്ടീരിയകൾക്ക് വളരാൻ സാധിക്കാത്ത വിധത്തിൽ തേൻ ഒരു നേർത്ത ആവരണമുണ്ടാക്കുന്നു. പൊള്ളലേറ്റ ഭാഗത്ത് പുതിയ കോശങ്ങൾ ഉണ്ടാകുന്നതിനെ അണുബാധ ഏൽക്കാതെ ഈ ആവരണം സംരക്ഷിക്കുന്നു.

അമ്മൂമ്മ പറയും പൊള്ളലേറ്റഭാഗത്ത് വെണ്ണ പുരട്ടിയാൽ വേഗം ഭേദമാകും.

സയൻസ് പറയുന്നു. ഇക്കാര്യത്തിൽ എന്തെങ്കിലും പങ്ക് വെണ്ണയ്ക്കുള്ളതായി തെളിയിച്ചിട്ടില്ല.

അമ്മൂമ്മ പറയും കുളിച്ചിട്ട് തോർത്താതെ പുറത്തു പോയാൽ ജലദോഷം പിടിക്കും.

സയൻസ് പറയുന്നു. സാദ്ധ്യതയുണ്ട്. നനഞ്ഞതലയിൽ വൈറസ്സുകൾ കയറിപ്പറ്റാൻ സാദ്ധ്യത കൂടുതലുണ്ട്. നനയുമ്പോൾ മൂക്കിനകത്തെ രക്തധമനികൾ ചുരുങ്ങുന്നതിനാൽ രോഗപ്രതിരോധശേഷിയുള്ള വെളുത്ത് രക്താണുകൾക്ക് ഈ വൈറസ്സുകളോട് പൊരുതി തോൽപ്പിക്കാൻ എത്തിച്ചേരാൻ ബുദ്ധിമുട്ടായിരിക്കും അമ്മൂമ്മ പറയും. An Apple a day keeps the doctor away സയൻസ് പറയുന്നു. കുറച്ചു അതിശയോക്തി ഉണ്ടെങ്കിലും ആപ്പിൾ നല്ലതാണ്. ക്വെസെർത്തിൻ എന്ന ആന്റി ഓക്സിഡന്റെ ആപ്പിളിൽ ധാരാളമായി അടങ്ങിയിട്ടുണ്ട്. അത് Blood pressure കുറയ്ക്കാനും ആസ്തമ അലർജികൾ എന്നിവയുടെ പ്രതിരോധത്തിനും ഹൃദയാഘാത സാദ്ധ്യതകൾ കുറയ്ക്കാനും ഉപകരിക്കുന്നു. അമ്മൂമ്മ പറയും ഇഞ്ചി വയറിന് നല്ലതാണ്. സയൻസ് പറയുന്നു. ഇത് വാസ്തവമാണ്.

വയറ്റിലെ അസ്വസ്ഥതകൾ ഇഞ്ചികഴിക്കുന്നതുമൂലം കുറയുന്നതായി തെളിയിക്കപ്പെട്ടിട്ടുണ്ട്.

അമ്മൂമ്മ പറയും ചോക്കലേറ്റ് കഴിച്ചാൽ മുഖക്കുരുവരും. സയൻസ് പറയുന്നു വാസ്തവമല്ല. തലവേദനയുണ്ടെങ്കിൽ ചോക്കലേറ്റ് കഴിച്ചാൽ തലവേദനകൂടിയേക്കാം. അതിനു കാരണം ചോക്കലേറ്റിലെ പഞ്ചസാരയും, പാലും കൊക്കോ ഒഴികെയുള്ള മറ്റുഘടകങ്ങളുമാണ് കൊക്കോ ഒരു പ്രതിയല്ല.

**പ്രകോപനങ്ങളെ തള്ളിക്കളയുക**

ചിലപ്പോൾ നമ്മളെ പരീക്ഷിക്കാൻ വേണ്ടി ചിലർ പ്രകോപിപ്പിച്ചേക്കാം. എന്നാൽ നല്ല മനസ്സാന്നിദ്ധ്യം കാത്തുസൂക്ഷിക്കുക. ഇത് മറ്റേവ്യക്തിയുടെ സ്വഭാവത്തിലും മാറ്റം വരുത്തിയേക്കാം. മുഷ്ക്കിനെ മുഷ്ക്കുകൊണ്ടല്ല നേരിടേണ്ടത്. മറ്റുള്ളവർ പരുഷമായി പെരുമാറുമ്പോൾ നാം എന്തിനു കുറയ്ക്കണം എന്ന ചിന്താഗതി പാടില്ല. ഇത് പരുഷാന്തരീക്ഷത്തിന്റെ കാഠിന്യം ഇരട്ടിപ്പിക്കും. ശാന്തമായിരിക്കുക. ഇക്കാലത്ത് എല്ലാവരും നീരസക്കാരാണ്. നമ്മുടെ മനോഭാവത്തെ നമ്മൾ തന്നെ നിയന്ത്രിക്കണം. അതാണ് സംസ്ക്കാരം ക്ഷമിക്കാൻ ശീലിക്കുക. ആരെങ്കിലും മോശമായി പെരുമാറിയാൽ അതിനെ അവഗണിച്ചേക്കണം. വീട്ടിലോ ഓഫീസിലോ, പുറത്തോ എവിടെയെങ്കിലും ആയിക്കൊള്ളട്ടെ. കുട്ടികളെയും ഈ ശീലം പഠിപ്പിക്കണം.

എങ്ങിനെ ധനികനാകാം

വലിയ വലിയ ബിസിനസ്സുകാർക്കോ ആറക്കശമ്പളമുള്ള ഉദ്യോഗസ്ഥർക്കോ മാത്രമല്ല ധനികരാകാൻ കഴിയുന്നത്. നിശ്ചിതവരുമാനമുള്ള ഉദ്യോഗസ്ഥർക്കും കാലക്രമേണ ധനികരാകാം. സമയദൈർഘ്യം ഒരു പ്രധാന ഘടകമാണ്. നല്ല സ്ക്കീമുകളിൽ പണം നിക്ഷേപിക്കുകയാണെങ്കിൽ പണം വേഗത്തിൽ ഇരട്ടിക്കുന്നതാണ്. വരുമാനം ഉണ്ടാകുന്ന നിമിഷം മുതൽ ഒരു ഭാഗം ഭാവിയിലേയ്ക്ക് നീക്കിവയ്ക്കുക. ഇനിയും തുടങ്ങിയിട്ടില്ലെങ്കിൽ ഒട്ടും വൈകിയിട്ടില്ല.

അത്യാവശ്യമല്ലാത്ത സാധനങ്ങൾ ഒന്നും വാങ്ങിക്കൂട്ടരുത്. പലതരത്തിലുള്ള സമ്പാദ്യപദ്ധതികളെപ്പറ്റി പഠിക്കുക. സുരക്ഷയുള്ള പദ്ധതി ഏതാണെന്ന് മനസ്സിലാക്കുക. അത്യാഗ്രഹം നിയന്ത്രിക്കുക. ഉയർന്ന വാഗ്ദാനങ്ങൾ നൽകുന്ന പല പദ്ധതികളും തട്ടിപ്പുകളായിരിക്കും. സ്വന്തം മൂലധനം ആണ് ഏറ്റവും പ്രധാനമായത്. ലാഭം തിരിച്ചു കിട്ടുന്നതിന് രണ്ടാമത്തെ പ്രാധാന്യം മാത്രമേയുള്ളൂ. മ്യൂച്ചൽ ഫണ്ടുകളിൽ നിക്ഷേപിക്കാം. സ്റ്റോക്മാർക്കറ്റിലാണെങ്കിൽ നിരന്തരം വീക്ഷിച്ചുകൊണ്ടേയിരിക്കണം. മ്യൂച്യൽ ഫണ്ടുകൾ ദീർഘകാലത്തേയ്ക്ക് നല്ലവരുമാനം തരുന്നു. ആർ.ബി.ഐ. സ്ക്കീം, പോസ്റ്റ് ഓഫീസ് സ്ക്കീം എല്ലാം വിശ്വസനീയങ്ങളാണ്.

**15 മിനുട്ടു നേരത്തേ തുടങ്ങുക**

ഒരു ട്രെയിൻ യാത്രയ്ക്കാണ് ഉദ്ദേശിച്ചിരിക്കുന്നതെങ്കിൽ 15 മിനിട്ട് നേരത്തേയെങ്കിലും റെയിൽവേ സ്റ്റേഷനിൽ എത്തുക. അവസാന നിമിഷത്തേയ്ക്കു വേണ്ടി കാത്തുനിൽക്ക

രുത്. ഒരു വിശേഷ പരിപാടിക്കാണെങ്കിൽ ആപരിപാടിക്കായി കാത്തിരിക്കയായിരുന്നു എന്ന പോലെ നേരത്തേ എത്തുക. ഓടി ക്കിതച്ച് ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാതെ ആ പരിപാടിയുടെ സന്തോഷം കുറയ്ക്കുന്ന വിധ ത്തിലാകരുത് നമ്മുടെ സാന്നിദ്ധ്യം. സന്തോ ഷമുള്ള വാക്കുകളുടെ പ്രതിദ്ധ്വനി മണിക്കൂറു കളോളം നീണ്ടുനിൽക്കും.

കുട്ടികളുടെ കൂടെ കളിയ്ക്കുക. മുതിർന്ന വരുടെ കൂടെ കളിയ്ക്കാൻ കുട്ടികൾക്കിഷ്ട മാണ്. മൊബൈൽ ഫോണും, ഇന്റർനെറ്റും, ന്യൂസ്പേപ്പറുമെല്ലാം മാറ്റി വച്ച് നമ്മളുടെ കു ട്ടിക്കാലത്ത് എങ്ങിനെ കളിച്ചുവോ അതുപോ ലെ കുട്ടികളുടെ കൂടെ കളിക്കുക. പാടത്തും പറമ്പിലും അതില്ലാത്തവർക്ക് പാർക്കിലും പഴയ ഓർമ്മകളെ തിരികെ കൊണ്ടുവരാൻ ശ്രമിക്കുക. പരസ്പരം ഇടപെട്ടുകൊണ്ടുള്ള പാട്ടുകളും സംഭാഷണങ്ങളും രണ്ടുവയസ്സു മുതൽ 10 വയസ്സുവരെയുള്ള കുട്ടികളുടെ സ്വ ഭാവത്തിൽ സന്തോഷകരമായ മാറ്റങ്ങൾ വരു ത്തുന്നു.

**ജീവിതത്തിൽ ഒരു നല്ല മാറ്റം ആവശ്യമാണോ**

പുതിയപദ്ധതികൾ ഏറ്റെടുക്കുക, പുതിയ സുഹൃത്തുക്കളെ കണ്ടെത്തുക, ജീവിതത്തി ന്റെ അടുത്ത അദ്ധ്യായം ഞാൻ തുടങ്ങുക യാണെന്ന് സ്വയം പ്രഖ്യാപിക്കുക. ചെയ്യേണ്ട കാര്യങ്ങളിൽ സഹായിക്കാൻ കുറച്ചു സു ഹൃത്തുകളെക്കൂടി കൂട്ടുക. ഒറ്റയ്ക്ക് ചെയ്യു ന്നതിനേക്കാൾ ടീംവർക്ക് കൂടുതൽ ഫലപ്ര ദമാകും. എന്റെ പ്രയത്നംകൊണ്ട് നല്ല ഫലം ഉണ്ടാകും എന്ന് എഴുതി ജോലിസ്ഥലത്തും കാറിലും ഒട്ടിക്കുക, ബില്ലുകൾ കൃത്യസമയ ത്ത് അടയ്ക്കുക, വരുന്ന ഈമെയിലുകൾ ക്ക് കൃത്യസമയത്ത് മറുപടി അയയ്ക്കുക, തടസ്സങ്ങളെ നേരിടുക, ഇതെല്ലാം ആത്മവി ശ്വാസത്തെ വീണ്ടെടുക്കാൻ സഹായിക്കും. പുതിയ മാറ്റം ഫലപ്രദമായി വരുമ്പോൾ ജീ വിതലക്ഷ്യത്തിലേക്ക് അടുക്കുന്നതായി തോ ന്നും. മാസത്തിൽ 30 ദിവസവും ഈ രീതി തുടർന്നാൽ നമ്മൾ തങ്കം പോലെ മനസ്സുള്ള വരാകും.

നുറുങ്ങുകൾ 1) കാലത്ത് ഉണർന്ന് എണീ ക്കുമ്പോൾ സ്വയം പറയുക ഇന്നത്തെ ദിവ സം നല്ല ദിവസമാകാൻ പോകുന്നു. (2) വാക്കുകൾ പാലിക്കുക (3) നിങ്ങളോട് മറ്റു ള്ളവർ എങ്ങനെ പെരുമാറണമെന്ന് പ്രതീ ക്ഷിക്കുന്നുവോ അതുപോലെ നിങ്ങൾ മറ്റുള്ളവരോടും പെരുമാറുക. 4) പ്രഭാതഭക്ഷ ണം മുടങ്ങാതെ നോക്കുക. 5) പണം കടം കൊടുക്കരുത്. വെറുതെ കൊടുത്തേക്കു. അല്ലെങ്കിൽ ഒരു സുഹൃത്തിനെ നഷ്ടപ്പെടും. 6) സംഗീതവും പുസ്തകങ്ങളും നിങ്ങളുടെ സുഹൃത്തുക്കളായിരിക്കട്ടെ. 7) മറ്റുള്ളവരെ സ്നേഹിക്കുക, ഉപയോഗിക്കാൻ വേണ്ടി സ് നേഹിക്കരുത്. 8) സ്വന്തം പാതയിൽ തുടരുക. 9) യാത്ര തുടരട്ടെ, കാണാൻ സാധിക്കുന്നത്ര ലോകം കാണുക. 10) ജോലി തീരുന്നതിന്റെ അവസാനദിവസവും ജോലി തുടങ്ങിയ ആദ്യ ദിവസത്തെ ഊർജ്ജത്തോടുകൂടി ജോലി ചെ യ്യുക. 11) മരിച്ച ശേഷം പുരോഹിതനെക്കൊ ണ്ട് കളവു പറയിക്കേണ്ടാത്ത വിധത്തിൽ സത്യസന്ധമായി ജീവിക്കുക. 12) വ്യായാമം നിറുത്തരുത് അത് കൂടുതൽ കരുത്തനാക്കു ന്നു. 13) ഒരു ആഗ്രഹത്തെ ഒരു അത്യാവശ്യ മായി ഒരിക്കലും വ്യാഖ്യാനിക്കരുത് 14) മറ്റു ള്ളവർക്ക് മാപ്പുകൊടുക്കു. മനസ്സമാധാനം എന്ന സമ്മാനം സ്വയം നേടലാണത് 15) ജീ വിതത്തിൽ മാറ്റം വേണമെന്നാഗ്രഹമുണ്ടെ ങ്കിൽ സ്വന്തം ചിന്തയിൽ നിന്നു തന്നെ തുട ങ്ങുക. 16) നാണയതുട്ടുകളെ സംരക്ഷിക്കുക, അപ്പോൾ രൂപസ്വയം രക്ഷിച്ചോളും. 17) താ ഴെയുള്ളവരേയും ബഹുമാനിക്കുവാൻ പഠി യ്ക്കുക. 18) എല്ലായെപ്പോഴും എറ്റവും നല്ല പ്രകടനം മാത്രം കാഴ്ചവയ്ക്കുക. 19) എല്ലാ വരിലും നന്മയുണ്ട് അതുമാത്രം കാണുക. 20) ആരോടും നുണ പറയരുത് അവനവനോ ടും 21) ശരിയായത് മാത്രം ചെയ്യുക. എളുപ്പ മായത് എന്നതല്ല പ്രധാനം 22) ബുദ്ധിപൂർവ്വം കാര്യങ്ങൾ ചെയ്യുക. പ്രശംസ കിട്ടാൻ വേണ്ടി യാകരുത് 23) എപ്പോഴും ശാന്തമായിരിക്കുക 24) ജീവിതം ഹൃസ്വമാണ്, വെറുപ്പ് ഒഴിവാ ക്കുക. 25) വിറയ്ക്കുന്നു എങ്കിൽ കൂടി ആത്മ വിശ്വാസം കൈ വിടാതിരിക്കുക. 26) സുഹൃ ത്തുക്കളെ സമ്പാദിക്കുക. 27) കഠിനാദ്ധ്വാനം ചെയ്യുക സ്വന്തം കഴിവിൽ വിശ്വസിക്കുക. 27) മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാകാൻ ഭയപ്പെടേണ്ട ആവശ്യമില്ല.

*****

# അമ്മ

**കല്പകം സോമരാജൻ** – 9895453072

**അ**മ്മയെന്നുള്ള രണ്ടക്ഷരം കേൾക്കുമ്പോ-
ഴമ്മിഞ്ഞപ്പാലിൻ സ്മൃതിയുണരും
വാത്സല്യപൂർവം തഴുകിതലോടുമാ-
സ്നേഹസ്വരൂപമണഞ്ഞുനില്ക്കും.

ബാലസൂര്യപ്രഭയേറ്റു വിടരുന്ന
താമരത്താരുപോലാമുഖാബ്ജം
താനേ വിടർന്നിടുമോമൽ കിടാവിന്റെ
സ്നിഗ്ദ്ധസ്മരണയിലെന്നുമെന്നും

വാടിവിയർത്തെത്തുമോമലിൻവ്യാധി-
കളാമുഖസ്മേരത്തിലാണ്ടുപോകും
ഉള്ളിൽ കലുഷിതമായ് കുമിഞ്ഞീടുന്ന
വേദനയെല്ലാമകന്നു മാറും.

അംബരമാണമ്മ സ്നേഹത്തിനുന്നതി-
യെത്തിപിടിക്കാൻ കഴികയില്ല
അത്രവിശാലമാണമ്മതൻഹൃത്തടം
മക്കൾ തൻ ചിന്തയിലെന്നുമെന്നും

അംബുധിയാണമ്മ സംസാരസാഗര-
മേളങ്ങളുള്ളിൽ തിരയടിക്കെ
എന്നും കരയെതലോടുന്ന കൈകളോ-
കല്ലോലമാലകൾ സസ്മിതങ്ങൾ

കൈവിരൽ തുമ്പിൽ പിടിച്ചു കനിവിന്റെ
കാരുണ്യമോതി വളർത്തുമമ്മ
വീഴുമ്പോൾ വീണ്ടും നടക്കുവാൻ തത്ത്വങ്ങ-
ളോതികൊടുക്കും കഥകൾചൊല്ലും.

പോകുന്ന പാതയിൽ തിങ്ങുന്ന മുള്ളുകൾ
പൂക്കളായ് തീരുവാനെന്നുമെന്നും
ധ്യാനത്തിലാമഗ്നയായ് ഭജിച്ചീടുമ്പോ-
ഴെന്നും നിലക്കാത്ത പുണ്യപൂരം

സ്വന്തം സുഖങ്ങളെ ആത്മസംതൃപ്തിയോ-
ടാഹൂതിചെയ്യും നിരന്തരമായ്
ഉല്പന്നമാം സ്നിഗ്ദ്ധപീയൂഷമെപ്പൊഴു
ഓർത്തു സൂക്ഷിച്ചിടും തൻപ്രജക്കായ്

അർഭകർക്കഘ്യം ലഭിച്ചീടുമമ്മയോ
ഹൃത്തടം തുള്ളി തുളുമ്പിനില്ക്കും
ആകയില്ലൊട്ടും വികലമാം ചിന്തകൾ-
ക്കാഹൃദചിന്തയിൽ ചൂഴ്ന്നു നില്ക്കാൻ

സുഖദുഖസമ്മിശ്ര ജീവിത നൗകയാ-
മനസ്സിന്റെ മാറാപ്പിൽ ഗോപ്യമാക്കും
സുസ്മേര വദനയായ് പുത്രസവിധത്തി-
ലെന്നും അനുഗ്രഹമേകി നില്ക്കും.

സർവംസഹയാണു ഭൂമിക്കു തുല്യയായ്
അമ്മയേയുള്ളു ജഗത്തിലെന്നും
മാതൃസ്നേഹത്തെപുകഴ്ത്തേണ്ടവാഴ്ത്തേണ്ട
അമ്മക്കു തുല്യയായ് അമ്മമാത്രം.

*****

## 2024 ജൂൺ മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**എസ്. പുരുഷോത്തമൻ നായർ**
L/4351 പത്മശ്രീ,
സുരഭി എൻക്ലേവ്
കൊച്ചി – 16



**രാമചന്ദ്ര മേനോൻ**
L/2135 തുഷാര അമ്പാടി,
വളഞ്ഞമ്പലം
കൊച്ചി – 16



**ഗോപാലകൃഷ്ണ കൈമൾ. പി.**
L/2367 DEVI VIEW 28/2903
ചിലവന്നൂർ റോഡ്
കൊച്ചി – 20



**എം. രാജലക്ഷ്മി.**
L/2654
സൗത്ത് മനിക്കിരിവീട്
മനിക്കിരി ക്രോസ്സ് റോഡ്
കൊച്ചി – 16



**രാജഗോപാലൻ. പി**
L/2151 Shreeyam villa-40
Confident Amber
Cheruthuruth
Edathala. P.O. 683561



**പാർവ്വതി കെ.എൻ.**
L/118 നമ്പ്യാർ കുറുപ്പത്ത്
ഗോവിന്ദ് മന്ദിർ
രവിപുരം –16

**ജ്യോതിഷാചാര്യൻ: ജി.കെ. മേനോൻ**

Ernakulam Karayogam 0484 - 2361160,

8848036518, 9645683491

ഓം

**1199** കർക്കിടം: മാസ ഫലം.

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

(മേടക്കൂർ അശ്വതി ഭരണി കാർത്തിക ആദ്യ പാദം) കായിക



രംഗത്ത് പരിശീലിക്കുന്നവർക്കും, ആയുധകലകൾ പഠിക്കുന്നവർക്കും മികവ് പുലർത്താൻ സാധിക്കും. ചെറിയ യാത്രകൾ ചെയ്യും. സംരംഭങ്ങളിൽ പുരോഗതി ഉണ്ടാകും. കിട്ടാതിരുന്ന ധനം കൈവശം വന്ന് ചേരാം. ജൂലായ് 17, 18 തിയതികൾ . അഷ്ടമ രാശി നക്ഷത്രങ്ങളായതിനാൽ പുതിയ സംരംഭങ്ങളുടെ ആരംഭം ഒഴിവാക്കുന്നത് നല്ലതാണ്. സർപ്പ പ്രീതിയും , വിഘ്നേശ്വര പ്രീതികരവും ആയ് വഴിപാടുകൾ നടത്തുക.

( ഇടവക്കൂർ കാർത്തിക അവസാന മൂന്ന് പാദം രോഹിണി മകയിരം ആദ്യപകുതി) ധാരാളം യാത്ര ചെയ്യേണ്ടതായി വരും



യാത്രയുടെ ഉദ്ദേശം സഫലീകരിക്കും. ബന്ധുക്കളുമായി നല്ല ബന്ധം സ്ഥാപിക്കാൻ കഴിയും പൊതുകാര്യങ്ങളിൽ വിജയവും അംഗീകാരവും ഉണ്ടാകും.ജൂലായ് 19, 20, തിയതികൾ അത്ര അനുകൂലമായിരിക്കില്ല. ആയതിനാൽ മാറ്റി വെക്കാൻ പറ്റുന്ന പ്രധാന കാര്യങ്ങൾ ഈ ദിവസങ്ങളിൽ ഒഴിവാക്കുന്നത് നല്ലതാണ് സർപ്പ പ്രീതിയും വിഷ്ണു ക്ഷേത്ര ദർശനവും നടത്തുക.

(മിഥുനക്കൂർ മകയിരം അവസാന പകുതി, തിരുവാതിര, പുണർതം ആദ്യ മൂന്ന് പാദം). ശാസ്ത്ര സാഹിത്യ വിഷയങ്ങളിൽ നിന്നും നേട്ടമുണ്ടാകും. മാധ്യമ രംഗവുമായി ബ



ന്ധപ്പെട്ടവർക്കും കമ്മീഷൻ ഏജൻസിയുമായി ബന്ധപ്പെട്ടവർക്കു വിജയവും നേടവും പ്രതീക്ഷിക്കാം.. ജൂലൈ 21,22 ദിവസങ്ങൾ പുതിയ കാര്യങ്ങൾക്ക് സ്വീകരി ക്കാതിരിക്കുന്നതാണ് നല്ലത്. ദേവീ, വിഷ്ണു ക്ഷേത്ര ദർശ്ശനം നടത്തി പ്രാർത്ഥിക്കുന്നത് നല്ലതാണ്

(കർക്കിടക്കൂർ പുണർതം അവസാന പാദം പൂയം ആയില്യം) വിശിഷ്ടരായവരിൽ നിന്നും അനുഗ്രഹവും ആദരവും ലഭിക്കും. വിദ്യാർത്ഥികൾക്ക് വിദ്യാലാഭവും. റിയൽ എസ്റ്റേറ്റ് രംഗത്തും



കലാരംഗത്തും പ്രവർത്തിക്കുന്നവർക്കും ധനലാഭവും പ്രതീക്ഷിക്കാം. ദാമ്പത്യ ജീവിതത്തിൽ ചില പ്രശ്നങ്ങൾ ഉണ്ടാകാം. ജൂലൈ 23, 24 ദിവസങ്ങൾ ശുഭകരമായിരിക്കില്ല.ഭദ്രകാളി ദുർഗ്ഗാ ക്ഷേത്ര ദർശ്ശനം നടത്തുന്നതും യഥാശക്തി വഴിപാടുകൾ നടത്തുന്നതും നല്ലതാണ്.

(ചിങ്ങക്കൂർ മകം, പൂരം, ഉത്രം ആദ്യ കാൽ ഭാഗം ) സാഹിത്യ കലാരംഗത്തും, ചിത്രകലാരംഗത്തും പ്രവർത്തിക്കുന്നവർക്ക് അംഗീകാരവും, ആദരവും, ലഭിക്കും. മറ്റുള്ളവരുടെ



സഹകരണത്തോടെ നേട്ടങ്ങൾ കൈവരിക്കുവാൻ കഴിയും. ഊർജസ്വലതയും ധൈര്യവും ആത്മ വിശാസവും പ്രകടിപ്പിക്കും. ജൂലൈ 26, 27. തിയതികൾ അഷ്ടമിരാശിക്കൂറിലെ നക്ഷത്രങ്ങളായതിനാൽ നല്ല സംരംഭങ്ങൾക്ക് സ്വീകരിക്കാതിരിക്കുക. ഭദ്രകാളി, ദുർഗ്ഗാ ദേവി ക്ഷേത്ര ദർശ്ശനം നടത്തുകയും യഥാശക്തി വഴിപാടുകൾ നടത്തുകയും ചെയ്യുക.

(കന്നിക്കൂർ ഉത്രം അവസാന മൂന്നാം പാദം അത്തം ചിത്തിര ആദ്യ പകുതി) വിദേശത്ത് പ്രവർത്തിക്കുന്നവർക്കും, വിദേശ



വും മായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്കും മെച്ച്പ്പെട്ട അനുഭവങ്ങളും, ധനലാഭവും പ്രതീക്ഷിക്കാം. സ്ഥാനലബ്ധി, കച്ചവടത്തിൽ വിജയം. തൃപ്തികരമായ ആരോഗ്യം എന്നീ ഗുണങ്ങളും . അശ്രദ്ധമായ വാക്കുകൾ മൂലം മനപ്രയാസത്തിന് ഇടവരാനുള്ള സാധ്യതയും ഉണ്ട്. ജുലൈ 28, 29, ദിവസങ്ങൾ അനുകൂലമല്ല. ഗണപതി ഹോമം, ഭഗവതി സേവ എന്നിവ ക്ഷേത്രത്തിൽ നടത്തുക.

തുലാക്കൂർ ചിത്തിര അവസാന പകുതി, ചോതി, വിശാഖം



ആദ്യ മൂന്ന് പാദം.) സൗഹൃദങ്ങളിലൂടെ വിജയം നേടും. സാമ്പത്തിക സാമൂഹിക രംഗങ്ങളിൽ കഴിവ് തെളിയിക്കാർ കഴിയും സാഹിത്യ കലാരംഗത്തും ഏതെങ്കിലും നിലയിൽ സെക്രട്ടറിയൽ ജോലി കൈകാര്യം ചെയ്യുന്നവർക്കും മികവ് പുലർത്താനും അഭിനന്ദനങ്ങൾ ലഭിക്കാനും സാധ്യത ഉണ്ട്. ജൂലൈ 30, 31 ദിവസങ്ങൾ പ്രായേണ ഗുണം കുറഞ്ഞതായിരിക്കും. ദേവീ പ്രീതി വരുത്തുക.

(വൃശ്ചികക്കൂർ വിശാഖം അവസാനന പാദം. അനിഴം തൃക്കേട്ട)



ധനാഗമനം ഉണ്ടാകുമെങ്കിലും ഗൃഹനിർമ്മാണം വാഹനങ്ങളുടെ കേടുപാടുകൾ തീർക്കൽ ഭൂമി വാങ്ങുക തുടങ്ങിയ കാര്യങ്ങളിലൂടെ ധനം വ്യയവും ഉണ്ടാകും . അതുമൂലം സാമ്പത്തിക ഞെരുക്കം അനുഭവിക്കുകയും ചെയ്യും. പല കാര്യങ്ങളിലും വിശാലമനസ്കത പ്രകടിപ്പിക്കും. ആഗസ്റ്റ് 1, 2 തിയതികൾ ശുഭകരമല്ല ശ്രീകൃഷ്ണ ക്ഷേത്ര ദർശ്ശനവും ഭഗവാന് പ്രതികരമായ വഴിപാടുകൾ നടത്തുകയും ചെയ്യുക.

(ധനു മൂലം പൂരാടം ഉത്രാടം ആദ്യ പാദം. ) സഹായികളിൽ നി




ന്നും സഹോദര സ്ഥാനിയരിൽ നിന്നും പ്രതീക്ഷിച്ച രീതിയിൽ സഹായങ്ങൾ ലഭിച്ചില്ലെങ്കിലും സഹാനുഭൂതിയും ചെറിയ തോതിലുള്ള സഹായങ്ങളും പ്രതീക്ഷിക്കാം. ബിസിനസ്സ് പാർട്ടണർമാർ വിട്ടു നിൽക്കാനും ചില നിർഭാഗ്യങ്ങൾ കർമ്മവുമായി ബന്ധപ്പെട്ടും ഉണ്ടാകാം. കമിതാക്കൾ തമ്മിൽ അഭിപ്രായ വ്യത്യാസം ഉണ്ടാകും. ആഗസ്റ്റ് 4, 5, തിയതികൾ ശുഭകാര്യാരംഭത്തിന് സീകരിക്കരുത്. ശങ്കരനാരായണ ക്ഷേത്ര ദർശ്ശനവും യഥാശക്തി വഴിപാടുകൾ നടത്തുന്നതും നല്ലതാണ്.

(മകരം ഉത്രാടം അവസാന മൂന്ന് പാദം തിരുവോണം, അവിട്ടം




ആദ്യ. പകുതി) സ്ത്രികൾ നിമിത്തം ചില ഭാഗ്യങ്ങൾ ലഭിക്കുമെങ്കിലും സ്ത്രികൾ തന്നെ ശത്രുക്കളായും ഭവിക്കും. വാഹനത്തിനോ വീടിനോ വേണ്ടി പണം ചിലവഴിക്കേണ്ടിവരും. ചെറിയ തോതിലാണെങ്കിലും വാഹന അപകടങ്ങൾക്ക് സാധ്യത ഉള്ളതിനാൽ ശ്രദ്ധയോടെ വാഹനങ്ങൾ കൈകാര്യം ചെയ്യണം.ആഗസ്റ്റ് 6, 7 ദിവസങ്ങൾ അനുകൂലമായിരിക്കില്ല. ദേവീ പ്രീതികരങ്ങളായ വഴിപാടുകളും മന്ത്രജപവും നടത്തുന്നത് നല്ലതാണ്.

(കുംഭം അവിട്ടം അവസാന പകുതി ചതയം പൂരുരുരുട്ടാതി



ആദ്യ മൂന്ന് പാദം) എല്ലാകാര്യങ്ങളിലും ഊർജസ്വലത പ്രകടിപ്പിക്കും നഷ്ടപ്പെട്ട പലതും കഠിനപ്രയത്നത്തിലൂടെ നേടിയെടുക്കാൻ കഴിയും രോഗപ്രതിരോധശേഷി വർദ്ധിക്കുന്നതിനാൽ രോഗങ്ങളിൽ ആശ്വാസം ലഭിക്കും' ഇൻഷ്വറൻസിൽ നിന്നും ധനം ലഭിക്കാം.. ആഗസ്റ്റ് 9, 10തിയതികൾ പ്രായേണ ഗുണം കുറയും. ദേവീ ക്ഷേത്ര ദർശ്ശനവും ദേവീപ്രീതികരങ്ങളായ വഴിപാടുകളും നടത്തുക.

(മീനം പൂരുരുട്ടാതി അവസാന പാദം ഉത്രട്ടാതി രേവതി )



പൊതു കാര്യങ്ങളിൽ താൽപര്യം വർദ്ധിക്കുന്നത് മൂലം ജനശ്രദ്ധ നേടും. മാതൃപിതൃ ഗുരു ജനങ്ങളുടെ അനുഗ്രഹം ലഭിക്കും. സ്ഥിരോൽസാഹം കൊണ്ട് പല കാര്യങ്ങളും അനുകൂലമാക്കി മാറ്റാൻ കഴിയും ആഗസ്റ്റ് 12, 13 തിയതികൾ പൊതുവേ അനുകൂലമായിരിക്കില്ല. ഗണപതി ക്ഷേത്ര ദർശ്ശനം നടത്തുന്നതും കറുകമാല സമർപ്പിക്കുന്നതും ഗണപതി ഹോമം നടത്തുന്നതും തടസ്സങ്ങൾ മാറി കിട്ടാൻ നല്ലതാണ്.

*ശുഭമസ്തു ശംഭോമഹാദേവ!*
*എറണാകുളത്തപ്പൻ തുണ!*


# MANGALYAM MATRIMONIAL



# വധുവിനെ ആവശ്യമുണ്ട്

Nair Boy, 27/175cm, Anizham, Fair,MBA Marketing operations, Business, Pref: Degree,Mob: 9495010656, 9447097206


Email:ananthavishnus96@gmail.com
Date of Birth:22/8/1996
Sishta Dasa:




Contact Address:
SALIMKUMAR T N
THURUTHIKKATTU (H)
EDANAD P O
PALA
KOTTAYAM-686574

Nair Boy, 30yrs/162cm, Thiruvathira, B.Tech in Mechanical,MS in Aircraft Manufacturing and Design, Consultant, Deloitte,Working in UK,Pref: B.Tech, MBBS and other Post Graduates, Mob:8590573845

Email:pillai33@hotmail.com
Date of Birth:22-02-1994(12am)
Sishta Dasa:




Contact Address:
MR.RAJEEV S PILLAI
9/273A,SOORYENDU,
SMP COLONY ROAD
EROOR SOUTH
TRIPPUNITHURA


## THOTTEKKATT DIWAN'S MEMORIAL a/c HALLS

1. TDM HALL GANGA
2. TDM HALL PERIYAR (DINING HALL)
3. TDM HALL KAVERY
4. TDM HALL SOORYA (DINING HALL)
5. TDM HALL YAMUNA
6. TDM HALL NILA (DINING HALL)
7. TDM HALL PAMBA
8. TDM HALL NARMADA
9. TDM HALL SARASWATHY (DINING HALL)
10. TDM HALL GODAVARY (CONFERENCE HALL)
11. TDM HALL KRISHNA (EXHIBITION HALL)
12. TDM HALL SARAYU

For Details Contact: 0484 2361160, 9447171160

Email: ekmkgm@gmail.com,
Web: www.ernakulamkarayogam.com

www.karayogammangalyam.com

എന്ന വെബ്സൈറ്റ് വഴി
എറണാകുളം കരയോഗം മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യൂ,
ഉത്തമ പങ്കാളിയെ കണ്ടെത്തൂ.



www.karayogammangalyam.com

എന്ന വെബ്സൈറ്റ് വഴി എറണാകുളം കരയോഗം
മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യൂ, ഉത്തമ പങ്കാളിയെ കണ്ടെത്തൂ.



കൂടുതൽ വിവരങ്ങൾക്ക്:- Ph: 0484 2361160 (Extn.115),



ഗുരുവായൂർ

# Radheyam®

GUEST HOUSE

**Thekke Nada, Karakkat Road, Guruvayur - 680 101**


**E-mail: radheyamguesthouse@gmail.com**

**Tel: +91 487 2504700, +91 85478 71161**



**Fully Air Conditioned**







**സൗകര്യപ്രദമായ 36 മുറികൾ**

**വിശാലമായ പാർക്കിംഗ്**


**വിവാഹാവശ്യങ്ങൾക്കും മറ്റുമായി വിശാലമായ രണ്ടു ഹാളുകൾ**

*Administrative Office:* **ERNAKULAM KARAYOGAM**


**T.D.M Hall Complex, D.H. Road, Kochi 682016, Kerala**

**Tel: 0484 2361160**

# 2024-2026 ലെ എറണാകുളം കരയോഗം ഭരണസമിതി അംഗങ്ങൾ



**President**
A. Muraleedharan
Ph: 9447060693



**Gen. Secretary**
P. Ramachandran (Venu)
Ph: 9447053940



**Treasurer**
CA. K.T. Mohanan
Ph: 9947134381



**Vice President**
Adv. A. Balagopalan
Ph: 9847039205



**Vice President**
CA. Anil K Nayar
Ph: 9447080703



**Asst. Secretary**
K. Janardhanan
Ph: 9745007187



**Asst. Secretary**
P. Girijavallabhan
Ph: 9447818431



**M. Sreevallabhan Nair**
Ph: 9947736071



**Sajeevkumar Palazhi**
Ph: 9447170198



**Manoj B Nair**
Ph: 9847273927



**Rajagopal. K**
Ph: 9447665607



**Balachandran. M**
Ph: 9349843097



**Sarathkumar. S**
Ph: 9847049542



**Sreekumar. K**
Ph: 9495716366



**Sunil Kumar Menon**
Ph: 9447106840



**Prof. C. Sumangaladevi**
Ph: 9447785214



**Sudha Krishnakumar**
Ph: 9544629588



**N.T. Saralakumari**
Ph: 9446207177



**Subha Vijayakumar**
Ph: 9446357315



**T.P. Sreekumar**
Ph: 9847911377



**Mukundan Mullooth**
Ph: 9446095026

DATE OF PUBLICATION: 10-07-2024

RNI NO. KERMAL/2008/23515
REGISTERED NEWSPAPER

REGISTERED NO. KL/EKM/761/2022-24
LICENSE NO. KL/CR/EKM/WPP-7/2022-24
LICENSED TO POST WITHOUT PREPAYMENT

Volume No. 16 | JULY 2024 | Issue No.7

## എറണാകുളം കരയോഗം ഹെറിറ്റേജ് ഗ്രൂപ്പ്

മുസീറിസ് പ്രൊജക്ട് ലിമിറ്റടിന്റെ മാനേജർ ഡോ. മിഥുൻ ശേഖർ സംസാരിക്കുന്നു.

വിഷയം : **മുസീറിസ് പൈതൃകം.**

എറണാകുളം ടിഡിഎം ഹാളിൽ 2024 ജൂലൈ 20-ാം തീയതി ശനിയാഴ്ച വൈകീട്ട് 5 മണിക്ക്.

**ഏവർക്കും സ്വാഗതം.**

## ബീം ജൂലൈ മാസ പരിപാടി

**‘അവാർഡ്’**

എന്ന മലയാളനാടകം

അവതരണം

ലിറ്റിൽ എർത്ത് സ്ക്കൂൾ ഓഫ് തീയേറ്റർ മലപ്പുറം

23-07-2024 ചൊവ്വാഴ്ച വൈകുന്നേരം 6.30ന്
ടി.ഡി.എം. ഹാളിൽ

**ഏവർക്കും സ്വാഗതം.**

## എറണാകുളം കരയോഗം സാംസ്ക്കാരിക വിഭാഗം

**അകായിലെ സംഗീതം**

2024 ജൂലൈ 21-ാം തീയതി ഞായറാഴ്ച വൈകിട്ട് 4 മണിക്ക് ടി.ഡി.എം. ഹാളിൽ

ഡോ. ജയശങ്കർ പള്ളിപ്പുറത്തിന്റെ രാഗ, താള, ശ്രുതി, ലയ വൈഭവാവിഷ്ക്കാരം- ഒരു സംഗീതഭാവസമന്വയാവതരണം.

ഏവർക്കും സ്വാഗതം.

## എറണാകുളം കരയോഗം സാഹിതിയോഗം

ജൂലൈ 28 ഞായറാഴ്ച വൈകിട്ട് 3.30ന്
ടിഡിഎം ഹാളിൽ



**മലയാറ്റൂരിന്റെ വേരുകൾ**

അവതരിപ്പിക്കുന്നത്
ശ്രീമതി വിദ്വൽ പ്രഭ

**ഏവർക്കും സ്വാഗതം.**

*If undelivered please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.

സേവനം ജീവിതസാഫല്യം